# മാനന്തവാടി രൂപത ബുള്ളറ്റിൻ



Vol. 13 / Issue 01
January 2022

RNI Reg. No. KERMAL/2010/32288
Registered KL/TLY/01/19-21
Ann. sub. Rs. 120


ജൂബിലി ആശംസകൾ
celebrating
50
YEARS
Fr Joseph Valloppilly
Ordination Date: 06-01-1973
Fr Thomas Thykunnumpuram
Ordination Date: 21-12-1972
25
YEARS
Fr. Thomas Perumattikunnel
Ordination Date: 23-12-1997
Fr. Mathew Periappuram
Fr. Kurian Kochuparackal
Ordination Date: 27-12-1997
Fr. Thomas Mangalathil
Fr. Jose Kappiarumalayil
Ordination Date: 29-12-1997


ജൂബിലി
ആശംസകൾ
25
YEARS
Fr. Thomas Moolhedath
Ordination Date: 29-12-1997
Fr. Lucka Punchayil
Ordination Date: 29-12-1997
Fr. Thomas Pariyappanal
Ordination Date: 30-12-1997
Fr. Paul Edayakondattu
Ordination Date: 31-12-1997
Fr. Joseph Nedumkallel
Ordination Date:
Fr. Mathew Kozhuthady
Ordination Date:
Fr. Mathew Puthenpurackal
Ordination Date: 01-01-1998
Fr. Thomas Kochirayil
Ordination Date: 02-01-1998
Fr. Alexander Kalappura
Ordination Date: 03-01-1998
മാനന്തവാടി രൂപതാ കുടുംബം

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 13** **ജനുവരി - 2022** **ലക്കം 1**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# സുവർണ്ണ ജൂബിലി നിറവിൽ
# തൈക്കുന്നുംപുറം തോമസച്ചൻ

തൈക്കുന്നുംപുറം തോമസച്ചൻ പാലാ രൂപതയിലെ കൊഴുവനാൽ ഇടവകയിൽ തൈക്കുന്നുംപുറം തോമസ് റോസ ദമ്പതികളുടെ മകനായി 1947 ഡിസംബർ മാസം 12-ാം തിയ്യതി ജനിച്ചു. കുന്നോത്ത് പ്രൈമറിസ്കൂൾ, കിളിയന്തറ സ്കൂൾ, എടൂർ സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം വൈദിക പരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. പിന്നീട് കാർമ്മൽഗിരി പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തിയോളജി പഠനവും പൂർത്തിയാക്കി 1972 ഡിസംബർ 21 ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം എടൂർ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, പിന്നീട് കെല്ലൂർ, മംഗളം, പാറത്തോട്ടം, ചെന്നലോട്, വാഴവറ്റ, ആടിക്കൊല്ലി, പുതുശ്ശേരിക്കടവ്, തെനേരി, ആറാട്ടുതറ, ബത്തേരി, പടമല, കേണിച്ചിറ, മരക്കടവ്, ഒണ്ടയങ്ങാടി, എന്നീ ഇടവകകളുടെ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. രൂപതയുടെ സിഞ്ചെല്ലൂസ് ആയും, രൂപതാ ആലോചനാസമിതി അംഗമായും, ബോയ്സ് ടൗൺ, തരിയോട് റീജിയൺ പ്രോജക്റ്റ് , സെന്റ് ജോസഫ് ഹോസ്പിറ്റൽ, വിയാനി ഭവൻ എന്നിവിടങ്ങളിൽ ഡയറക്ടറായും, തോമസച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ചുള്ളിയോട് ഇടവകയിൽ വികാരിയായി സേവനമനുഷ്ഠിച്ചു വരുന്നു.

അജഗണങ്ങളോട് ഒപ്പം സഞ്ചരിച്ച് അവർക്ക് ശരിയായ ദിശാബോധം നൽകുന്ന ഇടയൻ എന്ന് എല്ലാവരും ഒരേ സ്വരത്തിൽ പറയുന്ന വ്യക്തിത്വമാണ് അച്ചന്റേത്. ആത്മീയ കാര്യങ്ങളിൽ എന്നതുപോലെ സമൂഹത്തിന്റെ ഭൗതിക ഉന്നമനത്തിനുവേണ്ടി നിരവധി സേവനമേഖലകളിൽ അച്ചൻ നിറസാന്നിധ്യമാണ്. Andheri Hilfe Sisuskhema- ലൂടെ അച്ചൻ ചെയ്ത കാര്യങ്ങൾ സാമൂഹിക ഉന്നമനത്തിന് ഏറെ സഹായിച്ചിട്ടുണ്ട്. ഇടവകയിലെ കുടുംബങ്ങളെ സാമൂഹിക പ്രതിബദ്ധത ഉള്ളവരാക്കിത്തീർക്കാൻ

അച്ചൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്.

അച്ചൻ ആയിരുന്ന ഇടവകകളിലെല്ലാം സ്നേഹത്തിന്റെ പരിഗണനയുടെ സുവിശേഷം പകർന്ന് നൽകിയ അനുഭവമായിരുന്നു എല്ലാവർക്കും പറയാനുള്ളത് ''നന്മ ചെയ്യുന്നതിൽ നിങ്ങൾക്ക് മടുപ്പുതോന്നാതിരിക്കട്ടെ'' (ഗലാ:6:9) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ അച്ചന്റെ ജീവിതത്തിൽ സാക്ഷാത്കരിക്കുകയായിരുന്നു എന്നുവേണം പറയാൻ. ഒരു പിതാവിന്റെ കരുതലോടെ അടുത്തെത്തുന്നവരെ കേൾക്കാനും നിർദ്ദേശങ്ങൾ നൽകാനും അച്ചൻ കാണിക്കുന്ന വലിയ മനസ്സിന് എത്ര നന്ദിപറഞ്ഞാലും മതി വരില്ല. യേശുവെന്ന നല്ലിടയനോടൊപ്പം യാത്ര തുടങ്ങി പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന, അജഗണത്തിന്റെ ഹൃദയം ജീവിതത്തോട് ചേർത്തുവെക്കുന്ന പ്രിയ തോമസച്ചന് പൗരോഹിത്യസുവർണ്ണ ജൂബിലിയുടെ ആശംസകൾ രൂപതാ കുടുംബത്തിന്റെ പേരിൽ സ്നേഹത്തോടെ നേരുന്നു.

# സുവർണ്ണ ജൂബിലി നിറവിൽ
# വള്ളോപ്പിള്ളിൽ ജോസഫച്ചൻ

വള്ളോപ്പിള്ളിൽ ജോസഫച്ചൻ പാലാ രൂപതയിലെ കുടുക്കച്ചിറ ഇടവകയിൽ വള്ളോപ്പിള്ളിൽ വർക്കി റോസ ദമ്പതികളുടെ മകനായി 1945 ജനുവരി മാസം 19-ാം തിയ്യതി ജനിച്ചു. പാലക്കാട്ടുമല പ്രൈമറിസ്കൂൾ, കുടക്കച്ചിറ സ്കൂൾ, മരങ്ങാട്ടുപ്പള്ളി സെന്റ് തോമസ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം പാലാ സെന്റ് തോമസ് കോളേജിൽ നിന്ന് ഡിഗ്രി ബിരുദവും പൂർത്തിയാക്കി വൈദിക പരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. ബാംഗ്ളൂർ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും റോമിലെ ഉർബാനിയാന പൊന്തിഫിക്കൽ യൂണിവേഴ്സ്റ്റിയിൽ നിന്ന് തിയോളജിയും, ധാർമിക ദൈവശാസ്ത്രത്തിൽ ഉന്നത ബിരുദവും നേടിയിട്ടുണ്ട്. 1973 ജനുവരി 6 ന് റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വച്ച് വിശുദ്ധ പോൾ ആറാമൻ മാർപാപ്പായിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. അതിനുശേഷം ബത്തേരി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, മൈനർ സെമിനാരിയുടെ ആത്മീയ പിതാവ് ആയും കൊമ്മയാട്, പയ്യംമ്പള്ളി, ശിശുമല, കോട്ടത്തറ, തലഞ്ഞി, പുത്തൂർ വയൽ, തൃശ്ശിലേരി, കമ്മന, കൊളവയൽ, നെല്ലിയോടി, എന്നി ഇടവകകളുടെ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ വിയാനിഭവനിൽ വിശ്രമജീവിതം നയിക്കുന്നു.

പുസ്തകങ്ങളുടെ കൂട്ടുകാരനായ അച്ചൻ, ആഴമായ വായനയുള്ള, കാര്യങ്ങളെ സൂക്ഷ്മം വിലയിരുത്തുന്ന അജപാലകനാണ്. ആർക്കും സമീപസ്ഥനായ അച്ചൻ നല്ല വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നു. തന്റെ സ്വതസിദ്ധമായ ശൈലിയിൽ നർമ്മത്തിൽ ചാലിച്ച് കാര്യങ്ങൾ അവതരിപ്പിക്കുവാൻ അച്ചനുള്ള കഴിവ് പ്രത്യേകമായി എടുത്തു പറയേണ്ടതാണ്. ലാളിത്യത്തിന്റെ സൗന്ദര്യം അച്ചന്റെ വാക്കുകളിലെന്നപോലെ ജീവിതത്തിലുമുണ്ട്. ആർക്കും ആശ്രയിക്കാവുന്ന കുമ്പസാരക്കാരനായ അച്ചൻ വിശ്രമജീവിതത്തിലും എപ്പോഴും അനേകർക്ക് സഹായമാണ്.

അനുഗ്രഹത്തിന്റെ 50 വർഷങ്ങൾ തമ്പുരാന്റെ വലിയ ദാന മാണെന്ന ബോധ്യത്തോടെയാണ് ഈ ജൂബിലി വർഷത്തിലേ യ്ക്കു അച്ചൻ പ്രവേശിക്കുന്നത്. പേരും പെരുമയും ഇല്ലാതെ എളിമ യോടെ ജീവിതം ക്രമപ്പെടുത്തുന്ന ക്രാന്തദർശിയായ പ്രിയ പ്പെട്ട ജോസഫച്ചന് പൗരോഹിത്യസുവർണ്ണ ജൂബിലി വർഷത്തി ലേയ്ക്ക് പ്രവേശിക്കുന്ന ഈ അവസരത്തിൽ മാനന്തവാടി രൂപതാ കുട്ടായ്മയുടെ ഹൃദ്യമായ പ്രാർത്ഥനാശംസകൾ!.

# ഉള്ളടക്കം


| | |
|---|---|
| ഇടയലേഖനം........................................................................ | 11 |
| സീറോമലബാർ പ്രേഷിതവാരാചരണം 2022.................... | 30 |
| രൂപതാ കച്ചേരി വാർത്തകൾ................................................ | 34 |
| മതബോധനരംഗം .................................................................. | 40 |
| ചെറുപുഷ്പ മിഷൻലീഗ്........................................................ | 43 |
| Department of Youth Ministry ........................................ | 50 |
| കെ.സി.വൈ.എം.................................................................... | 55 |
| കുടുംബപ്രേഷിതത്വം............................................................ | 60 |
| സീയോൻ വാർത്തകൾ ........................................................ | 66 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി.................................. | 67 |
| സാമൂഹ്യ സേവനരംഗം (WSSS)......................................... | 69 |
| ബയോവിൻ അഗ്രോ റിസർച്ച്................................................ | 76 |
| റേഡിയോ മാറ്റൊലി ............................................................... | 80 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി............................. | 83 |
| Mary Matha Arts & Science College.............................. | 87 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................. | 90 |
| ബിഷപ്സ് പ്രോഗ്രാം ............................................................. | 95 |

## ഇടയലേഖനം
***No.1/2022***
***Prot. No. 25580/2022***

*മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ പൊരുന്നേടം മാർ ജോസ് മെത്രാൻ തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശ്ശന്മാർക്കും സമർപ്പിതർക്കും അത്മായ സഹോദരങ്ങൾക്കും കുട്ടികൾക്കും തനിക്ക് ഭരമേൽപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്*

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

മാനന്തവാടി രൂപതയിലെ അംഗങ്ങളായ നമ്മെ സംബന്ധിച്ച് 2023 വളരെ പ്രധാനപ്പെട്ട വർഷമാണ്. കാരണം നമ്മുടെ രൂപത സ്ഥാപിതമായിട്ട് 2023-ൽ 50 (അൻപത്) വർഷങ്ങൾ പൂർത്തിയാകുകയാണ്. അതായത് രൂപതാ സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലിയാണ്. 1973 മെയ് ഒന്നിനാണല്ലോ നമ്മുടെ രൂപതാ ഉദ്ഘാടനം ചെയ്യപ്പെട്ടത്.

2022 മെയ് ഒന്ന് മുതൽ 2023 മെയ് ഒന്ന് വരെ ജൂബിലി വർഷമായി ആചരിക്കപ്പെടുകയാണ്. പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാനിലൂടെ പിതാവ് നിർവഹിച്ച രക്ഷണീയ കർമ്മത്തിൽ നമ്മെയും പങ്കാളികളാക്കാൻ വിശുദ്ധ പോൾ ആറാമൻ പാപ്പായിലൂടെ നമ്മുടെ രൂപത സ്ഥാപിച്ച് നമുക്ക് തന്ന കാരുണ്യവാനായ ദൈവത്തിന്റെ തിരുമുമ്പിൽ ഈ അവസരത്തിൽ തലകുനിച്ച് അവിടുത്തെ മഹത്വപ്പെടുകയും അവിടുത്തേയ്ക്ക് നന്ദി പറയുകയും ചെയ്യാം. ഈ ദൗത്യ നിർവ്വഹണത്തിൽ നമുക്ക് നേതൃത്വം നല്കിയ എല്ലാവരെയും നന്ദിയോടെയും അഭിമാനത്തോടെയും അനുസ്മരിക്കാം. അവർക്ക് വേണ്ടി പ്രാർത്ഥിക്കാം. അവരിൽ ദൈവസന്നിധിയിലേയ്ക്ക് യാത്രയായവർക്ക് ദൈവം നിത്യസൗഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ.

വിശുദ്ധ ഗ്രന്ഥത്തിൽ ലേവ്യരുടെ പുസ്തകം ഇരുപത്തഞ്ചാം അദ്ധ്യായത്തിൽ കർത്താവായ ദൈവം ഇസ്രായേലിന് കൊടുത്ത കല്പനയാണ് കാനാൻ ദേശത്ത് പ്രവേശിച്ച് അവിടം സ്വന്തമാക്കിയ

വർഷം മുതൽ ഓരോ അൻപതാം വർഷവും ജൂബിലി ആചരിക്കണം എന്നത്. ഏഴാം ദിവസം സാബത്ത് അഥവാ വിശ്രമദിവസമായും ഏഴാം വർഷം സാബത്ത് വർഷമായും അവർ ആചരിച്ചിരുന്നു. ഏഴ് സാബത്തു വർഷങ്ങൾ കഴിഞ്ഞ് വരുന്ന അമ്പതാം വർഷം ഒരു സൂപ്പർ സാബത്ത് വർഷമായിരുന്നു. ആ വർഷമാണു ജൂബിലി ആയി ആചരിക്കണമെന്ന് ദൈവം അനുശാസിച്ചത്. ആ വർഷ ത്തിന്റെ വരവ് അറിയിച്ചുകൊണ്ട് മുഴക്കിയിരുന്ന വാദ്യോപകര ണത്തിന്റെ (കാഹളത്തിന്റെ- Yobel) പേരിൽ നിന്നാണ് ജൂബിലി എന്ന പദം ഉത്ഭവിച്ചത് എന്ന് കരുതപ്പെടുന്നു.

എന്തിനാണ് അമ്പതാം വർഷം ജൂബിലി ആചരിക്കണം എന്ന് ദൈവം കല്പിച്ചത് എന്നും അതിന്റെ അർത്ഥം എന്ത് എന്നും മന സ്സിലാകണമെങ്കിൽ സാബത്ത് ദിവസത്തിലും സാബത്ത് വർഷ ത്തിലും അതുപോലെ സൂപ്പർ സാബത്തായ അമ്പതാം വർഷവും ഇസ്രായേല്ക്കാർ ചെയ്യണമെന്നും ചെയ്യരുതെന്നും അവിടുന്ന് കല്പിച്ച കാര്യങ്ങൾ എന്തെല്ലാമെന്ന് നാം അറിഞ്ഞിരിക്കണം.

## ഭാഗം ഒന്ന്
## രൂപതയുടെ സുവർണ്ണജൂബിലി

### ജൂബിലിയുടെ അർത്ഥവും സാംഗത്യവും

ആറ് ദിവസം സൃഷ്ടികർമ്മം നടത്തി ഏഴാം ദിവസം ദൈവം വിശ്രമിച്ചതുപോലെ ഇസ്രായേലും ആഴ്ചയിലെ ഓരോ ഏഴാം ദിവസവും വിശ്രമിക്കണം എന്ന് ദൈവം കല്പിച്ചു. ആ ദിവസത്തിന് സാബത്ത് എന്ന് പേര് കൊടുത്തു. സാബത്ത് എന്ന വാക്കിനർത്ഥം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ജോലി അഥവാ ഒരു കാര്യം ചെയ്യു ന്നത് നിർത്തുക, വിശ്രമിക്കുക എന്നൊക്കെയാണ്. മനുഷ്യനും മൃഗങ്ങൾക്കും ഭൂമിക്കും എല്ലാം ഈ വിശ്രമം ആവശ്യമാണ്. സാബ ത്തിനെപ്പറ്റി തിരുവചനത്തിൽ നാം വായിക്കുന്നു: ഇസ്രായേൽ ജന ത്തോട് പറയുക; *നിങ്ങൾ എന്റെ സാബത്ത് സൂക്ഷ്മമായി ആച രിക്കണം. എന്തെന്നാൽ കർത്താവായ ഞാനാണ് നിങ്ങളെ വിശു ദ്ധീകരിക്കുന്നത് എന്ന് നിങ്ങൾ അറിയാൻ വേണ്ടി ഇത് എനിക്കും നിങ്ങൾക്കും മദ്ധ്യേ തലമുറ തോറും അടയാളമായിരിക്കും* (പുറപ്പാട് 31:13; എസക്കി. 20:12). ദൈവം മോശയോട് അരുളിച്ചെയ്തു; *ഇസ്രാ യേൽ ജനത്തോട് പറയുക: ഞാൻ നിങ്ങൾക്ക് തരാൻ പോകുന്ന ദേശത്ത് നിങ്ങൾ പ്രവേശിക്കുമ്പോൾ ആ ദേശം കർത്താവിന്*

*സാബത്ത് ആചരിക്കണം. ആറു വർഷം നീ നിന്റെ നിലം വിതക്കുകയും മുന്തിരിവള്ളി വെട്ടിയൊരുക്കി ഫലമെടുക്കുകയും ചെയ്യുക. എന്നാൽ ഏഴാം വർഷം ദേശത്തിന് വിശ്രമത്തിനുള്ള കർത്താവിന്റെ സാബത്ത് നിങ്ങൾക്ക് ഭക്ഷണം പ്രദാനം ചെയ്യും.* (ലേവ്യർ. 25:2-6). അതായത് ദൈവത്തിന്റെ സംരക്ഷണത്തിൽ വിശ്വാസമർപ്പിക്കാൻ കൂടിയുള്ള ഒരു ക്ഷണമായിരുന്നു സാബത്ത്.

**ജൂബിലി വർഷത്തിൽ ചെയ്യേണ്ടത്**

***വിശുദ്ധീകരിക്കുക:*** ഒന്നാമതായി ചെയ്യേണ്ടത് നമ്മെ വിശുദ്ധീകരിക്കുക എന്നതാണ്. വിശുദ്ധീകരിക്കുക എന്ന വാക്കിന്റെ അർത്ഥം ദൈവീകമായ ഏതെങ്കിലും ഒരു പ്രത്യേക കാര്യത്തിന് വേണ്ടി മാത്രമായി മാറ്റി വയ്ക്കുക എന്നാണ്. പഴയ നിയമത്തിലെ സാബത്തിന് പകരം ക്രൈസ്തവർ ഞായറാഴ്ചയാണ് കർത്താവിന്റെ ദിവസമായി ആചരിക്കുന്നത്. രണ്ടിടത്തും ലക്ഷ്യത്തിൽ കാര്യമായ വ്യത്യാസം ഇല്ല.

നിർഭാഗ്യവശാൽ, ജൂബിലി ആഘോഷിക്കുന്നത് ഒരു വ്യക്തിക്ക് അല്ലെങ്കിൽ സ്ഥാപനത്തിനോ സംഘടനക്കോ ദൈവത്തിൽ നിന്ന് ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിപറയാനും സന്തോഷിക്കാനും മാത്രമുള്ള അവസരമായി മാത്രം കണ്ടുകൊണ്ട് ജൂബിലിയുടെ യഥാർത്ഥ അർത്ഥത്തെ നമ്മൾ നിസാരവത്ക്കരിച്ചു എന്നതൊരു യാഥാർത്ഥ്യമാണ്. *നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനല്ല, പ്രത്യുത പൂർത്തിയാക്കാൻ വന്ന* (മത്തായി 5:17) കർത്താവിന്റെ അതേ മനോഭാവത്തോടെ നമ്മളും ജൂബിലിയുടെ ശരിയായ അർത്ഥത്തിലേക്ക് മടങ്ങി പോകേണ്ടതുണ്ട്. സ്വന്തം ഗ്രാമമായ എമ്മാവൂസിലേക്ക് നിരാശരായി മടങ്ങുന്ന ശിഷ്യന്മാർക്ക് ലിഖിതങ്ങൾ വ്യാഖ്യാനിച്ച് കൊടുത്ത ഉത്ഥിതനായ ഈശോ നമ്മുടെ ഹൃദയങ്ങളെയും അതിനായി തുറന്ന് തരട്ടെ.

***ഓരോരുത്തർക്കും തങ്ങളുടെ സ്വത്ത് തിരികെ ലഭിക്കണം***:

ഈ ഭൂമിയിലെ സ്വത്തിനെ സംബന്ധിച്ച് ദൈവം പുതിയൊരു കാഴ്ച്ചപ്പാട് ഇസ്രായേലിന് കൊടുക്കുന്നുണ്ട് ജൂബിലി വർഷാചരണത്തിലൂടെ. ഈ ഭൂമിയും ഇതിലെ സ്വത്തുക്കളും ദൈവത്തിന്റേതാകയാൽ അവ സ്ഥിരമായി ആരുടെയും സ്വന്തമാക്കരുത്. എല്ലാം സ്വന്തമായി കയ്യടക്കി വച്ച് മറ്റുള്ളവർക്ക് അർഹതപ്പെട്ടത് കിട്ടാനില്ലാത്ത അവസ്ഥ സൃഷ്ടിക്കരുത്.

ചുരുക്കത്തിൽ, ഈ ഭൂമിയിലെ സ്വത്തുക്കൾ എല്ലാമനുഷ്യർക്കും അവകാശപ്പെട്ടതാണ്. അത് എല്ലാവർക്കും ലഭ്യമാകുന്നുണ്ടെന്ന് ഓരോ വിശ്വാസിയും ഉറപ്പ് വരുത്തണം. ജൂബിലി വർഷത്തിലെ എല്ലാ ജീവകാരുണ്യ പ്രവൃത്തികളുടെയും ലക്ഷ്യം ഇതാണ്. കുടുംബങ്ങൾക്കും, വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ആവശ്യത്തിൽ കൂടുതലുള്ള സ്വത്ത് ഇല്ലാത്തവരുമായി പങ്ക് വയ്ക്കണം.

***ഓരോരുത്തരും തങ്ങളുടെ കുടുംബങ്ങളിലേയ്ക്ക് മടങ്ങിപ്പോകട്ടെ:***

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ ഛായയും സാദൃശ്യവുകുന്ന ഭവനത്തിലേക്കാണ് നമ്മൾ ജൂബിലി വർഷത്തിൽ തിരിച്ച് പോകേണ്ടത്. *പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ച ദൈവം* (ഉൽപ:1:27) അവർക്ക് തുല്യ മഹത്വം നൽകി. ഈ തുല്യത അംഗീകരിക്കുന്ന അവസ്ഥയിലേക്കാണ് നമ്മൾ മടങ്ങേണ്ടത്.

***വാഗ്ദാന പൂർത്തീകരണത്തിന് ആവശ്യമായ അംഗങ്ങൾ ഉണ്ടാകണം:***

*അബ്രാഹത്തെ പ്രത്യേകം തിരഞ്ഞെടുത്തുകൊണ്ട്* (ഉൽപ : 12: 1–3) *രക്ഷകനെപ്പറ്റിയുള്ള വാഗ്ദാനം* (ഉൽപ്പ:3:15) *അദ്ദേഹത്തിന്റെ സന്തതി പരമ്പരയിലൂടെ ഈശോമിശിഹായിലെത്തി പൂർത്തീകരിക്കാനാണ് ദൈവം ആഗ്രഹിച്ചത്* (ഉൽപ്പ: 18:19).

ഈ വാഗ്ദാനം പൂർത്തീകരിക്കണമെങ്കിൽ അബ്രാഹത്തിന് പിൻതലമുറക്കാർ ഉണ്ടാകണം. അതുകൊണ്ടാണ് പ്രവാചകനിലൂടെ പ്രവാസികളായി ജീവിക്കുന്ന ഇസ്രായേൽ ജനതയോട് ദൈവം ഇപ്രകാരം കല്പിക്കുന്നത്: *വീട് പണിത് അതിൽ വസിക്കുവിൻ. തോട്ടങ്ങൾ നട്ടു പിടിപ്പിച്ച് ഫലങ്ങൾ അനുഭവിക്കുവിൻ. വിവാഹം കഴിച്ച് സന്താനങ്ങൾക്ക് ജന്മം നല്കുവിൻ. നിങ്ങളുടെ പുത്രീപുത്രന്മാരെയും വിവാഹം കഴിപ്പിക്കുവിൻ. അവർക്കും മക്കളുണ്ടാകട്ടെ. നിങ്ങൾ പെരുകണം. നിങ്ങളുടെ സംഖ്യ കുറഞ്ഞു പോകരുത്* (29:5–6). ഈശോമിശിഹായിലൂടെ പൂർത്തിയായ രക്ഷണീയ കർമ്മവും ലോകാവസാനം വരെ തുടരണമെങ്കിൽ അതിനായി അവിടുത്തെ മൗതികശരീരത്തിൽ അവയവങ്ങൾ ഉണ്ടാകണം.

***നമ്മുടെ ദൗത്യം:***

ദൈവഭവനത്തിലേയ്ക്ക് മടങ്ങണമെങ്കിൽ ദൈവകല്പ്പനകൾ പാലിക്കുന്നവരാണ് നമ്മളെന്ന് ഉറപ്പ് വരുത്തണം. *എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യും* (യോഹ:15:6) എന്ന് ഈശോ അരുളിചെയ്തിട്ടുണ്ട്. തായ്ത്തണ്ടിൽ നിന്നു വെള്ളവും വളവും ലഭിക്കാതെ ഉണങ്ങിപ്പോകുന്ന ശാഖകൾപോലെയാണു ദൈവത്തിൽ വസിക്കാത്തവർ. ഈജൂബിലി വർഷത്തിൽ നാം ഫലം പുറപ്പെടുവിക്കുന്ന ശാഖകളാണന്ന് ഉറപ്പുവരുത്തണം.

അന്യദൈവങ്ങളിൽ നിന്ന് (വിഗ്രഹങ്ങളിൽ) അകന്ന് നില്ക്കണം: അന്യദൈവങ്ങളെ ആരാധിക്കുന്നവരുടെ കൂടെ ചേർന്ന് യത്ഥാർത്ഥ ദൈവത്തെ മറക്കാനുള്ള സാദ്ധ്യത മനുഷ്യനുണ്ട്. പഴയ നിയമത്തിൽ അതിന് പറയുന്ന പേരാണ് വിഗ്രഹാരാധന. അത് കേവലം ഒരു വിഗ്രഹത്തെ ആരാധിക്കുന്നത് മാത്രമല്ല. വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: *അതുകൊണ്ട് നിങ്ങളിൽ ഭൗമികമായിട്ടുള്ളതെല്ലാം-അസാന്മാർഗ്ഗികത, അശുദ്ധി, മന:ക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തി- നശിപ്പിക്കുവിൻ* (കൊളോ. 3:5: ). വി. യോഹന്നാൻ ഇപ്രകാരം മുന്നറിയിപ്പ് നല്കുന്നു: *കുഞ്ഞുമക്കളെ വിഗ്രഹങ്ങളിൽ നിന്ന് അകന്നിരിക്കുവിൻ* (1യോഹ.5:21). *വിഗ്രഹനിർമ്മാണ ചിന്തയാണ് അവിശ്വസ്തതയുടെ ആരംഭം* എന്ന് ജ്ഞാനത്തിന്റെ പുസ്തകം അനുസ്മരിപ്പിക്കുന്നു (ജ്ഞാനം 14:12). *മർക്കടമുഷ്ടി അഥവാ പിടിവാശി പോലും വിഗ്രഹാരാധനയാണ്* (1 സാമുവൽ 15:23). ചുരുക്കത്തിൽ, വാക്കുകൊണ്ട് മാത്രമല്ല, പ്രകൃതികൊണ്ടും പ്രവൃത്തികൊണ്ടും നാം ഈശോയ്ക്ക് സദൃശ്യരാകണം. അതാണ് വിഗ്രഹങ്ങളിൽനിന്ന് അകന്നിരിക്കുക എന്നതിനർത്ഥം.

**അഭിവന്ദ്യ പിതാക്കന്മാരെയും സമർപ്പിതരെയും അത്മായ നേതാക്കളെയും ഓർക്കാം:**

വിശാലമായ അവിഭക്ത തലശ്ശേരി രൂപതയെ വിഭജിച്ച് മാനന്തവാടി രൂപത സ്ഥാപിക്കാൻ തലശ്ശേരിയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് അക്ഷീണം പരിശ്രമിച്ചതിന്റെ ലക്ഷ്യം വി. പത്രോസ് ആഹ്വാനം ചെയ്തതുപോലെ (2 പത്രോസ് 3:12) കർത്താവിന്റെ അഥവാ അവിടുത്തെ രാജ്യത്തിന്റെ

വരവ് ത്വരിതപ്പെടുത്തുക എന്നതായിരുന്നു. അതുകൊണ്ടാണ് *ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ* (ഗലാ. 4: 19) എന്ന വി. പൗലോസിന്റെ വാക്കുകൾ തന്റെ ആപ്തവാക്യമായി മാനന്ത വാടി രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് തൂങ്കുഴി പിതാവ് സ്വീകരിച്ചത്. ദ്വിതീയ മെത്രാനായിരുന്ന യശ്ശഃശരീരനായ അഭി വന്ദ്യ എമ്മാനുവേൽ പോത്തനാമുഴി പിതാവ് സ്വീകരിച്ചതാകട്ടെ *അങ്ങയുടെ ഇഷ്ടം നിറവേറട്ടെ* എന്ന കർത്തൃപ്രാർത്ഥനയുടെ ഭാഗവും. ഈ രൂപതയിലെ ഓരോ അംഗവും ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നവരാകണം എന്ന് അഭിലഷിച്ചുകൊണ്ട് അത്യദ്ധ്വാനം ചെയ്ത ആ അഭിവന്ദ്യ പിതാക്കന്മാരെ നമുക്ക് നന്ദി പൂർവ്വം ഓർക്കാം.

**അത്മായ നേതാക്കളുടെ ദൗത്യം**

നടപടി പുസ്തകം ആറാം അദ്ധ്യായത്തിൽ ശ്ലീഹന്മാർ പറഞ്ഞതും ചെയ്തതുമായ കാര്യം വളരെ പ്രസക്തമാണ്. ഭക്ഷണവിതരണത്തിൽ പരാതികളുണ്ടായപ്പോൾ അക്കാര്യം ശ്ലീഹ ന്മാർ സ്വയം ഏറ്റെടുക്കുന്നതിന് പകരം അക്കാര്യങ്ങൾ ചെയ്യാൻ അവർ ഏഴു പേരെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്. അവർ പറയുന്നത് ശ്രദ്ധിക്കുക. *ഞങ്ങൾ ദൈവവചനശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച് ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നത് ശരിയല്ല. അതിനാൽ സഹോദരരേ, സുസമ്മതരും ആത്മാവും ജ്ഞാനവും കൊണ്ട് നിറഞ്ഞവരുമായ ഏഴുപേരെ നിങ്ങളിൽ നിന്ന് കണ്ടു പിടിക്കുവിൻ. ഞങ്ങൾ അവരെ ഈ ചുമതല ഏല്പിക്കാം. ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപ രിച്ചുകൊള്ളാം* (നട: 6:2-4).

വി. പത്രോസ് നേതൃത്വം കൊടുത്ത ശ്ലീഹന്മാരുടെ സംഘം മേല്പറഞ്ഞ തീരുമാനം എടുത്തപ്പോൾ അവരുടെ മനസ്സിൽ വി. പത്രോസിന്റെ ഈ വാക്കുകൾ തീർച്ചയായും ഉണ്ടായിരുന്നിരി ക്കണം. *നിങ്ങൾ സജീവശിലകൾകൊണ്ടുള്ള ഒരു ആത്മീയഭവന മായിപടുത്തുയർത്തപ്പെടട്ടെ. യേശുക്രിസ്തു വഴി ദൈവത്തിന് സ്വീ കാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിത ജനമാകുകയും ചെയ്യട്ടെ.* (1 പത്രോ. 2:5). ദൈവം പ്രത്യേകം തെരഞ്ഞെടുത്ത ഇസ്രായേലിനോട് അവിടുന്ന് പറഞ്ഞ വാക്കുക ളുടെ അടിസ്ഥാനത്തിൽ തന്നെയാകണം അവർ ഇത് പറഞ്ഞത് (പുറ.19: 6; ഏശ. 61: 6). വെളിപാട് പുസ്തകത്തിൽ ഇത് വീണ്ടും

ആവർത്തിക്കപ്പെടുന്നുണ്ട് (വെളി. 1:6; 5:10; 20:6). ദൈവജനം പുരോഹിതജനമാണ്.

ഈ പുരോഹിതജനത്തിൽ മോശക്കും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും അഹറോനും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും വ്യത്യസ്തമായ ദൗത്യങ്ങളാണ് അവിടുന്ന് കൊടുത്തത്. മോശയ്ക്കും ജോഷ്വായ്ക്കും കാലെബിനും കിട്ടിയത് ഇസ്രായേല്യരല്ലാത്ത ജനതകളെ കീഴ്പ്പെടുത്തി ഇസ്രായേലിനെ കാനാൻ ദേശത്തേയ്ക്ക് നയിക്കാനുള്ള ദൗത്യമാണ്. എന്നാൽ പുരോഹിതന്മാരായി തെരഞ്ഞെടുക്കപ്പെട്ട അഹറോനും മക്കൾക്കും ലഭിച്ചത് ദൈവത്തിന്റെ നിയമങ്ങളും ചട്ടങ്ങളും വഴികളും അവരെ പഠിപ്പിക്കാനും അവരെ ദൈവനാമത്തിൽ ആശീർവ്വദിക്കാനും അവരുടെ പാപങ്ങൾക്ക് വേണ്ടി പരിഹാരബലി അർപ്പിക്കാനും മറ്റുള്ളവരേക്കാൾ കൂടുതലായി ദൈവത്തിന് സമർപ്പിതമായ ഒരു ജീവിതം നയിക്കാനുമുള്ള ദൗത്യമാണ് (പുറ. 28:12; 29–30; 36; 39:40; പ്രഭാ. 45:15–17). *അവരോടൊത്ത് മറ്റ് ദൈവശുശ്രൂഷകൾ ചെയ്യാനുള്ള ദൗത്യമായിരുന്നു മറ്റ് ലേവ്യ കുടുംബങ്ങളുടേത്* (സംഖ്യ. 8: 19). അതുകൊണ്ടാണ് ലേവ്യഗോത്രത്തിന് സ്ഥലം ഓഹരിയായി കൊടുക്കാതിരുന്നത്. കാരണം *കർത്താവിന്റെ പൗരോഹിത്യമായിരുന്നു അവരുടെ ഓഹരി* (ജോഷ്വ 18:7). *ഇസ്രായേൽ ജനത്തിന് ദൈവം കൊടുത്ത പൗരോഹിത്യത്തിന്റെ ഭാഗം തന്നെയായിരുന്നു അഹറോനും മക്കൾക്കും ലഭിച്ചതും* (പ്രഭാ. 45:7).

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ അത്മായരുടെ പ്രേഷിത ദൗത്യത്തെപ്പറ്റിയുള്ള ഡിക്രിയിൽ *(Apostolicam Actuositatem - AA)* പറയുന്നത് ശ്രദ്ധേയമാണ്. *മിശിഹായുടെ പുരോഹിത, പ്രവാചക, രാജത്വങ്ങളിൽ പങ്കാളികളെന്ന നിലയിൽ അല്മായർക്ക് സഭയുടെ ജീവിതത്തിലും പ്രവർത്തനത്തിലും സജീവമായ പങ്കുണ്ട്. സഭാസമൂഹങ്ങളിൽ അല്മായരുടെ പ്രവർത്തനം കൂടാതെ അജപാലകരുടെ പ്രേഷിതത്വം പോലും പൂർണ്ണഫലം പുറപ്പെടുവിക്കാൻ മിക്കവാറും അസാധ്യമാം വിധം അത്ര അവശ്യകാര്യമായി തീർന്നിട്ടുണ്ട്* (നമ്പർ.9). സൂനഹദോസ് ഇപ്രകാരം പ്രസ്താവിച്ചിട്ട് അര നൂറ്റാണ്ടിലേറെ ആയെങ്കിലും പ്രയോഗത്തിൽ വളരെ കുറച്ചേ അത് യാഥാർത്ഥ്യമായിട്ടുള്ളു എന്ന് പറയേണ്ടിയിരിക്കുന്നു. 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസ്

വരെ നമ്മുടെ സഭയിൽ അത്മായ നേതൃത്വം സുപ്രധാന പങ്കു വഹിച്ചിരുന്നു. നഷ്ടപ്പെട്ടുപോയ ആ പാരമ്പര്യം നമ്മൾ വീണ്ടെടുക്കണം. കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ പുരോഹിതന്മാരും സമർപ്പിതരും സമൂഹത്തിന്റെ പുരോഗതിയ്ക്ക് ത്യാഗപൂർവ്വം നേതൃത്വം നൽകി. ഇനിയും വിദ്യാസമ്പന്നരായ അത്മായരാണു സാമുദായിക കാര്യങ്ങളിൽ മുൻ നിരയിൽ പ്രവർത്തിക്കേണ്ടത്.

**മാനന്തവാടി രൂപതയുടെ പുരോഹിതദൗത്യം**

ദൈവം ഭരമേല്പിച്ച ഈ ദൗത്യനിർവ്വഹണത്തിൽ നമ്മൾ വളരെയേറെ വിജയിച്ചു എന്നതിൽ നമുക്ക് സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും അവിടുത്തേയ്ക്ക് നന്ദി പറയുകയും ചെയ്യാം. വയനാട്, കണ്ണൂർ, മലപ്പുറം, നീലഗിരി ജില്ലകളിൽ ഉണ്ടായിട്ടുള്ള വികസനത്തിൽ നമ്മൾ വളരെ വലിയ പങ്ക് വഹിച്ചിട്ടുണ്ട് എന്നതിൽ നമുക്ക് അഭിമാനിക്കാം. മുമ്പ് നമ്മുടെ രൂപതയുടെ ഭാഗമായിരുന്ന കർണ്ണാടക പ്രദേശങ്ങളിലും ഇതു തന്നെ സംഭവിച്ചിട്ടുണ്ട്.

ബാഹ്യമായി നാം ഒരുപാട് കാര്യങ്ങൾ ചെയ്തെങ്കിലും, *വചനം ഹൃദയത്തിലും മനസ്സിലും സൂക്ഷിക്കുവിൻ; അടയാളമായി നെറ്റിത്തടത്തിൽ ധരിക്കുകയും ചെയ്യുവിൻ* (നിയ. 11:1) എന്ന കല്പന, എത്രമാത്രം പ്രാവർത്തികമാക്കി, എന്ന കാര്യം ഒരു ആത്മശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. എല്ലാ ദിവസവും വിശുദ്ധഗ്രന്ഥം വായിക്കുന്നത് നമ്മുടെ ശീലമാകണം. അത് നമ്മുടെ ജീവിതത്തിന്റെ വഴി വിളക്കാകണം (സങ്കീ. 119:105).

**സഭയുടേയും സമുദായത്തിന്റെയും നിലനില്പ്**

മേല്പറഞ്ഞ കാര്യങ്ങൾ നമ്മെ ഈ ജൂബിലിവേളയിൽ ഓർമ്മപ്പെടുത്തുന്ന ചില സത്യങ്ങളുണ്ട്. മറ്റേതൊരു സമുദായവും പോലെ നമ്മളും പൊതുസമൂഹത്തിലെ യാഥാർത്ഥ്യങ്ങളറിഞ്ഞ് പ്രവർത്തിക്കണം. അതിനു അത്മായർ സന്നദ്ധരാകണം. ഉദ്യോഗതലങ്ങളിലും ഭരണനിർവ്വഹണ തലങ്ങളിലും നിയമനിർമ്മാണതലങ്ങളിലും രാഷ്ട്രീയ പാർട്ടികളിലുള്ള പ്രവർത്തനത്തിലും എല്ലാം അത് സംഭവിക്കണം. ദൈവജനത്തിന് അവർ ശക്തി പകർന്ന് മറ്റുള്ളവർക്കും വഴികാട്ടികളായി ആത്മധൈര്യവും ആവേശവും പകർന്ന് കൊടുക്കണം.

## ഭാഗം രണ്ട്

## ജൂബിലിയും രൂപതായോഗവും (Eparchial Assembly)

*രൂപതയുടെ പ്രത്യേക ആവശ്യങ്ങളും നന്മയും ആവശ്യപ്പെടുന്ന വിഷയങ്ങളിൽ രൂപതാ മെത്രാനെ സഹായിക്കാനുള്ള യോഗമാണ് രൂപതായോഗം* (eparchial assembly - CCEO, c. 235,236). നമ്മുടെ രൂപതയിൽ ഞാൻ ഉത്തരവാദിത്വം ഏറ്റെടുത്തതിന് ശേഷം ഒരു രൂപതായോഗം പോലും നടത്താൻ കഴിഞ്ഞില്ല. ഏതാണ്ട് മൂന്ന് വർഷങ്ങൾക്ക് മുമ്പ് തന്നെ ഇതിനായി പദ്ധതികൾ തയ്യാറാക്കിയതാണ്. എങ്കിലും പ്രതികൂല സാഹചര്യങ്ങളാൽ സാധിച്ചില്ല. ഈ അവസരത്തിൽ ജൂബിലിയ്ക്ക് മുമ്പായി ഒരു രൂപതായോഗം ചേരണം എന്ന് എല്ലാ രൂപതാസമിതികളിലും നിർദ്ദേശമുണ്ടായതിനാൽ അതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല ജൂബിലി വർഷാചരണവും ഈ വർഷത്തിൽ നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളുടെ വിശദാംശങ്ങളും രൂപതായോഗത്തിൽ ചർച്ച ചെയ്യാം എന്നുമാണ് തീരുമാനിച്ചിട്ടുള്ളത്.

### ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ നല്കുന്ന അവസരം

ജൂബിലിയുടേയും രൂപതായോഗത്തിന്റെയും ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ് കേരളത്തിലെ ക്രൈസ്തവസമൂഹത്തിന്റെ പിന്നോക്കാവസ്ഥ പഠിക്കാൻ ജസ്റ്റീസ് ജെ.ബി. കോശി അദ്ധ്യക്ഷനായുള്ള ഒരു കമ്മീഷനെ കേരളസർക്കാർ നിയമിച്ചത്. കമ്മീഷന് ആവശ്യം കൊടുക്കേണ്ടതായ സ്ഥിതിവിവരണക്കണക്കുകൾക്കുവേണ്ടി ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിച്ച് എല്ലാ ഇടവകകളിലും ഒരു സർവേ നടത്തുകയുണ്ടായി. നമ്മുടെ രൂപതയിലെ ചുരുക്കം കുടുംബങ്ങൾ ഒഴികെ എല്ലാ കുടുംബങ്ങളുടേയും സ്ഥിതിവിവരണകണക്കുകൾ ശേഖരിച്ചു. ഏകദേശം മൂവായിരത്തോളം വ്യക്തികൾ പന്ത്രണ്ട് ദിവസം തുടർച്ചയായി കഠിനാദ്ധ്വാനം ചെയ്ത ആ സർവേ ഒരു വൻവിജയം എന്ന് മാത്രമല്ല ഐതിഹാസികവുമായിരുന്നു. രൂപതയുടെ പൊതുതാല്പര്യസമിതിയാണ് സർവേയ്ക്ക് നേതൃത്വം നല്കിയത്. സർവേയിൽ സഹകരിച്ച എല്ലാവരേയും അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

നമ്മുടെ കണ്ണു തുറപ്പിക്കുന്നതായിരുന്നു ആ സർവേയിൽ നിന്ന് മനസ്സിലാക്കിയ വിവരങ്ങളിൽ പലതും. ഒരു കാലത്ത് എല്ലാ

മേഖലകളിലും സമൂഹത്തിന്റെ വളരെ മുമ്പിലായിരുന്ന നമ്മളിന്ന് വളരെ പിന്നിലാണ് എന്ന വസ്തുതയാണ് സർവേ വെളിവാക്കുന്നത്. അതുകൊണ്ട് അതിന്റെ കാരണങ്ങളിലേയ്ക്കും പരിഹാര മാർഗ്ഗങ്ങളിലേയ്ക്കും നയിക്കുന്ന രീതിയിൽ രൂപതായോഗത്തിൽ ചർച്ചയ്ക്കുള്ള വിഷയങ്ങൾ തീരുമാനിക്കപ്പെട്ടു.

***സഭയേയും സമുദായത്തെയും പറ്റിയുള്ള അവബോധത്തിന്റെ അഭാവം***

നമ്മൾ ക്രിസ്ത്യാനികൾ പൊതുവേ വളരെ തുറന്ന മനസ്കരും മതേതര ചിന്താഗതി വച്ച് പുലർത്തുന്നവരുമാണ്. നിർഭാഗ്യവശാൽ ആ ചിന്താഗതി നമ്മുടെ സമുദായത്തിലും സഭയിലും അഭിമാനം തോന്നുന്നതിൽ നിന്ന് നമ്മെ ഒരു പരിധി വരെ തടസ്സപ്പെടുത്തി. *ഞാനൊരു ക്രിസ്ത്യാനിയാണ്, കത്തോലിക്കനാണ്, സീറോ മലബാറുകാരനാണ്* എന്നൊക്കെ പറയുന്നതിൽ പലർക്കും അഭിമാനം ഇല്ലെന്ന് മാത്രമല്ല, അതെപ്പറ്റി ചിലരെങ്കിലും അപകർഷതാബോധം ഉള്ളവരായിപോലും മാറി. മാദ്ധ്യമങ്ങളും നിക്ഷിപ്ത താല്പര്യക്കാരും ഈ പ്രക്രിയയുടെ ആക്കം കൂട്ടിയിട്ടുണ്ട്. അത് നമ്മൾ തിരിച്ചറിയാൻ വൈകി. അത് തുടരാൻ അനുവദിക്കുന്നത് ആത്മഹത്യാപരമായിരിക്കും. അതുകൊണ്ടാണ് *സഭാബോധവും സമുദായ ശാക്തീകരണവും* എന്ന വിഷയം നമ്മൾ രൂപതായോഗത്തിന്റെ പ്രധാന പ്രമേയമായി തെരഞ്ഞെടുത്തത്.

***സഭാബോധവും സമുദായ ശാക്തീകരണവും***

നമ്മുടെ മതവും സമുദായവും രാഷ്ട്രീയനിർമ്മിതിയിലും മറ്റ് മതങ്ങളോടുള്ള ബന്ധങ്ങളിലും പുലർത്തുന്ന സാഹോദര്യവും സൗഹാർദ്ദതയും ഒരു ജനാധിപത്യരാജ്യമായ ഭാരതത്തിൽ സന്തുലിതമായി തുടരണമെങ്കിൽ നമ്മുടെ സാന്നിദ്ധ്യം എല്ലാ മേഖലകളിലും ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതിനു പകരം സ്വന്തം കുടുംബത്തിന്റെ മാത്രം ഉന്നതിയെ ലക്ഷ്യം വയ്ക്കുന്ന ഒരു ശീലം നമ്മുടെ ഇടയിൽ വളർന്നു വന്നു.

മാത്രമല്ല സ്വന്തം മതത്തെപ്പറ്റിയും സമുദായത്തെപ്പറ്റിയും അവബോധമുണ്ടാകുന്നതും അതിനായി നിലകൊള്ളുന്നതും വർഗ്ഗീയവാദമാണ് അല്ലെങ്കിൽ മതേതരത്വത്തിനു ചേർന്നതല്ല എന്ന തെറ്റിദ്ധാരണയും എങ്ങിനെയോ നമ്മുടെ മനസ്സുകളിൽ സ്ഥാനം പിടിച്ചു. *ഞങ്ങൾ മാത്രം ഇവിടെ ജീവിച്ചാൽ മതി അല്ലെങ്കിൽ*

*ഞങ്ങൾക്ക് മാത്രം എല്ലാം കിട്ടണം* എന്ന ചിന്തയാണ് വർഗ്ഗീയത എന്ന കാര്യവും നമ്മൾ മറന്നു. സഭക്കുള്ളിലെ ചേരിതിരിവുകളും നമ്മുടെ സമുദായത്തിൽ നിന്നുള്ള രാഷ്ട്രീയ - സാമൂഹ്യനേതാക്കൾക്ക് വേണ്ടവിധം സമുദായസ്നേഹം ഇല്ലാതെ പോകുന്നതും ഇതിനു കാരണമായിട്ടുണ്ട്.

***രാഷ്ട്രനിർമ്മാണത്തിൽ ക്രിസ്ത്യാനികളുടെ പങ്ക് തമസ്കരിക്കപ്പെടുന്നു***

ഈ നാടിന്റെ വികസനത്തിൽ നമ്മൾ വഹിച്ച പങ്കിനെ തമസ്കരിക്കാൻ മനഃപൂർവ്വം ശ്രമങ്ങൾ നടക്കുമ്പോഴും അത് തിരിച്ചറിയാനോ നമ്മുടെ ആ കടമ തുടരാനോ ഉള്ള മനസ്സ് നമുക്കുണ്ടാകുന്നില്ല എന്നത് ഖേദകരമാണ്. വടക്കൻ കേരളത്തിന്റെയും ഹൈറേഞ്ചിന്റെയും മറ്റും വികസനത്തിൽ നമ്മൾ ക്രിസ്ത്യാനികൾ വഹിച്ച അതുല്യമായ പങ്ക് ഇന്നു നമ്മിൽ പലർക്കും അജ്ഞാതമാണ്. അതിലൊക്കെ നമുക്ക് അഭിമാനമുണ്ടാകണം. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നതിന് മുമ്പ് നമ്മുടെ സമുദായം അവയിൽ എത്രയോ മുമ്പിലായിരുന്നു എന്ന് നമ്മൾ തിരിച്ചറിയണം.

## ഭാഗം മൂന്ന്
## രൂപതായോഗം (Eparchial Assembly)

**ലക്ഷ്യം**

മുകളിൽ സൂചിപ്പിച്ചതുപോലെ നമ്മുടെ സമുദായം അനുഭവിക്കുന്ന പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തി അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയാണ് ഈ യോഗത്തിന്റെ ലക്ഷ്യം. സമുദായാംഗങ്ങളിൽ വ്യക്തമായ സമുദായബോധവും വളർന്നുവരണം.

**കമ്മിറ്റി**

ഇടവകകളിൽ നടത്തിയ സ്ഥിതിവിവര കണക്കെടുപ്പ്, രൂപതായോഗം, ജൂബിലി വർഷം, ജൂബിലി വർഷാഘോഷം എന്നിവ തുടർച്ചയായി വരുന്ന പദ്ധതികളായിട്ടാണ് വിഭാവനം ചെയ്യപ്പെട്ടത്. രൂപതായോഗത്തിൽ നിന്ന് ഉരുത്തിരിഞ്ഞ് വരുന്ന പദ്ധതികളായിരിക്കും പ്രധാനമായും ജൂബിലി വർഷത്തിൽ നടപ്പാക്കപ്പെടുന്നത്. അക്കാര്യത്തിലും രൂപതാ സർവ്വേ നടത്തുന്നതിനു നേതൃത്വം

നൽകിയ പൊതുക്കാര്യ സമിതിയുടെ സഹകരണം തുടർ പദ്ധതി കളിലുമുണ്ട്.

ജൂബിലിയാചരണത്തിന് പ്രാരംഭ നടപടികൾക്കായി ഒരു താല്ക്കാലിക കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു. ആ കമ്മിറ്റിയാണ് രൂപതായോഗത്തിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയതും വെബിനാറുകൾ സംഘടിപ്പിച്ചതും. രൂപതായോഗത്തിന്റെ തുടർച്ച യായി ജൂബിലി ആഘോഷങ്ങൾ വരുന്നതിനാൽ അതെ കമ്മിറ്റി തന്നെ ചെറിയ മാറ്റങ്ങളോടെ രൂപതാ യോഗത്തിന്റെ പ്രവർത്തന ങ്ങളും നടത്തി കൊണ്ടിരിക്കുന്നു. എന്നാൽ ജൂബിലി വർഷത്തിന്റെ നടത്തിപ്പിന് വിവിധ സബ് കമ്മിറ്റികൾ ഇനിയും രുപികരിക്കേ ണ്ടതുണ്ട്.

**വിഷയങ്ങൾ ചർച്ച ചെയ്യപ്പെടേണ്ട തലങ്ങൾ**

കോവിഡ് പ്രോട്ടോക്കോൾ നിലവിലിരിക്കുന്നതിനാൽ സഭാ നിയമമനുസരിച്ചുള്ള അത്രയും പ്രതിനിധികളെ ഉൾപ്പെടുത്തി യോഗം നടത്താൻ ഇന്നത്തെ സാഹചര്യത്തിൽ പരിമിതികൾ ഉണ്ട്. അതേസമയം വിഷയങ്ങൾ എല്ലാ തലങ്ങളിലും ചർച്ച ചെയ്യപ്പെട്ട് അഭിപ്രായങ്ങൾ ശേഖരിക്കുകയും വേണം. അതുകൊണ്ട് ഇടവക ഫൊറോനാ തലങ്ങളിലും, സംഘടനകൾ, സമർപ്പിത സമൂഹ ങ്ങൾ, വിവിധ ഡിപ്പാർട്ടുമെന്റുകൾ എന്നിവയിലും വിഷയങ്ങൾ ചർച്ച ചെയ്ത് ലഭിക്കുന്ന നിർദേശങ്ങളും അഭിപ്രായങ്ങളും രൂപതാ യോഗത്തിൽ ചർച്ചചെയ്ത് കർമ്മ പദ്ധതികൾ തയ്യാറാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

**ചർച്ചകൾ ഇടവക തലത്തിൽ**

ഇടവകകളിൽ ചർച്ചചെയ്യപ്പെടേണ്ട വിഷയങ്ങൾ ഓരോ മാസവും അയച്ചു കൊടുത്തുകൊണ്ടാണിരിക്കുന്നത്. അവ ഇടവ കയിലെ സംഘടനാ തലത്തിലും കുടുംബ കൂട്ടായ്മാതലത്തിലും ചർച്ച ചെയ്ത് അവയുടെ ക്രോഡീകരിച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഫൊറോനാ കമ്മിറ്റിയ്ക്കും മറ്റൊരു പകർപ്പ് രുപതാ കമ്മിറ്റിയുടെ കൺവീനർക്കും അയച്ചു കൊടുക്കേണ്ടതാണ്. 2021 നവംബറിൽ ആരംഭിച്ച ചർച്ചകൾ 2022 ജനുവരി ഉൾപ്പെടെയുള്ള മാസങ്ങളിൽ ആണ് ഇടവകകളിൽ നടത്തേണ്ടത്. നിർഭാഗ്യവശാൽ പല ഇട വകകളിലും ഇത് ഫലപ്രദമായി നടന്നിട്ടില്ല എന്ന് മനസിലാ കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ഇടവക പ്രതിനിധി

കളും ഇക്കാര്യത്തിൽ വേണ്ടത് അടിയന്തിരമായി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫൊറോനാ തലത്തിൽ**

ഇടവക വികാരിയും ഇടവക കോ-ഓർഡിനേറ്ററും ചേർന്ന കമ്മറ്റിയാണ് ഇടവകകളിലെ ചർച്ചകൾക്കാവിശ്യമായുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടത്. അതുപോലെ ഇടവകകളിൽ യഥാസമയം ചർച്ചകൾ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല ഫൊറോനാ വികാരിയും കോ-ഓർഡിനേറ്ററും ഉൾപ്പെട്ട ഫൊറോന കമ്മിറ്റിയുടേതാണ്. ഇടവകകളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടുകളുടെ അവതരണവും അതിന്മേലുള്ള ചർച്ചകളും 2022 ഫെബ്രുവരി മാസത്തിൽ ഫൊറോനാ കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെടുന്ന ഏകദിന യോഗങ്ങളിൽ നടത്തി എന്നും ഫൊറോനാ വികാരിയും, കോ- ഓർഡിനേറ്ററും ഉറപ്പുവരുത്തണം. ഫൊറോനാ യോഗങ്ങൾ നടത്താനാവശ്യമായ എല്ലാ ഒരുക്കങ്ങളും നടത്തിപ്പും എല്ലാം അവരുടെ തന്നെ ചുമതലയാണ്. ആവശ്യമെങ്കിൽ സബ്കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. ഫൊറോനാ യോഗങ്ങൾക്കുള്ള ചിലവുകൾ അതാത് ഫൊറോനായിലുള്ള ഇടവകകൾ വീതിച്ച് വഹിക്കേണ്ടതാണ്. ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി ഫൊറോനാതല യോഗങ്ങൾ നടത്താനുള്ള സൗകര്യപ്രദമായ തീയതികൾ നേരത്തെതന്നെ നിശ്ചയിച്ച് ഫൊറോനാ വികാരിമാർ കമ്മിറ്റി കൺവീനറെ അറിയിക്കേണ്ടതാണ്.

**രൂപതാ യോഗത്തിൽ പങ്കെടുക്കേണ്ടവർ**

നിലവിലുള്ള നിയമമനുസരിച്ച് രൂപതാ യോഗം യഥാവിധി സമ്മേളിക്കാൻ കോവിഡ് പ്രോട്ടോകോൾ നമ്മെ അനുവധിക്കുന്നില്ല. അതുകൊണ്ട് മറ്റൊരു രീതിയിലാണ് അത് നടത്താൻ തീരുമാനിക്കപ്പെട്ടത്. പ്രതിനിധികൾ ചേർന്ന് രണ്ടോ, മൂന്നോ ദിവസം ചർച്ച ചെയ്യുന്നതിന് പകരം ഘട്ടങ്ങളായി ഇടവകകൾ, ഫൊറോനകൾ, സമർപ്പിത സമൂഹങ്ങൾ, സംഘടനകൾ, വിവിധ ഡിപ്പാർട്ടുമെന്റുകൾ എന്നീ തലങ്ങളിൽ ചർച്ച ചെയ്ത് കിട്ടുന്ന ആശയങ്ങൾ രൂപതാ തലത്തിൽ ചേരുന്ന അവസാനത്തെ പൊതു സമ്മേളനത്തിൽ ചർച്ചചെയ്ത് കർമ്മ പദ്ധതികൾ തയ്യാറാക്കാം എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

**രൂപതായോഗം**

2022 ഏപ്രിൽ 4,5,6,7 (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം) എന്നീ തിയതികളിൽ രുപതായോഗം സമ്മേളിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. യോഗത്തിന്റെ നടത്തിപ്പിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ തയ്യാറായി വരുന്നതേയുള്ളു. നടത്തപ്പെടുന്ന സ്ഥലം, പങ്കെടുക്കേണ്ട പ്രതിനിധികൾ എന്നിവ തീരുമാനിക്കപ്പെടുന്ന ഘട്ടത്തിൽ എല്ലാവരെയും അറിയിക്കുന്നതാണ്.

## ഭാഗം നാല്

## ജൂബിലി വർഷാചരണം: കർമ്മ പദ്ധതികൾ

**ഉദ്ഘാടനം - സമാപനം**

2022 മെയ് 1 മുതൽ 2023 മെയ് 1 വരെയാണ് സുവർണ്ണ ജൂബിലി വർഷം ആചരിക്കപ്പെടുന്നത്. 2022 മെയ് 1 ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വി. കുർബാന അർപ്പിച്ചു കൊണ്ട് ജൂബിലിവർഷം ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. 2022 മെയ് 8 ന് ഞായറാഴ്ചയായിരിക്കും ഇടവകകളിൽ ജൂബിലിയുടെ ഉദ്ഘാടനം നടത്തപ്പെടുന്നത്. ഏത് രീതിയിലാണ് അത് ചെയ്യേണ്ടത് എന്നകാര്യം യഥാസമയം അറിയിക്കുന്നതാണ്. ഉദ്ഘാടന യോഗത്തിൽ 50 വീടുകളുടെ താക്കോൽ ദാനം നല്കപ്പെടുന്നതാണ്.

ജൂബിലി സമാപനം 2023 മെയ് 1 ന് തിങ്കളാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ചായിരിക്കും നടത്തപ്പെടുന്നത്. നമ്മുടെ രുപതയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വ്യക്തികളുടെ മറ്റും സാന്നിദ്ധ്യത്തിൽ സമാപനം നടത്തണം എന്നതാണ് പൊതുവെ ചർച്ചകളിൽ ഉയർന്നുവന്ന ആശയം.

**ജൂബിലി പ്രാർത്ഥന, ഗാനം, ലോഗോ**

ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രാർത്ഥനാ കാർഡുകൾ ഇടവകകളിൽ എത്തിക്കാമെന്ന് കരുതുന്നു. ജൂബിലി ഗാനവും ജൂബിലി ലോഗോയും തയ്യാറാക്കുന്നതിനായി മത്സരം നടത്തി കിട്ടുന്നവയിൽ നിന്ന് ഏറ്റവും യോജിച്ചത് തെരഞ്ഞെടുക്കാം എന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. യോജിച്ചവ കിട്ടുന്നില്ലെങ്കിൽ അവ രുപതാ കേന്ദ്രത്തിൽ നിന്ന് തന്നെ തയ്യാറാക്കുന്നതാണ്.

**ജൂബിലി വർഷത്തെ കർമ്മ പദ്ധതികൾ**

രുപതായോഗം അവസാനിക്കുന്നതോടെയേ ജൂബിലിവർഷാ

ചരണത്തിന്റെ പൂർണ്ണമായ മാർഗ്ഗരേഖ തയ്യാറാകുകയുള്ളു. എങ്കിലും പല സമിതികളിലും നിന്നും സംഘടനകളിൽ നിന്നും ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഏതാനും പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

**വി. ഗ്രന്ഥവായന:** *ജൂബിലി വർഷത്തിൽ ഒരോരുത്തരും താന്താങ്ങളുടെ ഭവനങ്ങളിലേയ്ക്ക് തിരികെപ്പോകട്ടെ* എന്ന ദൈവികാഹ്വാനത്തിന്റെ ചുവട് പിടിച്ച് നമ്മുടെ രൂപതയിലെ അംഗങ്ങളുടെ ആത്മീയ ഉണർവിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കാണ് പ്രഥമ പരിഗണന കൊടുക്കുന്നത്. ആത്മീയ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട വചനവായനവും ധ്യാനവും തന്നെയാണ്. ദൈവവചനം ദിവസേന വായിക്കുന്നതിലും അവ ജീവിതത്തിൽ പ്രായോഗികമാക്കുന്നതിലും നമ്മുടെ യുവതലമുറയിലേക്ക് അവ പകർന്ന് കൊടുക്കുന്നതിനും നമ്മൾ വളരെയധികം പുറകിലാണ്. നമ്മുടെ മക്കൾ വഴിതെറ്റിക്കപ്പെടുന്നതിന്റെയും ഒരു പ്രധാന കാരണം അവർക്ക് വി. ഗ്രന്ഥത്തിൽ അടിസ്ഥാനമില്ലാത്തതാണ്. അതുകൊണ്ട് ഈ ജൂബിലി വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും വി. ഗ്രന്ഥം മുഴുവൻ ആദ്യവസാനം വായിക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**വി. ഗ്രന്ഥവിതരണം:** *ഫിയാത്ത് മിഷൻ* എന്നറിയപ്പെടുന്ന സുവിശേഷസംഘടന പഴയ കടലാസ് ശേഖരിച്ച് വിറ്റ് കിട്ടുന്ന തുക കൊണ്ട് സൗജന്യമായി വി. ഗ്രന്ഥം വിതരണം ചെയ്യാം എന്ന് ഏറ്റിട്ടുണ്ട്. പല രാജ്യങ്ങളിൽ പല ഭാഷകളിൽ ലക്ഷക്കണക്കിന് വി. ഗ്രന്ഥം അവർ ഇങ്ങനെ വിതരണം ചെയ്തിട്ടുണ്ട് . കൂടാതെ അവർ ഭാരതത്തിലും ഭാരതത്തിന് പുറത്തും പല സ്ഥലങ്ങളിലും പോയി മദ്ധ്യസ്ഥപ്രാർത്ഥനകൾ നടത്തുന്നുമുണ്ട്. സൗജന്യമായി വിതരണം ചെയ്യാനുള്ള വി. ഗ്രന്ഥം അച്ചടിക്കാനാവശ്യമായ പണം കണ്ടെത്താൻ പഴയ കടലാസ് നമ്മൾ ശേഖരിച്ച് കൊടുക്കണം. നമ്മുടെ രൂപതയിലെ വിവിധ സംഘടനകളെയാണ് ആ ചുമതല ഏല്പ്പിച്ചിരിക്കുന്നത്.

**വിശ്വാസപരിശീലനം കുടുംബങ്ങളിൽ**

മുൻകാലങ്ങളിൽ വിശ്വാസപരിശീലനം ഏറെയും നടന്നിരുന്നത് കുടുംബങ്ങളിലായിരുന്നു. എന്നാൽ ഏതാനും പതിറ്റാണ്ടുകളായി എല്ലാം തന്നെ ദൈവാലയ കേന്ദ്രീകൃതമായി. അതിന്റെ ഭവിഷ്യത്തുകളാണ് കോവിഡ് കാലത്ത് നാം കണ്ടത് . ഇതുപോലെ

യുള്ള പ്രതിസന്ധികൾ ഇനിയും ഉണ്ടായേക്കാം. അതുകൊണ്ട് വിശ്വാസസംബന്ധമായ കാര്യങ്ങൾ വീട്ടിൽ മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്ന് സംസാരിക്കുകയും കുടുംബപ്രാർത്ഥനകൾ കൃത്യമായി നടത്തുകയും കുടുംബയൂണിറ്റ് സമ്മേളനങ്ങളിൽ ക്രമമായി പങ്കെടുക്കുകയും ചെയ്യുന്നതിന് എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**ഇടവകകളിൽ ഹോം മിഷൻ, നവീകരണ ധ്യാനങ്ങൾ**

സമർപ്പിതരുടെയും സംഘടനകളുടെയും മറ്റും നേതൃത്വത്തിൽ ഇടവകകളിൽ ആത്മീയ നവീകരണത്തിന് ഉതകുന്ന ഹോം മിഷൻ, ധ്യാനങ്ങൾ, പ്രത്യേക പ്രാർത്ഥനായജ്ഞങ്ങൾ, തുടങ്ങിയവ സംഘടിപ്പിക്കേണ്ടതുണ്ട്. എല്ലാ ഇടവകകളിലും ഹോംമിഷനും ധ്യാനങ്ങളും നടത്തിയെന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഉറപ്പ് വരുത്തണം.

**പരിശുദ്ധ അമ്മയുടെ തിരുസ്വരൂപപ്രയാണം:**

നമ്മുടെ രൂപതയുടെ പ്രത്യേകമദ്ധ്യസ്ഥയായി നമ്മൾ തെരഞ്ഞെടുത്തിരിക്കുന്നത് പരിശുദ്ധ കന്യാമറിയത്തെയാണ്. അമ്മയുടെ മാതൃക നമ്മളും പിൻതുടരണം എന്ന് ഓർമ്മപ്പെടുത്താനും മാദ്ധ്യസ്ഥം യാചിക്കാനും ഉദ്ദേശിച്ചുള്ള ഒരു തിരുസ്വരൂപ പ്രയാണം നടത്തണം എന്ന് പല വേദികളിലും അഭിപ്രായപ്പെടുകയുണ്ടായി. ഒരു ഇടവകയിൽ ഒരു ദിവസം എന്ന ക്രമത്തിൽ എല്ലാ ഇടവകകളിലും തിരുസ്വരൂപം എത്തിക്കുകയും ആ ദിവസം ആ ഇടവകയിൽ പ്രാർത്ഥനാദിനമായി ആചരിക്കുകയും ചെയ്യുക എന്നതാണ് പ്രധാന ആശയം. കത്തീഡ്രൽ പള്ളിയിൽ നിന്നായിരിക്കും പ്രയാണം ആരംഭിക്കുന്നത്. ഓരോ ഇടവകയും അടുത്ത ഇടവകയിൽ നിന്ന് രൂപം കൊണ്ടുവരുക എന്ന ക്രമമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. പ്രയാണത്തിന്റെ അവസാനം തിരുസ്വരൂപം ദ്വാരക പാസ്റ്ററൽ സെന്ററിലെത്തിച്ച് അവിടെ പ്രതിഷ്ഠിക്കുന്നു.

**തീർത്ഥാടന സർക്യൂട്ട്**

രൂപതാകേന്ദ്രവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, കത്തീഡ്രൽ, പ്രധാനപ്പെട്ട ഇടവക ദൈവാലയങ്ങൾ എന്നിവയെ കോർത്തിണക്കി ഒരു തീർത്ഥാടന സർക്യൂട്ട് തയ്യാറാക്കണം എന്ന നിർദ്ദേശം പരിഗണനയിലുണ്ട്.

**ചരിത്രം:** സുവർണ്ണജൂബിലി മുമ്പിൽ കണ്ടുകൊണ്ട് രൂപതയുടെ ആരംഭം മുതൽ ഇന്ന് വരെയുള്ള ചരിത്രം തയ്യാറാക്കുന്ന പ്രക്രിയ

ഏതാണ്ട് എട്ട് വർഷം മുമ്പ് ആരംഭിച്ചതാണ്. ജൂബിലി ആഘോഷത്തോടനുബന്ധിച്ച് അത് പ്രസിദ്ധീകരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**ഡയാലിസിസ് സെന്റർ:** രൂപതവക ആതുരാലയമായ സെന്റ് ജോസഫ്സ് ആശുപത്രിയിൽ നിർധനരായ വൃക്കരോഗികളെ സഹായിക്കാൻ ഒരു സൗജന്യ ഡയാലിസിസ് സെന്ററും പദ്ധതിയിലുണ്ട്. ആവശ്യത്തിന് സ്പോൺസർമാരെ ലഭിച്ചാൽ അതും സാധ്യമാകും.

**ഭവനനിർമ്മാണപദ്ധതി:** ഭൂമിയും അതിലെ സകലതും ദൈവത്തിന്റേതാണെന്നും ഈ സ്വത്ത് എല്ലാവർക്കും അവകാശപ്പെട്ടതാണെന്നും ഉള്ള വി. ഗ്രന്ഥത്തിന്റെ കാഴ്ചപ്പാട് സ്വീകരിച്ച് ജൂബിലിയോടനുബന്ധിച്ച് ഒരു ഭവനനിർമ്മാണപദ്ധതിയും നമ്മൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. അതിൽ രൂപതയിലെ വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും ഡിപ്പാർട്ടുമെന്റുകളും സമർപ്പിത സമൂഹങ്ങളും എല്ലാം അവരവരുടെ പങ്ക് വഹിക്കണം. രൂപതാകേന്ദ്രത്തിൽ പണം സംഭരിച്ച് വിതരണം ചെയ്യുക എന്നതിലുപരി ഈ ദൗത്യം നമ്മുടെ എല്ലാവരുടെതും ആണെന്ന ചിന്തയിൽ പണമായോ സ്ഥലമായോ സ്വമനസ്സാ സംഭാവന ചെയ്യാൻ സാധിക്കുന്നത്ര പേർ സന്നദ്ധരാകണം. ഭവനരഹിതർക്കായി വിതരണം ചെയ്യാൻ കുറച്ച് സ്ഥലം രൂപത വകയായി വാങ്ങിയിട്ടുണ്ട്. സ്ഥലമില്ലാത്തവർക്ക് ആരെങ്കിലും വീട് വച്ച് കൊടുക്കാൻ തയാറാണെങ്കിൽ ആ സ്ഥലത്തിൽ നിന്ന് കൊടുക്കാവുന്നതാണ്. കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ ഏറ്റവും അർഹരായവർക്കായിരിക്കും നല്കുന്നത്.

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ബയോവിൻ അഗ്രോ റിസർച്ച് എന്നിവയുടെ നേതൃത്വത്തിൽ ഇതിനോടകം അമ്പത് വീടുകൾ സ്പോൺസർ ചെയ്തിട്ടുണ്ട്. അവരെ നന്ദിപൂർവം ഓർക്കുകയും അഭിനന്ദനങ്ങൾ നേരുകയും ചെയ്യുന്നു. മറ്റ് സമർപ്പിതസമൂഹങ്ങൾക്കും ഇടവകകൾക്കും സംഘടനകൾക്കും വ്യക്തികൾക്കും എല്ലാം ഈ മാതൃക അനുകരിക്കാവുന്നതാണ്. 100-ൽ അധികം കുടുംബങ്ങളുള്ള എല്ലാ ഇടവകകളും അതാത് ഇടവകകളിൽ ഏറ്റവും അർഹിക്കുന്ന ഒരു കുടുംബത്തിനെങ്കിലും ഭവനം നിർമ്മിച്ച് നൽകാൻ പരിശ്രമിക്കണം.

**ഗ്രാമീണ മാർക്കറ്റുകൾ:** കർഷകരെ സഹായിക്കാനായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ബയോവിൻ അഗ്രോ റിസെർച്ച് എന്നിവയുടെ നേതൃത്വത്തിൽ രൂപതയുടെ വിവിധഭാഗങ്ങളിൽ നിന്ന്

കാർഷിക ഉത്പന്നങ്ങൾ ശേഖരിച്ച് ബയോവിൻ ഫാക്ടറിയിൽ സംസ്കരിച്ച് ഉപഭോക്തൃ ഉത്പന്നങ്ങളാക്കി മാറ്റി, തെരഞ്ഞെടുക്കപ്പെടുന്ന ഇടവകകളിൽ വില്പനക്കായി കേന്ദ്രങ്ങൾ തുറക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതിന് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**വിദ്യാഭ്യാസ പദ്ധതികൾ:** അനതിവിദൂര ഭാവിയിൽ നമ്മുടെ നാട്ടിലെ വിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങളുണ്ടാകും. അതനുസരിച്ച് ഭാവിവിദ്യാഭ്യാസം കൂടുതലും വിവരസാങ്കേതികവിദ്യ അടിസ്ഥാനപ്പെടുത്തിയുള്ളതായിരിക്കും എന്നത് നിസ്സംശയമാണ്. മാത്രമല്ല ഈ മേഖലയിൽ സ്വകാര്യമേഖലയ്ക്ക് വളരെയധികം പ്രാധാന്യം കൈവരുകയും ചെയ്യും എന്നതും തീർച്ചയാണ്.

ഇത് മുന്നിൽ കണ്ടുകൊണ്ട് ഫെഡാർ ഫൗണ്ടേഷൻ (Futuristic Education and Research (FEDAR) Foundation)- എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്ത് അതിന്റെ കീഴിൽ വിവിധ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നമ്മുടെ രൂപത ആരംഭിച്ചുകഴിഞ്ഞു. നമ്മുടെ കുട്ടികളും യുവതീയുവാക്കന്മാരും മാറിവരുന്ന സാഹചര്യത്തിലും പുറകിലാകാൻ പാടില്ല എന്ന ലക്ഷ്യമാണ് ഇതിന്റെ പിന്നിലുള്ളത്. ജൂബിലി വർഷം അവസാനിക്കുന്നതോടെ, എല്ലാവരുടെയും സഹകരണമുണ്ടെങ്കിൽ ഈ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകും എന്ന് പ്രതീക്ഷിക്കുന്നു.

ഇതിന്റെ പ്രവർത്തനങ്ങൾ ഭൂരിഭാഗവും ഓൺലൈൻ ആയിട്ടാണ് നടത്തപ്പെട്ടുന്നത്. സ്കൂൾ വിദ്യാഭ്യാസതലം മുതൽ ജോലി ലഭിക്കുന്നതു വരെ കുട്ടികളെയും യുവതീയുവാക്കളെയും അനുയാത്ര ചെയ്ത് അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുന്ന ഒരു പദ്ധതിയാണ് പ്രധാനമായും ഇതിലുള്ളത്. അതോടൊപ്പം മുതിർന്നവർക്കുള്ള വിശ്വാസപരിശീലനവും ഇതിലൂടെ നല്കുവാനുള്ള സംവിധാനവുമുണ്ട്.

**നിലമ്പൂരിൽ കോളേജ്:** നിലമ്പൂർ ഇടവകയുടെ പരിധിയിൽ ഉള്ള വിൻസെൻഷ്യൻ വെദികർ ആ ഭാഗത്ത് ജൂബിലി വർഷത്തിൽ ഒരു ആർട്ട്സ് കോളേജ് തുടങ്ങാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെയും യൂണിവേഴ്സിറ്റിയുടെയും പ്രാദേശികഭരണസംവിധാനങ്ങളുടെയും എല്ലാം അനുവാദങ്ങൾ കിട്ടുന്ന മുറക്ക് മാത്രമേ അത് യാഥാർത്ഥ്യമാകുകയുള്ളു. ജൂബിലി വർഷത്തിന്റെ അവസാനത്തോടെയെങ്കിലും പദ്ധതി ആരംഭിക്കാൻ കഴിയും എന്ന പ്രതീക്ഷ


യാണ് അവർക്കുള്ളത്. ഇതിനായി ഏവരുടെയും പ്രാർത്ഥനയും സഹായസഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

**ഉപസംഹാരം**

ജൂബിലിയാചരണം നമ്മുടെ രൂപതയ്ക്ക് ഒരു പുത്തൻ ഉണർവ് നല്കട്ടെ എന്നാണ് എന്റെ ആശംസയും പ്രാർത്ഥനയും. രൂപതായോഗവും ജൂബിലി വർഷാചരണവും യഥോചിതം നടത്തുന്നതിനും അതുവഴി നമ്മുടെ രൂപതയ്ക്ക് ആത്മീയവും ഭൗതികവുമായ പുരോഗതിയുണ്ടാകുന്നതിനും നിങ്ങളുടെ എല്ലാവരുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങളും പ്രാർത്ഥനകളും അഭ്യർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2021 ഡിസംബർ മാസം 20 ന് നല്കപ്പെട്ടത്.

യേശുവിൽ,



**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതാമെത്രാൻ

---

**NB:** ***ഈ ഇടയലേഖനം രണ്ടു ഘട്ടങ്ങളായി 2022 ജനുവരി മാസത്തിലെ രണ്ട് ഞായറാഴ്ചകളിൽ (9,16) വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. അതോടൊപ്പം ഇടവകകൾ, സംഘടനകൾ, സമർപ്പിതസമൂഹങ്ങൾ തുടങ്ങിയവയുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലേക്ക് ഷെയർ ചെയ്യുകയും ചെയ്യണം എന്നും അഭ്യർത്ഥിക്കുന്നു.***

Prot. No. 1212/2022

# സർക്കുലർ
## സീറോമലബാർ പ്രേഷിതവാരാചരണം 2022

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുംഎഴുതുന്നത്.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

എ.ഡി. 72-ൽ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിച്ച മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിലൂടെയാണല്ലോ ഭാരതത്തിൽ ക്രൈസ്തവരുടെ സമൂഹം ആദ്യമായി രൂപം കൊണ്ടത്. 2022-ാം മാണ്ടിൽ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം നാം ആചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഈ വർഷത്തെ നമ്മുടെ പ്രേഷിതവാരാചരണത്തിനു കൂടുതൽ പ്രാധാന്യം കൈവരുന്നു. ജനുവരി ആറാം തിയതി ദനഹാതിരുന്നാൾ മുതൽ പന്ത്രണ്ടാം തിയതി വരെയാണ് ഈ വർഷം മിഷൻവാരം ആചരിക്കുന്നത്. ‘‘മിഷനെ അറിയുക, മിഷനറിയാകുക’’ എന്നതാണ പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. പ്രേഷിത വാരാചരണം നമ്മുടെ പിതാവായ മാർതോമാശ്ലീഹായെ കൂടുതൽ അറിയുന്നതിനും ശ്ലീഹായുടെ പ്രേഷിത തീക്ഷ്ണതയിൽനിന്നു പ്രചോദനമുൾക്കൊള്ളുന്നതിനുമുള്ള പ്രത്യേക അവസരമായി നമുക്കു പരിഗണിക്കാം.

ചരിത്രത്തിലെ ഈശോയോടൊപ്പം സഞ്ചരിക്കുകയും ജീവിക്കുകയും ചെയ്ത തോമാശ്ലീഹാ താൻ അനുഭവിച്ചറിഞ്ഞ രക്ഷകനെ ‘‘മാർ വാലാഹ്’’ - എന്റെ കർത്താവേ, എന്റെ ദൈവമേ! - (യോഹ. 20:28) എന്ന് ഏറ്റുപറയുകയും മരണംവരെ പ്രഘോഷിക്കുകയും ചെയ്തു. എതിർപ്പുകൾ നേരിടേണ്ടി വന്നപ്പോൾ തോമാ

ശ്ലീഹാ തന്റെ ദൗത്യം ഉപേക്ഷിക്കുകയോ സുരക്ഷിത സങ്കേതത്തിലേയ്ക്കു പിന്മാറുകയോ ചെയ്തില്ല. മറിച്ച് പ്രതിബന്ധങ്ങളെ അതിജീവിച്ച് ക്രൈസ്തവസമൂഹങ്ങൾ സ്ഥാപിച്ചുകൊണ്ടു തന്റെ പ്രേഷിത ദൗത്യത്തിൽ മുന്നേറി. തോമാശ്ലീഹാ രൂപീകരിച്ച ക്രൈസ്തവ സമൂഹങ്ങളും അദ്ദേഹത്തിന്റെ പ്രേഷിതദർശനങ്ങൾ സ്വാംശീകരിക്കുകയും പ്രതിബന്ധങ്ങളെ അതിജീവിച്ചു സുവിശേഷത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സഭയിലെ ധാരാളം പ്രേഷിതർ ലോകമെമ്പാടുമുള്ള പ്രേഷിതപ്രവർത്തനങ്ങളിൽ ഇന്നും സജീവസാന്നിദ്ധ്യമാണ്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട ആ തീക്ഷ്ണത ഇന്നും നിലനില്ക്കുന്നു എന്നതിന്റെ തെളിവാണത്. പീഡനങ്ങളെയും അവഗണനകളെയും പ്രതിലോമ ശക്തികളെയും അതിജീവിച്ചു സുവിശേഷം ജീവിക്കുകയും വിശ്വസ്തയോടെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുമ്പോൾ, സഭ എല്ലാക്കാലങ്ങളിലും ഫലം കായ്ക്കുന്ന അത്തിവൃക്ഷമായിത്തീരും (മർക്കോ. 11: 12-14, 2 തിമോ. 4: 2).

മാർതോമ്മാക്രിസ്ത്യാനികൾ ഭാരതസംസ്ക്കാരത്തിന്റെ ഭാഗമായി തുടരുന്നതിനുള്ള പ്രധാന കാരണം തോമാശ്ലീഹാ സുവിശേഷം ഈ സമൂഹത്തിൽ അടിച്ചേല്പ്പിക്കാതെ ഇവിടത്തെ സംസ്ക്കാരത്തിലേയ്ക്ക് അനുരൂപണം ചെയ്ത് അത് അവതരിപ്പിച്ചു എന്നതാണ്. ഏതൊരു സംസ്കാരവും ഭാഷയും മറ്റൊരിടത്തേക്ക് പറിച്ചുനട്ടാൽ ആ സംസ്കാരത്തിൽ മതിലുകൾ സൃഷ്ടിക്കപ്പെടും. തങ്ങളുടെ ദൗത്യം ഫലപ്രദമാക്കാൻ തങ്ങൾ ആയിരിക്കുന്ന പ്രേഷിത മേഖലകളിലെ സംസ്ക്കാരത്തോടും ഭാഷയോടും മിഷനറിമാർ പൊരുത്തപ്പെടേണ്ടത് അനിവാര്യമാണ്.

സുവിശേഷം അറിഞ്ഞവരെ പരിപാലിക്കുക എന്നതു മാത്രമായി സഭയുടെ അജപാലനപ്രവർത്തനങ്ങളെ പരിമിതപ്പെടുത്താൻ കഴിയില്ല. ഒരു സഭാസമൂഹത്തിന്റെ പക്വതയുടെ വ്യക്തമായ അടയാളമാണു മിഷനറി പ്രവർത്തനങ്ങൾ (വെർബും ദോമിനി, 95). ദൈവവചനം പ്രത്യക്ഷമായി പ്രഘോഷിക്കേണ്ട ഒന്നാണ്. പീഡനത്തിന്റെ അപകടസാധ്യതകളിൽപോലും വചനം പ്രഘോഷിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങൾ നിരന്തരം അന്വേഷിച്ചുകൊണ്ട് ഓരോ വ്യക്തിയെയും ആത്മാവിന്റെ ശക്തിയിൽ കണ്ടുമുട്ടാൻ സഭ പുറപ്പെടണം (1 കോറി. 2:5). രക്ഷയുടെ വചനം ഓരോ വ്യക്തിയോടും പ്രഘോഷിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു. (റോമ. 1:14). തോമാശ്ലീഹാ ഒരിക്കലും

മരണത്തെ ഭയപ്പെട്ടിരുന്നില്ല. അതുപോലെ ഒരു യഥാർത്ഥ മിഷനറി പീഡനങ്ങളെയോ മരണത്തെയോ ഭയപ്പെടേണ്ടതില്ല. ഇന്നിന്റെ പ്രതിസന്ധികളിൽ പ്രചോദനമാകേണ്ടത് തോമാശ്ലീഹായുടെ ഈ ധൈര്യവും പ്രേഷിതതീക്ഷ്ണതയുമാണ്. ഫ്രാൻസിസ് മാർപാപ്പാ 2021 ലെ ലോകമിഷൻ ഞായർ സന്ദേശത്തിൽ, ആദിമക്രൈസ്തവർ ആ കാലഘട്ടത്തിൽ അവർക്കുണ്ടായിരുന്ന ഭയത്തിനും അടച്ചുപൂട്ടി കഴിയാനുണ്ടായിരുന്ന പ്രലോഭനത്തിനും കീഴടങ്ങാതെ, കർത്താവിലേക്കും അവിടന്നു നല്കിയ ''പുതുജീവിതത്തിലേയ്ക്കും'' ആകർഷിക്കപ്പെട്ടതിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ജനങ്ങൾക്കിടയിലേക്കു നിസ്വാർത്ഥ സ്നേഹത്തോടെയും സേവനമനോഭാവത്തോടെയും കർത്താവിന്റെ നാമത്തിൽ ഇറങ്ങിച്ചെല്ലുകയും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത ''ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു'' (അപ്പ. 4:20) എന്ന യാഥാർത്ഥ്യത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ പുതുജീവിതം. ഇതുതന്നെയാണ് ഈ കാലഘട്ടത്തിലും സുവിശേഷപ്രഘോഷണത്തിൽ നാം സ്വായത്തമാക്കേണ്ട മനോഭാവം.

സീറോമലബാർ സഭയ്ക്കു സുവിശേഷപ്രഘോഷണത്തിനും അജപാലനശുശ്രൂഷയ്ക്കുമുള്ള സാധ്യത ഫ്രാൻസിസ് മാർപാപ്പ ഭാരതം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചു നൽകിയിരിക്കുന്ന സാഹചര്യത്തിൽ അപ്പസ്തോലനായ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനശൈലി പിന്തുടർന്നുകൊണ്ടു ക്രൈസ്തവസമൂഹങ്ങൾ രൂപീകരിക്കാൻ നമുക്കു പ്രത്യേക കടമയുണ്ട്. തോമാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണത എല്ലാ വിശ്വാസികളും സ്വന്തമാക്കണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ എല്ലാ ഇടവകകളും പരസ്പരം സഹകരിക്കണം. മിഷൻമേഖലകളിൽ ശുശ്രൂഷചെയ്യാൻ വൈദികരും സന്യസ്തരും അല്മായപ്രേഷിതരും കൂടുതലായി മുന്നോട്ടു വരികയും അവർക്കായി പരിശീലനപരിപാടി രൂപകല്പ്പന ചെയ്യുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്.

പ്രേഷിതാവബോധവും സഭയുടെ ശുശ്രൂഷകളിലെ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനു സാമൂഹ്യമാധ്യമങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വ്യാപിപ്പിക്കുന്നതിനുള്ള കർമപരിപാടികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കാൻ രൂപീകൃതമായിരിക്കുന്ന സീറോമലബാർ മിഷൻ ഓഫീസും കമ്മീഷൻഫോർ ഇവാഞ്ചലൈസേഷനും സഭാകാര്യാലയത്തിൽ പ്രവർത്തിക്കുന്നു. പ്രേഷിതാ

വബോധം സഭാമക്കളിൽ പകരണമെന്ന ഉദ്ദേശ്യത്തോടെ സീറോ മലബാർ മിഷനും മതബോധന കമ്മീഷനും സംയുക്തമായി നട ത്തുന്ന 2022 ജനുവരി ഒൻപതാം തിയതിയിലെ ഓൺലൈൻ മിഷൻ ക്വിസ് പരിപാടിയിൽ സാധിക്കുന്നവരെല്ലാം പങ്കെടുക്കണം.

സഭയുടെ പ്രേഷിതപ്രവർത്തനം ഇപ്പോഴത്തെ മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിലും സജീവമായി മുന്നോട്ടു പോകു ന്നതിന്റെ പ്രധാന കാരണം മിഷനറിമാരായി പ്രവർത്തിക്കുന്ന വൈദികരുടെയും സമർപ്പിതരുടെയും അല്മായപ്രേഷിതരുടെയും വർദ്ധിച്ചതീക്ഷ്ണത തന്നെയാണ്. സുവിശേഷവത്ക്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ നമുക്കു പ്രാർത്ഥനയിൽ സ്മരിക്കുകയും സാധ്യമായ സഹകരണത്തിലൂടെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. അയയ്ക്കപ്പെടാൻ ഒരുക്കപ്പെട്ടിരുന്ന ശ്ലീഹന്മാരുടെ മനോ ഗതമറിഞ്ഞ് സെഹിയോൻശാലയിൽ അവരെ ശക്തിപ്പെടുത്തിയ പരിശുദ്ധ അമ്മ പ്രേഷിതപ്രവർത്തനങ്ങളിൽ മുന്നേറാൻ നമുക്കായി മാധ്യസ്ഥ്യം വഹിക്കട്ടെ. നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥ്യം പ്രേഷിതസംരംഭങ്ങളിൽ നമുക്കു ശക്തി നൽകട്ടെ. കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2021-ാം ആണ്ട് ഡിസംബർ മാസം 18-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

1. 2022 ജനുവരി 02-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോമലബാർസഭയുടെ എല്ലാ ഇടവകകളിലും സ്ഥാപന ങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.
2. സീറോമലബാർ പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ചു കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2022 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

kvt\-l-kvac-W

ജനുവരി 17-ാം തീയതി ബഹു. മോൺ. ജോസഫ് കണിയാമറ്റം അച്ചന്റെയും ജനുവരി 19-ാം തീയതി ബഹു. ജോസഫ് മേമന അച്ചന്റെയും ജനുവരി 29-ാം തീയതി ബഹു. ജോസഫ് കോട്ടേപ്പറമ്പിൽ അച്ചന്റെയും ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും ഫെബ്രുവരി 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**കൂരിയ അവധി**

ഡിസംബർ 24 മുതൽ ജനുവരി 6 വരെ രൂപതാ കച്ചേരി അവധിയായിരിക്കും

**സീറോ മലബാർ സഭ പ്രേഷിത വാരാചരണം: ജനുവരി 6-12**

സീറോ മലബാർ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരെയും മിഷനറി പ്രവർത്തനങ്ങളെയും അനുസ്മരിക്കുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും പ്രത്യേകമായി മാറ്റി വച്ചിരിക്കുന്ന അവസരമാണല്ലൊ സീറോമലബാർ പ്രേഷിത വാരാചരണം. 2022 ജനുവരി 6 മുതൽ 12 വരെയാണ് സീറോമലബാർ സഭ പ്രേഷിതവാരമായി ആചരിക്കുന്നത്. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് പ്രേഷിതവാരത്തെക്കുറിച്ച് നൽകിയിട്ടുള്ള സർക്കുലർ ജനുവരി 2 ന് ഞായറാഴ്ച വായിക്കുകയും അന്നേ ദിവസം പ്രത്യേക സ്തോത്രകാഴ്ച സ്വീകരിച്ച് ജനുവരി 30 നകം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

## ഫൊറോനാതല അസംബ്ലികൾ

രൂപതയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ആമുഖമായി നിശ്ചയിക്കപ്പെട്ട എപ്പാർക്കിയൽ അസംബ്ലിയുടെ ഭാഗമായി നടത്തപ്പെടുന്ന പ്രാദേശികസമ്മേളനങ്ങളാണ് ഫൊറോനാതല അസംബ്ലികൾ. നമ്മുടെ ഇടവകകളിൽ, വിവിധ തലങ്ങളിൽ, രൂപതയിൽ നിന്ന് നല്കിയിരിക്കുന്ന വിഷയങ്ങളിലധിഷ്ഠിതമായി നടക്കുന്ന ചർച്ചകളുടെ റിപ്പോർട്ടുകളാണ് ഇടവകപ്രതിനിധികൾ ഫൊറോനാതല അസംബ്ലികളിൽ അവതരിപ്പിക്കുന്നത്. വിശദമായി എഴുതി തയ്യാറാക്കിയ റിപ്പോർട്ട് രൂപതാസമിതിയിലേക്ക് നല്കുകയും വേണം. പ്രസ്തുത ഫൊറോനാതല അസംബ്ലികളുടെ തിയതികൾ താഴെപ്പറയുന്ന രീതിയിലായിരിക്കും.

1. ഫെബ്രുവരി 1– ചുങ്കക്കുന്ന്
2. ഫെബ്രുവരി 5– ദ്വാരക
3. ഫെബ്രുവരി 8– കല്ലോടി
4. ഫെബ്രുവരി 12– കല്പ്പറ്റ
5. ഫെബ്രുവരി 15– മാനന്തവാടി
6. ഫെബ്രുവരി 19– മണിമൂളി
7. ഫെബ്രുവരി 22– മുള്ളൻകൊല്ലി
8. ഫെബ്രുവരി 26– നടവയൽ
9. മാർച്ച് 1– നിലമ്പൂർ
10. മാർച്ച് 5– പയ്യംപള്ളി
11. മാർച്ച് 8– സുൽത്താൻ ബത്തേരി
12. മാർച്ച് 12 – തരിയോട്
13. മാർച്ച് 15 –നീലഗിരി

**ഈ സമ്മേളനങ്ങളിൽ പങ്കെടുക്കേണ്ടവർ താഴെപ്പറയുന്നവരാണ്**

1. ഇടവകവികാരിമാർ
2. ഇടവക ജൂബിലി കമ്മിറ്റിയംഗങ്ങൾ
3. ഫൊറോനാ കൗൺസിൽ അംഗങ്ങൾ
4. സമർപ്പിത സമൂഹങ്ങളുടെ സുപ്പീരിയർമാർ
5. മതബോധനവിഭാഗം ഹെഡ്മാസ്റ്റർമാർ
6. പ്രത്യേകം ക്ഷണിക്കപ്പെട്ടവർ

**ഫൊറോനാതല സമ്മേളനങ്ങളുടെ സമയഘടനയും പ്രോഗ്രാമും ഏതാണ്ട് താഴെപ്പറയുന്ന വിധത്തിലായിരിക്കും**

9.30 – ഉദ്ഘാടനം

10.00 – 1.00 ചർച്ചാവിഷയങ്ങളുടെ അവതരണം (ഇടവകകൾ)

1.00 – ഉച്ചഭക്ഷണം

1.30 – 3 ഫൊറോനയുടെയും ഇടവകകളുടെയും ജൂബിലി ആഘോഷത്തെക്കുറിച്ചുള്ള ചർച്ചകൾ

3–4 – പൊതുസമ്മേളനം (കുടിയേറ്റക്കാർ)

**(പ്രത്യേകനേട്ടങ്ങൾ കൈവരിച്ചവർ എന്നിവരെ ആദരിക്കൽ)**

ഒരുക്കങ്ങൾ മുൻകൂട്ടി നടത്താനും പങ്കെടുക്കേണ്ടവരെ നേരത്തേത്തന്നെ അറിയിക്കാനും കാര്യങ്ങൾ ക്രമീകരിക്കാനും ഫൊറോനാ വികാരിയച്ചന്റെയും ഫൊറോനാ കോഡിനേറ്ററുടെയും നേതൃത്വത്തിൽ ഫൊറോനാതല ജൂബിലി കമ്മിറ്റി മുൻകൈയെടുക്കുമല്ലോ.

**ചർച്ചാവിഷയങ്ങൾ**

**ഭാഗം 1**

വിശ്വാസം, ആത്മീയത, വിശ്വാസ പരിശീലനം
(നവംബർ മാസത്തേക്കുള്ളത്)

**A വിശ്വാസം**

1. ദൈവവചനവുമായുള്ള ബന്ധം
2. കൂദാശാ ജീവിതം
3. ക്രൈസ്തവ ധാർമ്മിക ജീവിതം

**B ആത്മീയത**

C വിശ്വാസപരിശീലനം/ മതബോധനം

D സഭയുടെ ആത്മീയനേതൃത്വം

E സഭ, സമുദായം, രാഷ്ട്രീയം

**ഭാഗം 2**

**ക്രൈസ്തവ കുടുംബം– സാമുദായികക്ഷേമം**
**(ഡിസംബർ മാസത്തേക്കതുള്ളത്)**

A താമസിച്ചുള്ള വിവാഹം

B താഴുന്ന ജനനനിരക്കും ഉയരുന്ന മരണനിരക്കും

C ഡിവോഴ്സസ്, സെപ്പറേഷൻ

D മദ്യപാനവും ലഹരിയുടെ ഉപയോഗവും

E കുടിയേറ്റം -കുടിയിറക്കം
F പ്രവാസിക്ഷേമം
G ആരോഗ്യം- ആരോഗ്യ സുരക്ഷ
H സാമുദായികബോധം

**ഭാഗം 3**

**തൊഴിലില്ലായ്മ- സാമ്പത്തികസുരക്ഷിതത്വം**

**(ജനുവരി 2021)**

A തൊഴിലില്ലായ്മ
B കടബാധ്യത (മാനന്തവാടി രൂപതാംഗങ്ങളുടെ കടബാധ്യത സംബന്ധിച്ച്)
C ഭവനസൗകര്യം
D കാർഷിക പ്രശ്നങ്ങളും കർഷകരും (മലയോര കർഷകർ, കർഷക ആത്മഹത്യകൾ)
E അദൃശ്യ ദാരിദ്ര്യം (Invisible Poverty)

**ഭാഗം4**

**ക്രൈസ്തവ വിദ്യാഭ്യാസം**

**(ജനുവരി 2021)**

A ഉന്നതവിദ്യാഭ്യാസം- ക്രൈസ്തവസമുദായം നേരിടുന്ന പ്രതിസന്ധികൾ
B ഗ്രോസ്സ് എന്റോൾമെന്റ് റേഷ്യോ
C വിദ്യാർത്ഥി അനുപാതം
D ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പുകൾ
E പഠനാവശ്യങ്ങൾക്കുള്ള വായ്പകൾ
F സാമ്പത്തിക സംവരണം- സംവരണവുമായി ബന്ധപ്പെട്ട

**വിവിധ പ്രശ്നങ്ങൾ**

**ഫൊറോനാ ജൂബിലി കമ്മറ്റിയുടെ ഉത്തരവാദിത്വങ്ങൾ**

1. ഓരോ മാസവും നല്കിയിരിക്കുന്ന വിഷയങ്ങളിലധിഷ്ഠിത മായി ഇടവകാതലങ്ങളിൽ ചർച്ചകൾ നടക്കുന്നുവെന്ന് ഉറ പ്പാക്കുക.
2. ഓരോ മാസത്തെയും ചർച്ചകൾ ക്രോഡീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് അതാത് മാസങ്ങളിൽത്തന്നെ ഓരോ ഇടവകക ളിൽ നിന്നും ശേഖരിക്കുക. ആവശ്യമായ മാർഗ്ഗനിർദ്ദേശ ങ്ങൾ നല്കുക.
3. ഈ മൂന്നു മാസങ്ങൾക്കിടയിലെപ്പോഴെങ്കിലും (നവംബർ,

ഡിസംബർ, ജനുവരി) ഫൊറോനാതല ജൂബിലി കമ്മിറ്റി സമ്മേളിച്ച് ഈ വിഷയങ്ങൾ ചർച്ചചെയ്യുകയും ഫൊറോനാ കൗൺസിലിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഫൊറോനാതലത്തിലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക.

## New Appointments:

1. Fr. Emmanuel Vadakkel - Vicar, Karimbil & Associate Director of Diocesan Family Apostolate, with independent charge of Bible Apostolate, Mathruvedi, Marian Singles, Pro- Life Movement and the Matrimony Services as their Director.

2. Fr Joseph Kalambukattu -Secretary, Priests' Provident Fund (PPF)

3. Fr Joseph Vadassery- Vicar, Karani (Add. Charge)

## New address:

Fr Joshy Manjakkunnel
Walkenbruckenstr
Coesfeld 48653 Germany
Mob. 0049 61261 38379

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

Prot. No.25579 /2021 22nd December 2021

# NOTICE

**It is hereby made known to all concerned that, with effect from 11th December 2021, Rev Fr Jose Vazhakalayil, a member of the eparchial clergy of Mananthavady, has been sent on administrative leave, as a disciplinary measure, having been found guilty as per the Code of Canons of the Oriental Churches (CCEO) canons 382; 385#2; 1414 #1-2; 1417: 1418 #2; 1416 and 417. While on administrative leave, he is prohibited from exercising any of the priestly ministries, without express written permission of the eparchial authorities.**

**Chancellor**

## ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ

### HCC (XI, XII) യൂണിവേഴ്സിറ്റി പരീക്ഷ ജനുവരി 9

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (Plus One, Plus Two) പരീക്ഷകൾ ജനുവരി 9 -ന് ഞായറാഴ്ച രാവിലെ 10.30 മണി മുതൽ 1.00 മണിവരെ നടത്തുന്നതാണ്. ഇപ്രാവശ്യം ഇടവക കേന്ദ്രീകരിച്ചാണ് പരീക്ഷ നടത്തുന്നത്. പരീക്ഷയ്ക്കുവേണ്ട ക്രമീകരണങ്ങൾ ഇടവകയിലെ ബഹു. വികാരിയച്ചനും, ഹെഡ്മാസ്റ്ററും ചേർന്ന് ഒരുക്കുക. പരീക്ഷകൾ സൺഡേസ്കൂളിൽ ക്രമീകരിക്കുന്ന പരീക്ഷഹാളിൽ വികാരിയച്ചൻ നിയോഗിക്കുന്ന ഇൻവിജിലേറ്ററുടെ മേൽനോട്ടത്തിലാണ് നടത്തേണ്ടത്.

### HCC പരീക്ഷാ നടത്തിപ്പ് സംബന്ധിച്ചുള്ള പൊതുനിർദ്ദേശങ്ങൾ

1. കോവിഡ് പ്രോട്ടോകോൾ കൃത്യമായി പാലിച്ചുകൊണ്ടാണ് പരീക്ഷ നടത്തേണ്ടത്.

2. പരീക്ഷ നടത്തിപ്പിന്റെ പൂർണ ഉത്തരവാദിത്വം ഇടവകയിലെ ബഹു. വികാരിയച്ചനും ഹെഡ്മാസ്റ്റർക്കും ആയിരിക്കും. പരീക്ഷാ നടത്തിപ്പിനുവേണ്ടി ഒരു ഇൻവിജിലേറ്ററിനെ നിയോഗിക്കേണ്ടതാണ്.

### A പരീക്ഷക്ക് മുമ്പ്

3. പരീക്ഷ സമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർനമ്പർ എഴുതി പരീക്ഷഹാൾ ക്രമീകരിക്കേണ്ടത് ആണ്. ഒരു ബഞ്ചിൽ രണ്ട് പേരിൽ കൂടുതൽ പാടില്ല.

4. 10.30 മണിമുതൽ 1.00 മണിവരെയാണ് പരീക്ഷാസമയം. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ്(10.00) കുട്ടികളെ പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുക. 10. 15ന് ചോദ്യപേപ്പറുകൾ നൽകുക.15 മിനിറ്റ് സമയം കൂൾ

ഓഫ് ടൈം ആണ്.10.30 മണിക്ക് ഉത്തരക്കടലാസുകൾ നൽകുക.

## B പരീക്ഷ സമയത്ത്

5. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞു വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.

6. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല. സർട്ടിഫിക്കറ്റ് കയ്യിൽ കിട്ടുന്നതുവരെ ഹാൾടിക്കറ്റ് സൂക്ഷിക്കേണ്ടതാണ്.

7. HCC2 ലെ കുട്ടികളുടെ പേര് HCC 1 ൽ രജിസ്റ്റർ ചെയ്തത് പോലെ തന്നെ വേണമെന്ന് യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടതിനാൽ പേരിൽ ഇനി മാറ്റം വരുത്താൻ സാധ്യമല്ല.

8. പരീക്ഷ എഴുതുവാൻ ഉള്ള ആൻസർ ബുക്ക്, യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീൽ ഇല്ലാത്ത പേപ്പറുകൾ മൂല്യനിർണയം ചെയ്യാൻ പാടില്ല. ഉപയോഗിക്കാത്ത ആൻസർ ബുക്ക്, ഷീറ്റ് എന്നിവ തിരികെ നൽകേണ്ടതാണ്.

9. കുട്ടികൾക്ക് ഉത്തരമെഴുതാൻ നല്കുന്ന എല്ലാ പേപ്പറുകളിലും ഇൻവിജിലേറ്റർ ഒപ്പ് വെയ്ക്കേണ്ടതാണ്. കുട്ടികൾ എഴുതിയ രജിസ്റ്റർ നമ്പരുകളിൽ തെറ്റില്ലന്ന് ഇൻവിജിലേറ്റർ ഉറപ്പാക്കണം.

10. Course Certificate Students: യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്താത്ത കുട്ടികൾക്ക് യൂണിവേഴ്സിറ്റി സീലോടുകൂടിയ ആൻസർബുക്ക് നൽകരുത്. അവരുടെ ആൻസർ പേപ്പർ രൂപതയ്ക്ക് തരേണ്ടതില്ല. അവ ക്ലാസ്ടീച്ചർതന്നെ മൂല്യനിർണയം നടത്തി, course certificate students എന്ന് പ്രത്യേകം രേഖപ്പെടുത്തി അവരുടെ പേര്, വീട്ടുപേര്, മാതാപിതാക്കളുടെ പേര്, ജനനതീയതി, മാമ്മോദീസ തീയതി, മാർക്ക് എന്നിവ രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.

11. വിദ്യാർഥികൾക്ക് പരീക്ഷ ഹാളിൽ മൊബൈൽ ഫോൺ അനുവദിനീയമല്ല..

12. രൂപതയിൽ നിന്ന് തന്നിരിക്കുന്ന കുട്ടികളുടെ ലിസ്റ്റിൽ പരീക്ഷ സമയത്ത് കുട്ടികൾ ഒപ്പിടേണ്ടതാണ്.

## C. പരീക്ഷക്ക് ശേഷം

13. Internal Mark: ഓരോ കുട്ടികളെയും വിലയിരുത്തി ക്ലാസ്സ് ടീച്ചർ Internal Mark ഇടണം. ക്ലാസ് ടീച്ചർ ഇടുന്ന ഈ മാർക്ക് 45 ൽ കൂടാൻ പാടില്ല. ഇത് വികാരി & HM പരിശോധിച്ച് അംഗീകരിക്കണം.

18. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് റിപ്പോർട്ട് തന്നിരിക്കുന്ന ഫോറത്തിൽ കൃത്യമായി എഴുതി ഒപ്പിട്ടു രൂപത മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

## D. മൂല്യനിർണയം

മൂല്യനിർണയത്തെകുറിച്ചുള്ള വിശദവിവരങ്ങൾ ഹെഡ്മാസ്റ്റേഴ്സിനെ അറിയിക്കുന്നതായിരിക്കും.

### ചോദ്യപേപ്പർ

HCC പരീക്ഷയുടെ ചോദ്യപേപ്പർ, ആൻസർ ഷീറ്റ് എന്നിവ മേഖലാ സെക്രട്ടറിമാർ ജനുവരി 7-ാം തിയ്യതി രൂപതാ ഓഫീസിൽനിന്നും Town book stall ൽ (ചുങ്കക്കുന്ന്, മാനന്തവാടി, പയ്യംമ്പള്ളി, കല്ലോടി ഫൊറോനകൾ) നിന്നും എടുക്കാൻ ശ്രദ്ധിക്കണം.

### HM PP കോൺഫ്രൻസ്

2020 -2021 അധ്യയനവർഷത്തിലെ ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെയും പ്രധാന അധ്യാപകരുടെയും സമ്മേളനം 2021 ഡിസംബർ 11-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെട്ടു. മണിമൂളി, നിലമ്പൂർ, നീലഗിരി എന്നീ മേഖലകളുടെ സമ്മേളനം 2021 ഡിസംബർ 19 ന് മണിമൂളി റീജണൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു.

### ഡിപ്ലോമ പരീക്ഷ

ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിന്റെ നിർദ്ദേശപ്രകാരം ഡിപ്ലോമ പരീക്ഷ നേരത്തെ നടത്തുകയാണ്. ഫെബ്രുവരി 13 ന് 10 മുതൽ 12 മണി വരെ ആയിരിക്കും ഡിപ്ലോമ പരീക്ഷ.

## HDC

HDC ക്ലാസ്സുകൾ മെയ് മാസത്തിൽ പുനരാരംഭിക്കുന്നതാണ്.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

കുറച്ചു വർഷങ്ങൾക്കു മുമ്പ് 'ബ്ലാക്ക്മാൻ' എന്ന പേരിൽ ചിലർ രാത്രി കാലങ്ങളിൽ വീടുകളിൽ കടന്നു കുടുംബാംഗങ്ങളെ ഭയപ്പെടുത്തിയിരുന്നു. ആ ദിവസങ്ങളിൽ രണ്ടു പേർ തമ്മിലുള്ള സംഭാഷണത്തിനിടെ ഒരാൾ ഇങ്ങനെ പറഞ്ഞു, 'ചേട്ടാ ഈ ബ്ലാക്ക് മാൻ വരുമ്പോൾ നമ്മൾ പേടിക്കേണ്ട കാര്യമൊന്നുമില്ല, കുരിശെ ടുത്ത് കാണിച്ചാൽ മതി അയാൾ ഓടി പൊയ്ക്കൊള്ളും!' കുരിശു ഒരു സംരക്ഷണം ആണെന്നും തിന്മക്കെതിരെയുള്ള ഒരായു ധമാണെന്നുമുള്ള അറിവ് നാം ഓരോരുത്തരുടെയും ഉള്ളിൽ ഉണ്ട്, അത് സത്യമാണ് താനും.

മരുഭൂമിയിലെ വി.അന്തോനീസിന്റെ അവസാന നാളുകളിലെ വിശ്രമ കാലത്ത് അദ്ദേഹത്തിനെതിരേ ശക്തമായ പൈശാചിക ആക്ര മണങ്ങൾ ഉണ്ടാകുമായിരുന്നു. അവയ്ക്കെതിരെ കുരിശടയാളം വരയ്ക്കുമ്പോൾ ഭയന്ന് ഓടിയിരുന്ന പിശാചുക്കളെ കണ്ടുകൊണ്ട് അദ്ദേഹം ശിഷ്യരോട് പറയുമായിരുന്നു, 'നോക്കൂ, പ്രാർത്ഥന യെയും ഈശോയോടുള്ള സ്നേഹത്തെയും പിശാചുക്കൾക്ക് എത്രമാത്രം ഭയമാണെന്ന് ഒരു കുരിശടയാളം മതി അവ ഭയന്ന് ഓടുവാൻ!' നാം ഓർത്തില്ലെങ്കിലും കുരിശു കാണുമ്പോൾ പിശാ ചിന് യേശുവിനെ ഓർക്കാതിരിക്കുവാൻ ആവില്ല. കുരിശും കുരിശ് അടയാളവും നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നത് നമ്മെ വീണ്ടെ ടുക്കുവാനായുള്ള യേശുവിന്റെ കുരിശിലെ ബലിയെയാണ്. വി. ഫ്രാൻസിസ് അസ്സീസ്സി താൻ പോകുന്ന വഴികളിൽ എപ്പോഴെങ്കിലും രണ്ടു മരച്ചില്ലകൾ തമ്മിൽ കുരിശാകൃതിയിൽ നിൽക്കുന്നതായി കാണപ്പെട്ടാൽ അവിടെ മുട്ടുകുത്തി കണ്ണീരോടെ കുരിശു മരണത്തി ലൂടെ തന്നെ വീണ്ടെടുത്ത യേശുവിന് നന്ദി പറയുമായിരുന്നു. പുതു വർഷത്തിൽ വി. ഫ്രാൻസിസ് അസ്സീസ്സിയെ പോലെ നമുക്കും ക്രൂശിതനെ, നമ്മുടെ നാഥനെ നിരന്തരം ഓർക്കാം. സ്വന്തം ജീവൻ വിലയായി നൽകി നമ്മെ വീണ്ടെടുത്തവനെ ഓർമിക്കുവാൻ കുരിശും കുരിശടയാളവും നമ്മെ സഹായിക്കട്ടെ.

ഏവർക്കും പുതുവത്സരാശംസകൾ നേർന്നുകൊണ്ട്
സ്നേഹത്തോടെ,

**ഷിജുഅച്ചൻ**

| | | |
|---|---|---|
| 2022 - ജനുവരി | : | ക്രിസ്തു പ്രതീക്ഷയും പ്രത്യാശയും |
| പ്രാർത്ഥന മലരുകൾ | : | 75 വി. ഫ്രാൻസിസ് അസ്സീസ്സിയുടെ സമാധാന പ്രാർത്ഥന. |
| മിഷൻ പ്രയർബാങ്ക് | : | സാഗർ രൂപത(മണിമൂളി മേഖല യിലെ ശാഖകൾ) |
| സുകൃത ജപം | : | സ്നേഹമുള്ള ഈശോയെ ഞങ്ങളെ സ്നേഹമായ് മാറ്റേണമേ. |

**ഇടയന്റെ കൂടെ**

സീറോ മലബാർ സഭയിലെ ആരാധനാ ക്രമത്തിൽ നടപ്പിലാക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള സംശയങ്ങൾക്ക് മാനന്തവാടി രൂപത അധ്യക്ഷൻ മാർ ജോസ് പൊരുന്നേടം സാമൂഹിക മാധ്യമങ്ങളിലൂടെ തത്സമയം ഉത്തരം നൽകുന്ന ഓൺലൈൻ പ്രോഗ്രാം നവംബർ 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ നടത്തി. മിഷൻലീഗിന്റെ പ്രതിനിധിയായി എയ്ഞ്ചലീന ജോസ് (ആറാട്ടുത്തറ) പങ്കെടുത്തു.

**നന്ദിയും സ്വാഗതവും**

കഴിഞ്ഞ 9 വർഷക്കാലം നടവയൽ മേഖലയിൽ ജോ. ഡയറക്ടറായി സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവച്ചതിനുശേഷം ആരോഗ്യപ്രശ്നങ്ങൾമൂലം തൽസ്ഥാനത്തുനിന്നും മാറുന്ന സി. ആൻസ് മരിയ സി.എം.സി.ക്ക് രൂപത കുടുംബത്തിന്റെ നന്ദി. തരിയോട്, നടവയൽ മേഖലകളുടെ പുതിയ ജോ. ഡയറക്ടേഴ്സായി നിയമിതരായിരിക്കുന്ന സി. ഷേർളി എസ്.കെ.ഡി.യ്ക്കും, സി.ടെസ്‌ലിൻ സി.എം.സി. യ്ക്കും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാകുടുംബത്തിലേക്ക് സ്വാഗതം.

## J4 Joseph Instagram Reels Competition

വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് സി. എം. എൽ. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പതിനെട്ടു വയസ്സിൽ താഴെയുള്ള സി. എം. എൽ. അംഗങ്ങൾക്കായി J4 Joseph എന്ന പേരിൽ Instagram Reels Competition സംഘടിപ്പിച്ചു. ബൈബിൾ അധിഷ്ഠിതമായി വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതത്തിലെ

ഒന്നോ അതിലധികമോ സംഭവങ്ങൾ ഒരു വീഡിയോ രൂപത്തിൽ അഭിനയിക്കുന്ന മൽസരത്തിൽ ഏറ്റവും മികച്ചതായി മൂലേപ്പാടം ശാഖയും കല്ലോടി, നിലമ്പൂർ, തേൾപ്പാറ ശാഖകൾ പ്രോത്സാഹന സമ്മാനത്തിനും അർഹരായി.

**ഉജ്ജ്വലം ഈ പ്രേഷിതമാനസം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഈ നൂറ്റാണ്ടിന്റെ മഹാമിഷനറി ഫാ. ടോം ഉഴുന്നാലിൽ അച്ചന് സ്വീകരണം നൽകി. ക്രിസ്തു സുവിശേഷത്തിന് സധൈര്യം സാക്ഷ്യം നൽകിയ മഹാമിഷനറി തടവറയിലെ തന്റെ ത്യാഗപൂർവ്വമായ അനുഭവങ്ങൾ മിഷൻലീഗിന്റെ എക്സിക്യൂട്ടീവ് അംഗങ്ങളുമായി നടത്തിയ അഭിമുഖത്തിൽ പങ്കുവച്ചത് ഏറെ ശ്രദ്ധേയമായി. ചെറുപുഷ്പ മിഷൻ ലീഗിന്റെ യൂറ്റ്യൂബ് ചാനലിലൂടെ പ്രക്ഷേപണം ചെയ്തു.

**സദ്വാർത്ത**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ഡിസംബർ മാസം ബൈബിൾ മാസമായി ആചരിക്കുന്നു. വചനം മാംസം ധരിച്ച ഉണ്ണിയേശുവിന്റെ പിറവിക്കൊരുക്കമായിട്ട് വ്യക്തികൾക്കും കുടുംബങ്ങൾക്കും പങ്കെടുക്കാവുന്ന രീതിയിൽ ശാഖകളിലും മേഖലകളിലും ഒരു മാസം നീളുന്ന വ്യത്യസ്തമായ ബൈബിൾ അധിഷ്ഠിത പരിപാടികൾ ക്രമീകരിച്ചുകൊണ്ടാണ് സദ്വാർത്ത എന്ന പേരിൽ ബൈബിൾ മാസാചരണം ക്രമീകരിച്ചിരിക്കുന്നത്.

**കുഞ്ഞുമൊഴികളിലെ പുൽക്കൂട്**

ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ് സന്ദേശം നൽകുന്ന കഥകളുമായ് തിരുബാലസഖ്യത്തിലെ കുഞ്ഞുമാലാഖമാർ രംഗത്തെത്തി. കഥയോടൊപ്പം തിരുപിറവിക്ക് ഒരുങ്ങുവാൻ സഹായിക്കുന്ന ഒരു കുഞ്ഞു സുകൃതവും വി. ബൈബിളിൽ നിന്ന് ഒരു ചോദ്യവും എല്ലാ ദിവസവും രാവിലെ 10 മണിക്ക് ചെറുപുഷ്പ മിഷൻ ലീഗിന്റെയും മീഡിയ കമ്മീഷന്റെയും യൂറ്റ്യൂബ് ചാനലിൽ പോസ്റ്റു ചെയ്തു. ചോദ്യത്തിനുത്തരം തൊട്ടടുത്തദിവസം രാവിലെ 8 മണിവരെ അയക്കാൻ അവസരം നൽകി. ഓരോ ദിവസവും ശരിയുത്തരം അയക്കുന്നവരിൽ നിന്നും ഒരാളെ നറുക്കിട്ടെടുത്ത് ക്രിസ്തുമസ്സിന് വിജയികളായ 25 പേർക്ക് മനോഹരമായ സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**സ്നോ എയ്ഞ്ചൽസ്**

പ്രതീക്ഷയുടെ യാത്രയായ ക്രിസ്തുമസ്സിന് ആട്ടിടയരോടൊപ്പം ബത്‌ലഹേമിലേക്കുള്ള യാത്രയ്ക്കൊരുക്കമായി ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയിലെ വിവിധ മേഖലകളിൽ നിന്നായി 25 ഗായകർ ആലപിച്ച ഗാനങ്ങൾ ഡിസംബർ 1 മുതൽ 25 വരെ സ്റ്റാറ്റസ് വീഡിയോകളാക്കി സാമൂഹ്യ മാധ്യമങ്ങളിലൂടെ പങ്കുവച്ചു.

**വി. ഫ്രാൻസിസ് സേവ്യർ ക്വിസ്**

ചെറുപുഷ്പ മിഷൻ ലീഗിന്റെ ഉപമദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ ദിനത്തിൽ വി. ഫ്രാൻസിസ് സേവ്യറിന്റെ ജീവിതത്തെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തി. വിവിധ ശാഖകളിൽ നിന്നായി ആയിരത്തോളം കുട്ടികൾ ഈ മത്സരത്തിൽ പങ്കെടുത്തു. എ വിഭാഗത്തിൽ ജെഫ്രിൻ വെളക്കട കല്പറ്റ, മെറിൻ ജോസ് കൊച്ചുപറമ്പിൽ കല്ലോടി, റോസ് ലാൻഡ് ചെറിയാൻ മാലിത്തറ പനമരം എന്നിവരും, ബി. വിഭാഗത്തിൽ ജെന്ന ബ്രിജിറ്റ് മൂഴിക്കുഴിയിൽ നിലമ്പൂർ, അഖിൻ ആര്യപ്പിള്ളിൽ തോണിച്ചാൽ, അതുൽ ബാബു പന്തനാനിക്കൽ പാലേമാട് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**ബലിപീഠത്തിലെ സഹയാത്രികർ**

മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻ ലീഗും ഡിപ്പാർട്ട്മെന്റ് ഓഫ് മീഡിയ കമ്മ്യൂണിക്കേഷനും ചേർന്ന് ബലിപീഠത്തിലെ സഹയാത്രികർ എന്ന പേരിൽ അൾത്താര ബാലകരുടെ സംഗമം ഓൺലൈൻ ആയി സംഘടിപ്പിച്ചു. വി. കുർബാനയിലെ പ്രാർത്ഥനകളിലും, അർപ്പണ രീതികളിലും വന്ന മാറ്റങ്ങളെ അൾത്താര ബാലകർക്ക് പരിചയപ്പെടുത്തിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചത്. മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം നേതൃത്വം നൽകിയ പരിശീലന പരിപാടിയിൽ രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ധാരാളം അൾത്താര ശുശ്രൂഷികൾ പങ്കെടുത്തു.

**വി. യൗസേപ്പിതാവിന്റെ വർഷാചരണ സമാപനം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയും നീലഗിരി മേഖലയും ബോസ്പാറ ശാഖയും സംയുക്തമായി വി. യൗസേപ്പിതാവിന്റെ വർഷാചരണ സമാപനം ഡിസംബർ 12-ാം തിയ്യതി ബോസ്പാറ സെന്റ്. ജോസഫ് ദേവാലയത്തിൽ വച്ച് നടത്തി.

**മേഖല വാർത്തകൾ : -**

**കല്ലോടി മേഖല**

മതാധ്യാപക ദിനത്തിൽ മേഖലയിലെ മതാധ്യാപകരെ ആദരിക്കുകയും സെമിനാർ നടത്തുകയും ചെയ്തു. കല്ലോടി മേഖലയും കുഞ്ഞോം ശാഖയും സംയുക്തമായി അമ്മമാർക്ക് സെമിനാർ നടത്തി. കുഞ്ഞു മിഷനറിമാർക്കായി അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ ക്ലാസ്സുകൾ നയിച്ചു. തിരുബാലസഖ്യം കുട്ടികളുടെ കൂട്ടായ്മ സംഘടിപ്പിച്ചു സിസ്റ്റർ മരിയ സി.എം.സി. ക്ലാസ്സുകൾ നയിച്ചു. കുഞ്ഞോം ശാഖയിലെ ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ സഹായം കൊടുത്തു. കരിമ്പ് ശാഖയിലെ ജോ. ഡയറക്ടറുടെ പിതാവിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുകയും മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുകയും ചെയ്തു. ദേശീയ ബാലശാസ്ത്ര കോൺഗ്രസ് ജൂനിയർ വിഭാഗത്തിൽ സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കുഞ്ഞോം ശാഖയിലെ അബിന മുക്കലിന് ആശംസകൾ നേർന്നു.

**നടവയൽ മേഖല**

മതാധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. ക്രിസ്തു രാജന്റെ തിരുന്നാൾ ശാഖകളുടെ സഹകരണത്തോടെ ആഘോഷിച്ചു. ക്രിസ്തുമസ് 25 ദിന പ്രവർത്തന മാർഗ്ഗരേഖ 'വചനപുൽക്കൂട്' പുറത്തിറക്കി. നവംബർ 6 മുതൽ ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന്റെ ജപമാല പ്രതിഷ്ഠ പോസ്റ്റർ രൂപത്തിൽ ശാഖകളിൽ എത്തിച്ചു.

**നിലമ്പൂർ മേഖല**

ജോ. ഡയറക്ടേഴ്സ് സംഗമം നടത്തി. മേഖല ടീം അംഗങ്ങൾ നിലമ്പൂർ ലിറ്റിൽ ഫ്ളവർ സെമിത്തേരി സന്ദർശിച്ച് ശുദ്ധീകരാത്മാക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു.

**ദ്വാരക മേഖല**

ഓൺലൈൻ വചന വാക്യ മത്സരം നടത്തി. 10,11,12 ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടി 'നവമാധ്യമങ്ങൾ നമ്മുടെ വിശ്വാസത്തെ എങ്ങനെ സ്വാധീനിക്കുന്നു, നവമാധ്യമങ്ങൾ കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്നുവോ'...? എന്ന വിഷയത്തെ ആസ്പതമാക്കി വെബിനാർ നടത്തി. കേരള അക്കാദമിയിലെ ഗ്രേസി ടീച്ചർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. വി. ഫ്രാൻസിസ്

സേവ്യർ അനുസ്മരണവും കൺവെൻഷനും ദ്വാരക മേഖല ഡയറക്ടർ ബഹുമാനപ്പെട്ട ജോസ് കപ്യാരുമലയിൽ അച്ചന്റെ നേതൃത്വത്തിൽ ഓൺലൈൻ വഴി നടത്തി.

**ശാഖ വാർത്തകൾ :**

**വഞ്ഞോട്**

നവംബർ മാസത്തിൽ സി.എം.എൽ. അംഗങ്ങൾ എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുകയും സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ഇടവകയിലെ രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. വാർഡുകളിൽ നടന്ന പ്രാർത്ഥനയ്ക്ക് സി.എം.എൽ. അംഗങ്ങൾ നേതൃത്വം നൽകി.

**പനമരം:**

എല്ലാ ആഴ്ചയിലും ആരാധനയ്ക്കു നേതൃത്വം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. പനമരം നവജ്യോതി വൃദ്ധമന്ദിരത്തിൽ 7000 രൂപയുടെ ഭക്ഷണ സഹായം നൽകി. മതാധ്യാപക ദിനത്തിൽ അദ്ധ്യാപകർക്കായി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും സമ്മാനം നൽകുകയും ചെയ്തു. അഖില കേരള പ്രസംഗ മത്സരത്തിൽ ശാഖയിൽ നിന്നും ബെൻഹർ പങ്കെടുത്തു.

**കളത്തുവയൽ :**

വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനത്തിൽ അധ്യാപകർക്ക് പ്രാർത്ഥനകളും ആശംസകളും നേർന്നു. വീഡിയോ പ്രെസന്റേഷൻ നടത്തി. ശിശുദിനം ആഘോഷിച്ചു. 1, 2 ക്ലാസ്സിലെ കുട്ടികൾക്കായി പ്രവേശനോത്സവവും പ്രത്യേക പ്രാർത്ഥനയും നടത്തി. കുട്ടികളുടെ ഫോട്ടോസ് ശേഖരിച്ച് വീഡിയോ പ്രെസന്റേഷൻ നടത്തി.ഭവന സന്ദർശനം നടത്തി, രോഗി സന്ദർശനം നടത്തി. ക്രിസ്തു രാജന്റെ തിരുനാളിനോടനുബന്ധിച്ച് പ്ലക്കാർഡ് നിർമ്മാണം നടത്തി. അൾത്താര ബാലന്മാർക്ക് കുർബാന പരിശീലനം നൽകി.

**റൂബിനഗർ :**

5-ാം ക്ലാസുമുതൽ 12-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികൾക്കു വേണ്ടി വി.ലൂക്ക 9-ാം അധ്യായം മുതൽ 19-ാം അധ്യായം വരെ ക്വിസ് മത്സരം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. ശാഖ അംഗങ്ങൾ സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു.

**അമ്പലവയൽ :**

കഴിഞ്ഞ 2 വർഷങ്ങളിൽ ആദ്യ കുർബ്ബാന സ്വീകരിച്ച് ഈ വർഷം മിഷൻലീഗ് അംഗത്വം സ്വീകരിച്ച കുട്ടികൾക്കായി എയ്ഞ്ചൽ മീറ്റും സെമിനാറും നടത്തി. ഡിസംബർ 1മുതൽ 25 വരെ കുട്ടികൾക്കായി വ്യത്യസ്ത ചലഞ്ചുകൾ ഉൾകൊള്ളിച്ച് സുകൃത ചലഞ്ച് നടത്തി വരുന്നു.

പുതുവർഷത്തിൽ ജൂബിലി ചൈതന്യം ഹൃദയത്തിലേറ്റു വാങ്ങി, കർമ്മപഥങ്ങൾ പ്രേഷിത വീര്യത്താൽ നിറച്ച്, വീണ്ടും ചെമ്മഞ്ഞകൊടിക്കീഴിൽ ക്രിസ്തു ശിഷ്യരായ് അണിനിരക്കാം.

**സജീഷ് എടത്തട്ടേൽ**
സി.എം.എൽ. രൂപത സെക്രട്ടറി

# Department of Youth Ministry

## Jesus Professional Community Camp for +2 Students

ക്രൈസ്തവ ആദ്ധ്യാത്മികതയിലും കരിയർ വിദ്യാഭ്യാസത്തിലും അടിസ്ഥാനമിട്ട് തൊഴിൽ, പ്രാർത്ഥന, കഠിനാദ്ധ്വാനം എന്നീ മൂല്യങ്ങളിൽ അടിയുറച്ച് യേശുവിനെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെയും യുവജനങ്ങളുടെയും കൂട്ടായ്മയാണ് ജീസസ്സ് പ്രൊഫ ഷണൽ കമ്മ്യൂണിറ്റി. ജീസസ്സ് പ്രൊഫഷനൻ കമ്യൂണിറ്റിയിലെ +2 വിദ്യാർത്ഥിക്കൾക്കായ് 2021 ഡിസംബർ 10-ാം തിയതി വെള്ളിയാഴ്ച വൈകുന്നേരം 7 മണി മുതൽ 12-ാം തിയതി ഞായറാഴ്ച രാവിലെ വരെ വാകേരി സെന്റ് ആന്റണീസ് ഇടവകയിൽ വെച്ച് ക്യാമ്പ് നടത്തി.

ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റി സംഘടിപ്പിച്ച ക്യാമ്പിൽ പത്തൊൻപത് +2 വിദ്യാർത്ഥികൾ പങ്കെടുത്തു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ബഹു. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഒരോരുത്തർക്കും വ്യക്തമായ രീതിയിൽ തങ്ങളുടെ പ്രൊഫ ഷൻ കണ്ടെത്തുന്നതിന് സഹായിക്കുന്ന കരിയർ ഗൈയിഡൻ സിനും ലീഡർഷിപ്പ് ട്രെയിനിങ്ങിനും നേതൃത്വം നല്കി. ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയുടെ ആനിമേറ്റർ സി. ഡിവിന എസ്. ഡി. കുമ്പസാരത്തിനുള്ള ഒരുക്കം നടത്തി, കൗമാരക്കാരുടെ ഇടയിലെ ചതിക്കുഴികൾ എന്ന വിഷയത്തെ കുറിച്ച് ക്ലാസ്സും എടുത്തു. അവരിലെ വ്യത്യസ്തമായ കഴിവുകളെ പുറത്ത് കൊണ്ടു വരുന്നതിന് സഹായകരമായ ഗ്രൂപ്പ് ഡൈനാമിക്സ് മുള്ളൻ ക്കൊല്ലിയിലെ ആന്റണി മങ്കടപ്ര സാർ നേതൃത്വം നൽകി. പരസ്പരം അറിയാനും ജീവിതത്തിന്റെ സ്വപ്നങ്ങളെ പരസ്പരം പങ്കുവയ്ക്കാനും ഒരു ലക്ഷ്യബോധം ഉള്ളിൽ രൂപപ്പെടുത്താനും ഈ ക്യാമ്പിലൂടെ സാധിച്ചു. ക്യാമ്പിന് എല്ലാവിധ സഹകരണവും പ്രോത്സാഹനവും നല്കി ത്യാഗപൂർവ്വം ജെ.പി കമ്മ്യൂണിറ്റി അംഗങ്ങളെ പരിശീലിപ്പിച്ച ലാലച്ചനും, സി. ഡിവിനയ്ക്കും, വാകേരി ഇടവകയ്ക്കും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**പ്രണാമം**

നിത്യ സമ്മാനത്തിന് വിളിക്കപ്പെട്ട വന്ദ്യ വൈദികർക്ക് പ്രണാമം അർപ്പിച്ചുകൊണ്ട് നവംമ്പർ മാസം മുഴുവൻ സോഫിയ സ്റ്റാറ്റസ് വീഡിയോസ് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ട മാനന്തവാടി രൂപ തയിലെ വന്ദ്യ വൈദീകരെ ഓർമ്മിക്കുന്ന രീതിയിൽ ക്രമീകരിച്ചു. ഇത് വിദ്യാർത്ഥികളിൽ തിരുസഭയോടുള്ള ആദരവ് വർദ്ധിക്കുന്നതിനും, മാനന്തവാടി രൂപതയെ ഏറെ സ്നേഹിക്കുന്നതിനും സഹാ യിച്ചു. ഈ സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കിയത് ലൈഫ് 2020 ബാച്ചിലെ ആൻ മരിയ അജിന്റെ നേതൃത്വത്തിലാണ്.

**നവംബർ ചലഞ്ച്**

ശുദ്ധീകരണ ആത്മാക്കളെ അനുസ്മരിക്കുന്ന നവംബർ മാസ ത്തിൽ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ തങ്ങളുടെ കുടുംബങ്ങളിൽ നിന്ന് മരണമടഞ്ഞു പോയവരെ അനുസ്മരിച്ചു കൊണ്ട് വീടുകളിൽ കച്ച നിർമ്മിച്ച് പ്രാർത്ഥിച്ചു. കൂടാതെ ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം പോസ്റ്റർ രൂപത്തിൽ നിർമ്മിച്ച് സമൂഹമാധ്യമങ്ങളിലൂടെ പൊതുജനസമക്ഷം എത്തിച്ചു.

**PELLUCID HEART**

നവംബർ മാസത്തിൽ സ്വർഗ്ഗം സ്വന്തമാക്കാൻ എന്തൊക്കെ കരുതലുകൾ നമുക്ക് വേണം എന്നു സൂചിപ്പിച്ചുകൊണ്ട് ലൈഫ് ട്രെയിനിങ്ങ് 2019 ബാച്ച് കാരുടെ നേതൃത്വത്തിൽ "PELLUCID HEART" അതായത് 'തെളിഞ്ഞ ഹൃദയം' എന്ന പേരിൽ നവംബർ 21 മുതൽ 30 വരെ പത്തു ദിവസം നീണ്ടു നിൽക്കുന്ന സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കി. സ്പിരിച്വൽ ഡേ ലീഡേഴ്സ് ആയ ടെസ്വിൻ ജോഷി വഞ്ചോട്, ജോസ്വിൻ ജോസ് മുള്ളൻകൊല്ലി എന്നിവരുടെ നേതൃത്വത്തിൽ ആണ് ഈ വീഡിയോസ് തയ്യാറാക്കിയത്. ഇവരോടൊപ്പം സഹകരിച്ച സാന്ദ്ര, ഹെലേന, ക്രിസ്റ്റി, നേഹ, ജോസ്ന, ഹെലേന, അനന്യ, അലൻ, മരിയ, എന്നിവർക്ക് അഭിനന്ദനങ്ങൾ.

**ലോക ശാസ്ത്രദിനം**

യുവർ നൈബർ അസോസിയേഷനും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി 2021 നവംബർ പത്താം തീയതി ലോക ശാസ്ത്ര ദിനംആചരിച്ചു. ലൈഫ് ട്രെയിനിങ്ങ് വിദ്യാർഥികളുടെ നേ തൃത്വത്തിൽ ഡിജിറ്റൽ പോസ്റ്റർ മേക്കിങ്ങ് മത്സരവും, സയൻസ്

ഡേ ക്വിസ് എന്നിവയും സംഘടിപ്പിച്ചു. ഇതിൽ ഡിജിറ്റൽ പോസ്റ്ററിന് ഏബൽ തോമസ്, ജിയന്ന മരിയ, റെയ്ന എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ലോക ശാസ്ത്ര ദിന ക്വിസിൽ ആഗ്നസ് ഷാജി ഒന്നാംസ്ഥാനവും, അൻഷാ ഷൈജു, ആൻ മരിയ എന്നിവർ രണ്ടാം സ്ഥാനവും, അലോണ മരിയ പോൾ മൂന്നാം സ്ഥാനവും സ്വന്തമാക്കി. ഈ ദിനാഘോഷത്തിന് നേതൃത്വം നൽകിയത് 2020 ലൈഫ് ട്രെയിനിങ്ങ് വിദ്യാർഥിനി മരിയ റോസ്ലിലിൻ ആണ്. ഒരു ശാസ്ത്ര അഭിരുചി വിദ്യാർത്ഥികളിൽ വളർത്തുവാൻ ദിനാഘോഷം ഏറെ സഹായകരമായി. വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ.

### ശിശുദിനം

2021 നവംബർ 14 ആം തീയതി യുവർ നെയ്ബർ അസോസിയേഷന്റെയും ലൈഫ് ട്രെയിനിങ്ങിന്റെയും നേതൃത്വത്തിൽ ശിശുദിനാഘോഷങ്ങൾ സംഘടിപ്പിച്ചു. കുറിപ്പ് രചനാ മത്സരവും, ആർട്ട് ആൻഡ് ക്രാഫ്റ്റ് മത്സരങ്ങളും ലൈഫ് ട്രെയിനിങ്ങ് വിദ്യാർഥികൾക്ക് വേണ്ടി സംഘടിപ്പിച്ചു. ശിശുദിനത്തെ പറ്റി വിദ്യാർത്ഥികൾക്കുള്ള അറിവുകളും പഴയകാല ഓർമ്മകളും ഉൾപ്പെടുത്തി തയ്യാറാക്കുന്ന കുറിപ്പ് രചനാ മത്സരത്തിൽ ജിയന്ന, ധര എന്നിവർ ഒന്നാം സ്ഥാനവും, അലോണ, ഏബൽ എന്നിവർ രണ്ടാം സ്ഥാനവും, ആഞ്ജലീന ഗിൽഡ എന്നിവർ മൂന്നാംസ്ഥാനവും കരസ്ഥമാക്കി. കൂടാതെ പേപ്പർ ഉപയോഗിച്ച് നെഹ്റുവിന്റെ തൊപ്പി, റോസ് എന്നിവ നിർമ്മിക്കുന്ന മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. 20 വിദ്യാർത്ഥികൾ പങ്കെടുത്ത ഈ മത്സരത്തിൽ ആൻ മരിയ അജിൻ, ആൻ മരിയ എസ്, അലോണ മരിയ പോൾ, എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഈ ദിനാഘോഷത്തിന് നേതൃത്വം വഹിച്ചത് സോഷ്യൽ ഡേ ലീഡേഴ്സായ അമൽ ജോർജ് ക്രിസ്റ്റി, സോഫിയ കുര്യൻ, മരിയ റോസിലിൻ എന്നിവരാണ്. വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ.

### ലോക പൈതൃക വാരം

2021 നവംബർ 19-25 ദിനങ്ങളിലായി യുവർ നെയ്ബർ അസോസിയേഷനും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി ലോകപൈതൃകവാരം ആചരിച്ചു. നവംബർ 19ന് ഏതെങ്കിലും ഒരു പൈതൃക ഗ്രാമത്തെ പറ്റി കുറിപ്പ് തയ്യാറാക്കാൻ ആണ് ടാസ്ക് നൽകിയത്. ഈ മത്സരത്തിൽ അലോണ, അലൻ, ജിയന്ന,

എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. രണ്ടാം ദിനം നവംബർ ഇരുപതാം തീയതി ഏതെങ്കിലും ഒരു പുരാവസ്തുവിനെപ്പറ്റി അതിന്റെ ഉപയോഗങ്ങൾ, ഉപയോഗിച്ചിരുന്ന സ്ഥലങ്ങൾ കണ്ടെത്തി കുറുപ്പ് തയ്യാറാക്കാനാണ് ടാസ്ക് നൽകിയത്. ഈ മത്സരത്തിൽ ജിയന്ന, അലോണ, ആഗ്നസ് എന്നിവർ സമ്മാനാർഹരായതായി. മൂന്നാം ദിനം നവംബർ 21 ന് പുരാവസ്തുക്കൾ എങ്ങനെ കാലങ്ങളോളം കാത്തുസൂക്ഷിക്കാം എന്നതിന്റെ വിവരങ്ങൾ ശേഖരിക്കുകയായിരുന്നു വേണ്ടത്. ഈ മത്സരത്തിൽ ഏബൽ തോമസ്, ആഗ്നസ് ഷാജി, അലോണ മരിയ പോൾ, എന്നിവർ സമ്മാനിതരായി. നാലാം ദിനമായ നവംബർ 22 ന് പുരാവസ്തുക്കളും പൈതൃക സ്മാരകങ്ങളും എന്തിനാണ് ഇത്ര പ്രാധാന്യം നൽകി നാം കാത്തുസൂക്ഷിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള വിവരശേഖരണം ആയിരുന്നു.

അവസാന ദിവസമായ നവംബർ 23 ന് പുരാവസ്തുക്കളുടെ ഫോട്ടോയും അത് ഉള്ള സ്ഥലങ്ങളുടെ ഫോട്ടോയും കണ്ടുപിടിച്ച ഒരു വീഡിയോ നിർമ്മിക്കുന്ന മത്സരമായിരുന്നു. വിദ്യാർഥികൾ ഇതിൽ വളരെ സ്നേഹത്തോടെ പങ്കുചേർന്നു. സ്വന്തം നാട്ടിലെ വസ്തുക്കളെക്കുറിച്ചും പൈതൃകത്തിലേക്ക് ആഴ്ന്നിറങ്ങാനും ഇടവരുത്തി. സോഷ്യൽ ഡേ ലീഡേഴ്സായ സോഫിയ, അമൽ, മരിയ റോസിലിൻ എന്നിവരാണ് ഹേറിറ്റേജ് വീക്കിന് നേതൃത്വം നൽകിയത്. നേതൃത്വം നൽകിയവർക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

### ഉണ്ണിശോയ്ക്ക് പിറന്നാൾ സമ്മാനം

'ഉണ്ണിശോയ്ക്ക് പിറന്നാൾ സമ്മാനം' എന്ന പേരിൽ ലൈഫ് ട്രെയിനിങ്ങ് 2020 ബാച്ച്കാരുടെ നേതൃത്വത്തിൽ സോഫിയ സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കുന്നു. ലൈഫ് വിദ്യാർത്ഥിനി ആൻ മരിയ മാത്യു കേണിച്ചിറയുടെ നേതൃത്വത്തിലാണ് ഇത് തയ്യാറാക്കുന്നത്. മനോഹരമായ ഗാനങ്ങളും പ്രാർത്ഥനകളും ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഈ സ്റ്റാറ്റസ് വീഡിയോസ് അനേകർക്ക് പ്രചോദനമാകുന്നു.

## Route to Bethleham

ഉണ്ണി യേശുവിന്റെ വരവിനായി ഒരുങ്ങുന്ന 25 നോമ്പ് കാലയളവിൽലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾക്ക് നൽകിയ പ്രത്യേക പരിശീലനം രീതിയാണ് റൂട്ട് ടു ബേത്‌ലെഹം എന്ന പരിപാടി.

സ്വന്തം വീടിന്റെ ചിത്രം വരച്ച് അവിടെ നിന്ന് ബേത്ലഹേം റൂട്ട് മാപ്പ് തയ്യാറാക്കുന്നു. അനുദിനം ചെയ്യുന്ന സുകൃതങ്ങളും പ്രാർത്ഥനാ മഞ്ചരികളും വഴി നിശ്ചിത കിലോമീറ്റർ സഞ്ചരിക്കുന്നു. അനുദിനം രാവിലെ 5.30 ന് നടക്കുന്ന സൂം മീറ്റിങ്ങിലൂടെ ഇതിനുള്ള കൃത്യമായ ദിശാബോധം വിദ്യാർത്ഥികൾക്ക് നൽകുന്നു. ഒപ്പം അന്ന് ചെയ്യേണ്ട സുകൃതങ്ങൾ അടങ്ങിയ പോസ്റ്റർ വിദ്യാർത്ഥികൾക്ക് നൽകുന്നു. കൂടാതെ ലൈഫ് വിദ്യാർത്ഥികൾ ഓരോരുത്തരായി മൂന്ന് മിനിറ്റ് നീളുന്ന ക്രിസ്തുമസ് സന്ദേശങ്ങൾ കൂട്ടുകാർക്കായി പങ്കുവയ്ക്കുന്നു. ഇങ്ങനെ വളരെ വ്യത്യസ്തമായ രീതിയിൽ ഉണ്ണിയേശുവിന്റെ വരവിനായി വിദ്യാർത്ഥികൾ തയ്യാറാകുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാദർ ലാൽ ജേക്കബ് പൈനുംങ്കൽ, കോഡിനേറ്റർ സി. ആൻസി തോമസ് CMC എന്നിവർ ഇതിന് നേതൃത്വം വഹിക്കുന്നു.

**സി. ആൻസി തോമസ് സി. എം. സി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**IUVENTA-21**

'നീ എഴുന്നേറ്റു നിൽക്കുക. ഇപ്പോൾ നീ എന്നെപ്പറ്റി കണ്ടതിന് സാക്ഷിയായി നിന്നെ ഞാൻ നിയമിക്കുന്നു' (അപ്പ 26/16) എന്ന വചനത്തിലൂന്നി പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്ത, 2023 ൽ നടക്കുവാനിരിക്കുന്ന അന്താരാഷ്ട്ര യുവജനദിനത്തോടനുബന്ധിച്ച് കെസിവൈഎം മാനന്തവാടി രൂപ തഒരുക്കിയ അന്താരാഷ്ട്ര യുവജനദിനാഘോഷത്തിന്റെ ഉദ്ഘാടനം IUVENTA 21 എന്ന പേരിൽ നടവയൽ മേഖലയുടെ ആതിഥേയ ത്വത്തിൽ നടവയൽ ഹോളി ക്രോസ്സ് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ദൈവാലയത്തിൽ സംഘടിപ്പിച്ചു. ഒത്തുചേരാനായി, ആഘോഷിക്കാനായി, പങ്കുവെയ്ക്കാനായി കെ.സി.വൈ.എം. മാനന്തവാടി രൂപത ഒരുക്കിയ IUVENTA 21 കെസിവൈഎം സംസ്ഥാന ജനറൽ സെക്രട്ടറി ഷിജോ ഇടയാടിയിൽ ഉദ്ഘാടനം ചെയ്തു ആർച്ച് പ്രീസ്റ്റ് ഫാ. ജോസ് മേച്ചേരിയിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും 'യുവത്വത്തിന്റെ സാധ്യതകളും നേരിടേണ്ടി വരുന്ന വെല്ലുവിളികളും' എന്ന വിഷയത്തെ ആസ്പദമാക്കി യൂത്ത് ട്രെയിനർ റവ. ഫാ. മനു മൈക്കിൾ SDB ക്ലാസ്സ് നയിച്ചു. രൂപതാതല മത്സരങ്ങളുടെ സമ്മാനദാനം കർമ്മലീത്ത സന്യാസസമൂഹത്തിന്റെ സേക്രട്ട് ഹാർട്ട് പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സൂപ്പീരിയർ ഡോ. സി. ജാസ്മിൻ മരിയ സിഎംസി നിർവ്വഹിച്ചു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ഒത്തുചേർന്ന ആഘോഷ നിമിഷങ്ങൾക്ക്, ചുണ്ടക്കര യൂണിറ്റിന്റെ രംഗപൂജ, നടവയൽ യൂണിറ്റിന്റെ Instrumental show, രൂപത സിൻഡിക്കേറ്റ് അംഗങ്ങളായ യുവതികൾ അവതരിപ്പിച്ച സംഘനൃത്തം, ചെറുകാട്ടൂർ യൂണിറ്റിന്റെ ഫ്ളാഷ് മോബ്, തരിയോട് മേഖലയുടെ നാസിക്ഡോൾ എന്നിവ ശ്രദ്ധേയമായിരുന്നു. രൂപത സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ, നടവയൽ മേഖല, നടവയൽ യൂണിറ്റ് ഭാരവാഹി

കൾ എന്നിവർ നേതൃത്വം നൽകി. ആവേശോജ്വലമായി മാറിയ സമ്മേളനത്തിൽ മുന്നൂറിലധികം യുവജനങ്ങളുടെ സാന്നിധ്യം ഉണ്ടായിരുന്നു. IUVENTA -21 ന്റെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ച എല്ലാവർക്കും ഹൃദയപൂർവ്വകമായ നന്ദിയറിക്കുന്നു.

**അഭിനന്ദനങ്ങൾ**

2021 ഡിസംബർ 7 ന് പാലാരിവട്ടം പി ഒ സി യിൽ നടന്ന കേരള കത്തോലിക്ക് കൗൺസിലിന്റെ (KCC) വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ വെച്ച് എക്സിക്യൂട്ടീവ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട ബിബിൻ ചെമ്പക്കരയ്ക്ക് അഭിനന്ദനങ്ങൾ.

**രുചികരമായ കേക്കുകൾ മിതമായ വിലയിൽ**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് എല്ലാ കുടുംബങ്ങളിലും മിതമായ നിരക്കിൽ കേക്കുകൾ നൽകുന്നതിനും കാരുണ്യസഹായ നിധിയിലേക്ക് ഒരു സംഭാവനയായും മാനന്തവാടി രൂപത സമിതിയുടെ നേതൃത്വത്തിൽ കേക്കുകൾ വിതരണം ചെയ്തു. ഓർഡർ ചെയ്തതനുസരിച്ച് ജനങ്ങളിലേക്ക് എത്തിക്കുന്ന പദ്ധതിയാണ് രൂപീകരിച്ചിരുന്നത്. പ്ലം കേക്ക് (800+gm) Rs. 220, ക്യാരറ്റ് കേക്ക് (800+gm)- Rs. 250, റിച്ച് പ്ലം (800+gm)- Rs. 350, ബട്ടർ (600+gm)- Rs. 250 എന്നീ നാലുതരത്തിലുള്ള കേക്കുകളാണ് വില്പന നടത്തിയത്.

**വി. യൗസേപ്പിതാവിന്റെ വർഷാചരണം - സമാപനദിനം**

കന്യാവ്യതക്കാരുടെ സംരക്ഷകനും, തൊഴിലാളികളുടെ മധ്യസ്ഥനും, തിരുകുടുംബത്തെ സ്നേഹവാത്സല്യങ്ങളോടെ നയിച്ചവനുമായ വി. യൗസേപ്പിതാവിന്റെ വർഷാചരണത്തിന്റെ സമാപന ദിനമായ ഡിസംബർ 8 ന് വി. യൗസേപ്പിതാവിനെക്കുറിച്ചുള്ള സന്ദേശം കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കതോട്ടത്തിൽ സാമൂഹിക മാധ്യമങ്ങളിൽ പങ്കുവെച്ചു.

**കെ.സി.വൈ.എം. മാനന്തവാടി രൂപത 28 ന്റെ നിറവിൽ**

മാറുന്ന കാലത്തിന്റെ കരുത്തായി, സേവന പാതയിലൂടെ, ക്രിസ്തു സ്നേഹവാഹകരായി, ധീരതയോടെ, നാടിനായി അണിനിരക്കുന്ന യുവഹൃദയങ്ങളുടെ സംഗമവേദിയായ കെസിവൈഎം. 1994 ഡിസംബർ 10, മനുഷ്യാവകാശ ദിനത്തിൽ മാർ ജേക്കബ്

തൂങ്കുഴി പിതാവ് മാനന്തവാടി രൂപത KCYM പ്രസ്ഥാനത്തിന് തിരി തെളിച്ചു. തെല്ലും മാറ്റ് കുറയാതെ 27 വർഷകാലമായി ഈ ജ്വാല ഇന്നും ജ്വലിച്ചുനിൽക്കുന്നു. യുവജന പ്രസ്ഥാനം വി. പൗലോസ് ശ്ലീഹായുടെ വിശ്വാസമാതൃകയെ പിഞ്ചെന്ന് വചനത്തിലൂടെ വിമോചനത്തിലേക്ക് എന്ന മുദ്രാവാക്യം ഏറ്റുപറഞ്ഞുകൊണ്ട് സമൂഹത്തിന്റെ ശബ്ദമായി മുന്നോട്ട് കുതിക്കുമ്പോൾ, നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകി കൂടെയായിരിക്കുന്ന എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദിയറിയിക്കുന്നു.

**പരിഷ്കരിച്ച നിയമാവലി – പ്രകാശനം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ പരിഷ്കരിച്ച നിയമാവലി 2021 ഡിസംബർ 11 ന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ രക്ഷാധികാരി അഭിവന്ദ്യ മാർ. ജോസ് പൊരുന്നേടം പിതാവ് രൂപത പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടക്കാതടത്തിലിനു നൽകി പ്രകാശനം ചെയ്തു. രൂപത സെക്രട്ടറിയേറ്റ് അംഗങ്ങളും സിൻഡിക്കേറ്റ്, സെനറ്റ് പ്രതിനിധികളും സന്നിഹിതരായിരുന്നു.

**ഉത്സവ് 2021**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ 2021 വർഷത്തെ കലാ – സാഹിത്യ മത്സരങ്ങൾ 2021 ഡിസംബർ 12,19 തിയ്യതികളിൽ ഓൺലൈനായി സംഘടിപ്പിച്ചു. രൂപതയിൽ നിന്ന് 50 ൽ പരം യുവജനങ്ങൾ മത്സരത്തിൽ പങ്കെടുത്തു.

**ആദരാഞ്ജലികൾ**

കലാ – സാഹിത്യ ലോകത്തിന് തീരാനഷ്ടമായി, മരണമടഞ്ഞ ഗാനരചയിതാവ് ബിജു തിരുമലയ്ക്കും, തമിഴ്നാട്ടിലെ കൂനൂർ ഹെലികോപ്റ്റർ അപകടത്തിൽ മരണപ്പെട്ട ഇന്ത്യൻ സംയുക്ത സൈനിക മേധാവി ജനറൽ ബിബിൻ റാവത്തിനും ഭാര്യയ്ക്കും സഹസൈനികർക്കും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മലയോര പ്രദേശങ്ങളെ ഭീതിയിലാഴ്ത്തുന്ന കടുവകളുടെ പരാക്രമണത്തിനെതിരെ അടിയന്തിര നടപടി സ്വീകരിക്കണം കടുവയുടെ ആക്രമണത്തിൽ വിറങ്ങലിക്കുന്ന മലയോര പ്രദേശങ്ങളിൽ താത്കാലിക നടപടികൾക്കുപകരം, ജനങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്ന നടപടികൾ സ്വീകരിക്കണമെന്നും കെ.സി.വൈ.എം. മാനന്തവാടി രൂപതാസമിതി അഭിപ്രായപ്പെട്ടു.

**മേഖല വാർത്തകൾ**

**ചുങ്കക്കുന്ന് മേഖല**

സകല വിശുദ്ധരുടെയും തിരുനാൾ, സകല മരിച്ചവരുടെയും തിരുനാൾ, ക്രിസ്തുരാജത്വ തിരുനാൾ, വി. മാർട്ടിൻ ഡി പോറസ് തിരുനാൾ, വി. ചാൾസ് ബോറോമിയോ എന്നീ ദിനങ്ങളിൽ വേണ്ട ഒരുക്കങ്ങൾ നടത്തുകയും സമുചിതമായി ആഘോഷിക്കുകയും ചെയ്തു. കേരള പിറവി, ശിശു സംരക്ഷണ ദിനം, ദേശീയ വിദ്യാഭ്യാസദിനം, ശിശുദിനം, അന്താരാഷ്ട്ര പുരുഷ ദിനം, എന്നീ ദിനങ്ങളുടെ പ്രത്യേകതകൾക്കനുസരിച്ച് പോസ്റ്റർ നിർമ്മിച്ച് സോഷ്യൽ മീഡിയയിൽ പങ്ക് വച്ചു. ബഫർസോൺ കരട് വിജ്ഞാപനം പിൻവലിക്കുക, രൂക്ഷമായ വന്യമൃഗശല്യത്തിന് അറുതി വരുത്തുക എന്നീ ആവശ്യങ്ങളുന്നയിച്ച് നടത്തിയ ജനകീയ ഒപ്പ് ശേഖരണത്തിൽ 3000 ൽ പരം വ്യക്തികൾ ഒപ്പുവച്ചു. കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ 'മുല്ലപ്പെരിയാർ ഡാമിന്റെ തകർച്ച കേരളത്തിന്റെയും' വിഷയത്തിൽ നടത്തിയ ചർച്ചയിൽ (Open Your Opinion) മേഖലാ പ്രതിനിധികൾ പങ്കെടുത്തു.

**ദ്വാരക മേഖല**

ഡിസംബർ 7 ന് ദ്വാരക മേഖലയിലെ എല്ലാ യൂണിറ്റുകളിലും യൂണിറ്റ് ഇലക്ഷൻ നടത്തുകയും പുതിയ ഭാരവാഹികളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. മേഖല വാർഷിക സെനറ്റും തെരഞ്ഞെടുപ്പും സംഘടിപ്പിച്ചു. ABLAZE 2021 എന്ന പേരിൽ പുറത്തിറക്കിയ മാഗസിന്റെ പ്രകാശനം രൂപതാ പ്രസിഡണ്ട് ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ നിർവ്വഹിച്ചു. കഴിഞ്ഞ പ്രവർത്തന വർഷത്തിലെ വിവിധ മത്സരങ്ങളുടെ സമ്മാനദാനവും, ക്രിസ്തുമസ് ആഘോഷവും നടത്തി.

**യൂണിറ്റ് വാർത്തകൾ**

**കയ്യൂന്നി യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ നിർധന കുടുംബത്തിലെ അമ്മച്ചിക്ക് ബാത്ത്റൂമും ടോയിലറ്റും പണിതുകൊടുത്തു. PCOD എന്ന വിഷയത്തെക്കുറിച്ച് മാതാപിതാക്കൾക്കും പെൺകുട്ടികൾക്കും Dr. Sr. Liz Mathew SH സെമിനാർ നടത്തി. മതാദ്ധ്യാപകരെ ആദരിച്ചു. യുവജന സംഘടനയുടെ നേതൃത്വത്തിൽ

ബത്തേരി കരുണ ആശുപത്രി സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ക്യാമ്പിൽ 130 പേർ പങ്കെടുത്തു. രൂപതയുടെ നേതൃത്വത്തിൽ നടവയലിൽ വച്ചു നടത്തിയ IUVENTA - 21 ൽ പങ്കെടുത്തു. ഗൂഡല്ലൂർ മേഖലയിലെ ബെസ്റ്റ് യൂണിറ്റിനുള്ള സമ്മാനം കയ്യൂന്നി യൂണിറ്റ് കരസ്ഥമാക്കി

**ജിയോ ജെയിംസ് മച്ചുക്കുഴിയിൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**സ്വാഗതം**

മാനന്തവാടി രൂപത മാതൃവേദി, മരിയൻ സിംഗിൾസ്, ഗോഡ്ബ്ലെസ്സ് മാട്രിമണി, പ്രോലൈഫ്, ലോഗോസ് എന്നിവയുടെ ഡയറക്ടർ, ഫാമിലി അപ്പസ്റ്റോലേറ്റ് അസോ. ഡയറക്ടറും ആയി ബഹു. ബിനു വടക്കേൽ അച്ചൻ ഉത്തരവാദിത്വമേറ്റു. പുതിയ ദൗത്യമേറ്റെടുക്കുന്ന അച്ചന് ഹൃദ്യമായ സ്വാഗതവും, സർവ്വവിധ മംഗളങ്ങളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**വിവാഹ ഒരുക്ക കോഴ്സ്**

നവംബർ 24,25,26 തിയതികളിൽ നടത്തിയ കോഴ്സിൽ 85 പേർ പങ്കെടുത്തു. അടുത്ത കോഴ്സ് ജനുവരി 7,8,9/21,22,23 എന്നീ തീയതികളിൽ

**മരിയൻ സിംഗിൾസ്**

മരിയൻ സിംഗിൾസിലെ അംഗങ്ങൾ 350000 നന്മനിറഞ്ഞ മറിയവും 1000 കരുണകൊന്തയും ചൊല്ലി സഭയിലുള്ള എല്ലാവരും വിശ്വാസത്തിൽ ആഴപ്പെടാനും ക്രിസ്തുമസിന് ഒരുക്കത്തിനായും പ്രാർത്ഥിച്ചു.

**പ്രോ-ലൈഫ്**

കോഴിക്കോട് നടന്ന മേഖല മീറ്റിംഗിൽ രൂപത പ്രതിനിധി കൾ പങ്കെടുത്തു.

**മാതൃവേദി**

രൂപതയിലെ എല്ലാ ശാഖകളിലേക്കുമുള്ള രൂപത ഭാരവാഹികളുടെ വിസിറ്റ് വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു. ഡയറക്ടർ അച്ചന്മാർക്കും ആനിമേറ്റേഴ്സിനും, ഭാരവാഹികൾക്കും നന്ദി. ബഹു. രൂപത ഡയറക്ടറായിരുന്ന ജോജോ കുടക്കച്ചിറ യച്ചന്റെ നേതൃത്വത്തിൽ 50 വയസ്സിൽ താഴെ പ്രായമുള്ളവരും ആറ് മക്കളിൽ കൂടുതലുള്ളവരുമായ ദമ്പതികളുടെ കുടുംബങ്ങൾ സന്ദർശിച്ചു. സമ്മാനങ്ങൾ നൽകി ആദരിച്ചു.

**'Feliz Navidad 2021'**

രൂപതയിലെ എല്ലാ മേഖലകളിൽനിന്നും ഓരോ ടീമിനെ സംഘടിപ്പിച്ച് കരോൾ ഗാന മത്സരം നടത്തി. പങ്കെടുത്ത എല്ലാ ടീമിന്റെയും പ്രോഗ്രാമുകൾ മലനാട്, വയനാട് വിഷൻ എന്നീ ടിവി ചാനലുകളിലൂടെ സംപ്രക്ഷണം ചെയ്തു. കരോൾഗാന മത്സരത്തിൽ യഥാക്രമം നടവയൽ, ബത്തേരി, ചുങ്കക്കുന്ന് ഒന്നും, രണ്ടും മൂന്നും സ്ഥാനം മേഖലകൾ കരസ്ഥമാക്കി. സമ്മാനാർഹരായ മേഖലകൾക്ക് ക്യാഷ് അവാർഡ് നൽകുകയും മറ്റ് മേഖലകൾക്ക് പ്രോത്സാഹന സമ്മാനം നൽകി ആദരിക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**മാതൃവേദി അംഗത്വസ്വീകരണം-നവീകരണം**

മാതൃവേദി അംഗത്വനവീകരണത്തിനും പുതുതായി അംഗത്വമെടുക്കുന്നതിനുമുള്ള സമയമായി. 3 വർഷത്തിലൊരിക്കലാണ് നാം ഇത് ചെയ്യുന്നത്. അടുത്ത 3 വർഷത്തേക്കുള്ള അംഗത്വം പുതുക്കാനും പുതിയ ആളുകളെ ചേർക്കാനുമായി പുതിയ ലിസ്റ്റ് ഇടവകകളിൽ തയ്യാറാക്കേണ്ടതാണ്. അമ്മമാരുടെ പേര്, വീട്ടുപേര്, ജനനതീയതി എന്നിവ സഹിതം ലിസ്റ്റ് ഡിസംബർ 30- നകം രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. അംഗത്വ ഫീസ് ഒരാൾക്ക് 10 രൂപയാണ്. രൂപതയിൽനിന്നും കഴിഞ്ഞതവണ പ്രിന്റുചെയ്തു തന്ന ലിസ്റ്റ് പരിശോധിച്ച് നിലവിൽ അംഗങ്ങളല്ലാത്തവരുടെ പേരുകൾ നീക്കം ചെയ്യണം. പേരുകൾ അക്ഷരത്തെറ്റുകൂടാതെ മലയാളത്തിൽ എഴുതണം. പുതിയ അംഗത്വകാർഡും അംഗത്വനമ്പറും വാർഷിക ദിവസം വിതരണം ചെയ്യുന്നതാണ്.

**തിരഞ്ഞെടുപ്പ്**

2022-2025 വർഷത്തേക്കുള്ള മാതൃവേദി ഭാരവാഹികളുടെ ശാഖാ മേഖലാതല തിരഞ്ഞെടുപ്പുകൾ പൂർത്തിയായി. രൂപതയിൽ ജനുവരി മാസമാണ് തെരഞ്ഞെടുപ്പ്. മേഖലാ ഭാരവാഹികൾ: പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി, 2 കൗൺസിൽ അംഗങ്ങൾ. ഇവരെ മേഖലാ ജനറൽ ബോഡിയിൽനിന്നും തിരഞ്ഞെടുക്കണം. മേഖലാ ഭാരവാഹികളിൽ നിന്നും ഒരാളെ രൂപതാ എക്സിക്യൂട്ടീവ് അംഗമായി തിരഞ്ഞെടുക്കണം. പ്രസ്തുത ആൾ എല്ലാ രൂപതാ എക്സിക്യൂട്ടീവിലും പങ്കെടുക്കണം. മേഖലാ രൂപതാ ഭരണസമിതികളിലേക്ക് 65 വയസ്സിൽ താഴെ പ്രായമുള്ളവരെ മാത്രമേ പരിഗണിക്കാവൂ. ഒരാളെ തുടർച്ച

യായി 2 തവണയിൽ കൂടുതൽ ഭരണസമിതിയിലേക്ക് തിരഞ്ഞെടുക്കാവുന്നതല്ല. തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ മാതൃവേദി രൂപതാ നിയമാവലിയുടെ 11-ാം പേജിൽ കൊടുത്തിട്ടുണ്ട്.

**മുള്ളൻകൊല്ലി മേഖല:**

ശുദ്ധീകരാത്മാക്കൾക്കായുള്ള വണക്കമാസവും സിമിത്തേരി സന്ദർശിച്ചുള്ള പ്രത്യേക പ്രാർത്ഥനകളും അമ്മമാർ നടത്തി. സകല വിശുദ്ധരുടേയും തിരുന്നാൾ ആഘോഷിച്ചു. ഏതാണ്ട് എല്ലാ ശാഖകളിലും ശാഖാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് കാര്യക്ഷമമായി നടന്നു.

**പയ്യമ്പള്ളി മേഖല:** സെമിത്തേരി സന്ദർശിച്ചു. മൃതിയടഞ്ഞ മാതൃവേദി അംഗങ്ങൾക്കുവേണ്ടി വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

**വഞ്ഞോട്:** മരണമടഞ്ഞ മാതൃവേദി അംഗങ്ങൾക്ക് വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു സെമിത്തേരി സന്ദർശിച്ചു. മക്കിയാട് ധ്യാന കേന്ദ്രം ക്ലീനിങ്ങിനായി 40 അമ്മമാർ സഹകരിച്ചു. രൂപത വിസിറ്റ് നടത്തി.

**കയ്യൂന്നി:** സകല വിശുദ്ധരുടെയും തിരുനാൾ ആചരിച്ചു. മതാധ്യാപകരെ ആദരിച്ചു. ഡോക്ടർ സി. ലിസ് മാത്യു മാതാപിതാക്കൾക്ക് വേണ്ടി സെമിനാർ നടത്തി. സൗജന്യ നേത്ര നിർണയ ക്യാമ്പ് നടത്തി. വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു. ഒരു നിർധന രോഗിക്ക് 3000 രൂപ ചികിത്സാ സഹായം നൽകി. നേതൃത്വസ്ഥാനം പൂർത്തിയാക്കിയ ഭാരവാഹികൾക്ക് സമ്പൂർണ ബൈബിളും കൊന്തയും നൽകി ആദരിച്ചു.

**വാളേരി:** സകല വിശുദ്ധരോടും മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് സിമിത്തേരി സന്ദർശം നടത്തി. മരണം മൂലം വേർപ്പെട്ട ബന്ധുമിത്രാധികൾക്കും പൂർവികർക്കും വേണ്ടി കുർബാന ചൊല്ലിച്ചു. മേഖല രൂപതാ സന്ദർശനം നടന്നു. സാന്താ മോനിക്കാ പ്രാർത്ഥന അമ്മമാർ നടത്തി വരുന്നു. ചിട്ടി നറുക്കെടുപ്പ് നടത്തി. മരണമടഞ്ഞവരുടെ ഭവനം സന്ദർശിച്ച് ആത്മാവിന്റെ നിത്യ ശാന്തിക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

**അപ്പപ്പാറ:** വിധവകളായ അമ്മമാരെ ആദരിച്ചു. സമ്മാനം നൽകി.

മൃതിയടഞ്ഞ മാതൃവേദി അംഗങ്ങളെ അനുസ്മരിച്ചു. ഒപ്പീസ് ചൊല്ലി.

**നരിവാലമുണ്ട:** മതാധ്യാപക ദിനത്തിൽ മതാധ്യാപകർക്ക് ആശംസകൾ അറിയിച്ചു. ശാഖ തിരഞ്ഞെടുപ്പ് നടത്തി. മുൻ ശാഖ ഭാരവാഹികൾക്ക് സ്നേഹ ഉപഹാരം നൽകി. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണ ഭാഗമായി മേഖല തയ്യാറാക്കുന്ന കയ്യെഴുത്തുമാസികക്കു ചിത്രങ്ങളും രചനകളും നൽകി. രക്ഷകന്റെ പാലകനോട് ചേർന്ന് എന്ന വിഷയത്തിൽ ഡാൻസ് പ്രോഗ്രാമിലൂടെ യൗസേപ്പിതാവിനെ അവതരിപ്പിച്ച് സോഷ്യൽ മീഡിയായിൽ അപ് ലോഡ് ചെയ്തു.

ഇടവകയിലെ ജോസഫ് നാമധാരികളായ പിതാക്കന്മാരെ ആദരിച്ചു സ്നേഹ ഉപഹാരം നൽകി. 50 വയസ്സിനു മുകളിൽ പ്രായമുള്ള പിതാക്കന്മാർക്ക് ആയി യൗസേപ്പിതാവിന്റെ വേഷധാരികൾ ആയി മത്സരം നടത്തി സമ്മാനം നൽകി. പരീക്ഷയെഴുതുന്ന മക്കൾക്കായി ആരാധന നടത്തി.

**പുതിയിടംകുന്ന് :** രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. മൃതിയടഞ്ഞ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. രൂപത സന്ദർശനം നടത്തി.

**കൽപ്ര:** ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. സെമിത്തേരി സന്ദർശനം നടത്തി. ബഹു. ഫാ. അഗസ്റ്റ്യൻ താന്നിയിൽ ക്ലാസ് നയിച്ചു. മാതൃവേദി തെരഞ്ഞെടുപ്പ് നടത്തി.

**മാനന്തവാടി:** സെമിത്തേരിയിൽ നടന്ന പ്രാർത്ഥനകളിൽ എല്ലാ അമ്മമാരും പങ്കെടുത്തു. ചെയിൻ റോസറി നടത്തി. സമ്പൂർണ്ണ ബൈബിൾ വായിച്ച് വചനങ്ങൾ എഴുതിയ അമ്മമാർക്കും, പുതിയ നിയമം സ്വന്തം കൈപ്പടയിൽ എഴുതിയ അമ്മമാർക്കും സമ്മാനം നൽകി.

**പൂക്കോട്ടുംപാടം:** സകല വിശുദ്ധരുടെയും തിരുന്നാൾ ദിനത്തിൽ ഭാരതത്തിലെ വിശുദ്ധരെ പരിചയപ്പെടുത്തിക്കൊണ്ട് വീഡിയോ പോസ്റ്റ് ചെയ്തു. ശുദ്ധീകരണത്മാക്കളുടെ വണക്കമാസം വായിച്ചു. സെമിത്തേരി സന്ദർശനം നടത്തി. വി. കുർബാനയിലും പ്രാർത്ഥനകളിലും പങ്കെടുത്തു. ആദ്യ വെള്ളിയാഴ്ച ചെയിൻ റോസറി നടത്തി. എല്ലാ സൺഡേസ്കൂൾ കുട്ടികൾക്കും ജപമാല കഴുത്തിലണിയിച്ചു കൊടുത്തു. ഇടവകയിലെ എല്ലാ

ഭക്തസംഘടനാ ഭാരവാഹികളെയും ആദരിച്ചു. 35000 ജപമാല ചൊല്ലി.

**കുറുംമ്പാല:** പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. ഇടവകയിലെ ഒരു നിർധനകുടുംബത്തിന് 6000 രൂപയുടെ ആടിനെ വാങ്ങി വളർത്തുവാൻ കൊടുത്തു. ബഹു. രൂപത മതബോധന ഡയറക്ടർ ഫാ. തോമസ് കാട്ടുതുരുത്തി മതബോധനം പഠിക്കുന്ന കുട്ടികളുടെ അമ്മമാർക്കുവേണ്ടി മാതബോധനത്തിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ് എടുത്തു 45 അമ്മമാർ പങ്കെടുത്തു.

**കളത്തുവയൽ:** ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി കുർബാന ധർമ്മം നൽകി. രൂപത ടീം ശാഖാ സന്ദർശനം നടത്തി. ശാഖാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**കുറുമണി:** സെമിത്തേരി, പൂന്തോട്ടം എന്നിവ നന്നാക്കി. ശിശുദിനത്തോടനുബന്ധിച്ച് കുഞ്ഞുങ്ങളുടെ കലാപരിപാടികൾ ഓൺലൈൻ ആയി നടത്തി. സമ്മാനങ്ങൾ നൽകി. ഭാരവാഹികളെ തെരഞ്ഞെടുത്തു. ഒരു നിർദ്ദന രോഗിക്ക് 1000 രൂപ നൽകി.

**തലപ്പുഴ:** എല്ലാ ദിവസവും സെമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. കിടപ്പുരോഗിയെ സന്ദർശിച്ചു, അവർക്കുവേണ്ടി സഹായങ്ങൾ ചെയ്തുകൊടുത്തു.

**മഞ്ഞൂറ:** സെമിത്തേരി സന്ദർശനം നടത്തി. ഇടവകയിലെ ഒരു ക്യാൻസർ രോഗിക്ക് 2000 രൂപ ചികിത്സ സഹായം നൽകി.

സീതാമൗണ്ട് - വിവിധ നിയോഗങ്ങൾക്കായി കരുണകൊന്ത, ചെയിൻ റോസറി എന്നിവ നടത്തി. രോഗീസന്ദർശനം, ഭവനസന്ദർനം, സെമിത്തേരി സന്ദർശനം എന്നിവ നടത്തി.

**കുഞ്ഞോം:** കാഴ്ച സമർപ്പണം നടത്തി. രൂപത പ്രസിഡൻറ് വിജി ടീച്ചർ അമ്മമാർക്കായി ക്ലാസ് എടുത്തു. ക്രിസ്ത്യാനി എന്ന നിലയിൽ അഭിമാനം കൊള്ളുക വിശ്വാസത്തിൽ അടിയുറച്ചു വളരുക എന്നതായിരുന്നു വിഷയം. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. മരിച്ചുപോയ മാതൃവേദി അംഗങ്ങൾക്കുവേണ്ടി കുർബാന നടത്തുകയും സെമിത്തേരി സന്ദർശിക്കുകയും ചെയ്തു. സാന്താ മോനിക്ക മധ്യസ്ഥപ്രാർത്ഥന എല്ലാ അമ്മമാർക്കും ദിവസവും അയച്ചുകൊടുത്തു. മേഖല രൂപത ഭാരവാഹികൾ ഇടവകയിൽ സന്ദർശനം നടത്തി.

**മരകാവ്:** സകല മരിച്ച വിശ്വാസികളേയും അനുസ്മരിച്ച് സെമിത്തേരി സന്ദർശിച്ചു. ഇടവകയിലെ മുഴുവൻ കുഞ്ഞുങ്ങൾക്കു വേണ്ടി പ്രത്യേകമായി പ്രാർത്ഥിച്ചു. ശാഖാ തിരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതിയുടെ ലിസ്റ്റ് മേഖലയ്ക്ക് കൊടുത്തു. മുൻ ഭാരവാഹികളെ മെമന്റോ നൽകി ആദരിച്ചു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**പുതിയിടം:** ക്യാൻസർ രോഗികൾ, കുട്ടികൾ എന്നിവർക്ക് വേണ്ടി പ്രാർത്ഥിച്ചു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. മേഖലയ്ക്ക് വേണ്ടി 5 ബെഡ്ഷീറ്റുകൾ നൽകി.

**പാൽചുരം:** മരിച്ചവരുടെ തിരുനാളിനോടാനുബന്ധിച്ചു പള്ളിയും സെമിത്തേരിയും വൃത്തിയാക്കി. സകലവിശുദ്ധരുടെ തിരുനാൾ ആചരിച്ചു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**മരക്കടവ് :** സിമിത്തേരിയും പരിസരവും വൃത്തിയാക്കി. മത അധ്യാപക ദിനം ആചരിച്ചു. നവോമി സന്ദർശനം നടത്തി. വിദ്യാഭ്യാസ സഹായം നൽകി. ഇടവക പരിധിയിൽ ഉള്ള സോറിയാസിസ് രോഗിക് മരുന്ന് വാങ്ങി നൽകി.

**കോട്ടത്തറ :** സെമിത്തേരി സന്ദർശനം നടത്തി. എല്ലാ കുഞ്ഞുങ്ങൾക്കും ശിശുദിനാശംസകൾ നേർന്നു. വിവിധ നിയോഗങ്ങൾക്കായി കരുണകൊന്ത ചൊല്ലി.

**പറളികുന്ന് :** കൊറോണ ബാധിച്ച് സാമ്പത്തിക ബുദ്ധിമുട്ടിലായ കുടുംബത്തിന് ധനസഹായം നൽകി. സകല വിശുദ്ധരുടെ തിരുനാൾ ആഘോഷിച്ചു. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു രോഗീ സന്ദർശനം നടത്തി.

**ഫാ. ജോജോ കുടക്കച്ചിറ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

ഒക്ടോബർ, ഡിസംബർ 6 ന് സിയോൻ ആദ്യശനി ഏകദിന കൺവെൻഷൻ പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ വെച്ച് രാവിലെ 9.30 മുതൽ 12.30 വരെ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് നടന്നു. ഫാ. ഷിജു ഐക്കരകാനായിൽ ബലിയർപ്പിച്ചു. ഫാ. പ്രിൻസ് തെക്കേതിൽ വചനപ്രഘോഷണവും ആരാധനയും നടത്തി.

എല്ലാ ഞായറാഴ്ചയും ഫാ. പ്രിൻസ് തെക്കേതിൽ, ഫാ. സോണി വാഴകാട്, ഫാ. ജിന്റോ തട്ടുപറമ്പിൽ എന്നിവർ ഓൺലൈനായി വചനവിചിന്തനങ്ങൾ പങ്കുവച്ചു.

ഡിസംബർ 10 ന് വെള്ളിയാഴ്ച ശുശ്രൂഷകരുടെ ഏകദിന പ്രാർത്ഥനാക്കൂട്ടായ്മ ഉണ്ടായിരുന്നു.

സിയോൻ ചാപ്പലിൽ എല്ലാ ദിവസവും രാവിലെ 11. 00 ന് വി. കുമ്പസാരവും, ദിവ്യകാരുണ്യ ആരാധനയും 12 മണിക്ക് വി. കുർബാനയും നടത്തുന്നു.

Spiritual Sharing നും കുമ്പസാരത്തിനുമായി ധാരാളം പേർ ധ്യാനകേന്ദ്രത്തിൽ വന്നു.

ഡിസംബർ 16 മുതൽ 19 വരെ താമസിച്ചുള്ള ധ്യാനം നടത്തി. ക്രിസ്തുമസിനോട് അനുബന്ധിച്ചു പ്രത്യേക വചനസന്ദേശങ്ങൾ ഓൺലൈനായി നല്കി.

---

**NB:** അടുത്ത ആദ്യശനി കൺവെൻഷൻ ശുശ്രൂഷകൾ ജനുവരി 1 –ന് രാവിലെ 9.30 മുതൽ 3.00 വരെ ആയിരിക്കും. നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് Spiritual Sharing ന് സൗകര്യം ഉണ്ടായിരിക്കും.

^m. tkmWn hmglm´v
Ub-d-IvS¿, kntbm≥ kn.-B¿.kn.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

എല്ലാവർക്കും പുതുവത്സരത്തിന്റെ ആശംസകൾ. കഴിഞ്ഞ വർഷത്തിലേയ്ക്ക് നമ്മൾ തിരിഞ്ഞുനോക്കുമ്പോൾ നമ്മുടെ ഓർമ്മകളിൽ അവശേഷിക്കുന്നത് ചിലപ്പോൾ സന്തോഷത്തിന്റെയും, അതല്ലെങ്കിൽ വേദനയുടേയും ഓർമ്മകളായിരിക്കാം. നമ്മെ വളരെയധികം സ്നേഹിച്ചവർ, അല്ലെങ്കിൽ നമ്മൾ വളരെയധികം സ്നേഹിച്ച പലരും നമ്മെ വിട്ടുപിരിഞ്ഞുപോയിന്നിരിക്കാം. സാമ്പത്തികമായ ഉയർച്ചയും താഴ്ചയും നമ്മെ വിട്ടുപിരിഞ്ഞുപോയിരിക്കാം. ചിലപ്പോഴെങ്കിലും വേദനകൾക്ക് മുന്നിൽ നാം പതറിപോയിരിക്കാം. എന്നാൽ നമ്മുടെ സന്തോഷത്തിനും സന്താപത്തിനും പിന്നിൽ ദൈവത്തിന്റെ വലിയ പദ്ധതികളുണ്ടെന്ന് നാം പലപ്പോഴും തിരിച്ചറിയാതെ പോകുന്നു. നാം തകർച്ചയെന്നും പരാജയമെന്നും കരുതുന്ന പലതും നമ്മുടെ നന്മയ്ക്കായി ഭവിക്കാനുതകുന്നവയായി മാറുവാനുള്ളതാണ്. ദൈവത്തിന്റെ അനന്തസ്നേഹത്തിന് തെരഞ്ഞെടുക്കപ്പെട്ട നമുക്ക് ഈ പുതിയ വർഷം പ്രത്യാശയുടെ വർഷമായി തീരട്ടെ.

**സി.സി.യോഗം**

ഡിസംബർ നാലിന് രാവിലെ 11.30ന് സി.സി. ബോഡ് യോഗം പ്രസിഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരിയുടെ അധ്യക്ഷതയിൽ ചേർന്നു. നടവയൽ ഹോളിക്രോസ് ആർക്കി എപ്പിസ്കോപ്പൽ വികാരി റവ. ഫാ. ജോസഫ് മേച്ചേരി മുഖ്യസന്ദേശം നൽകി. സി.സി. ജനറൽ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ ഓസാനാംഭവൻ കണക്കുകൾ അവതരിപ്പിച്ചു. യോഗം ചർച്ചകൾക്കുശേഷം അംഗീകരിച്ചു. മാനന്തവാടി രൂപത ജൂബിലി പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുവാനായി തീരുമാനിച്ചു. സെന്റ് കമിലസ് കോൺഗ്രിഗേഷനുമായി സഹകരിച്ച് നടപ്പാക്കുന്ന ഭക്ഷ്യവസ്തുക്കളുടെ വിതരണോദ്ഘാടനം റവ. ഫാ. ജോസഫ് മേച്ചേരി നിർവ്വഹിച്ചു. ഡിസംബർ 28-ന് ഓസാനാംഭവൻ മീറ്റ് നടത്തുവാൻ തീരുമാനിച്ചു. ജൂബി

ലിയുടെ ഭാഗമായി മറ്റ് സുമനസ്സുകളുമായി സഹകരിച്ച് പ്രോജക്ടുകൾ നടപ്പാക്കുവാൻ തീരുമാനിച്ചു.

എല്ലാവർക്കും നന്മനിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു.

സ്നേഹപൂർവ്വം,
**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
(സി.സി. ആത്മീയ ഉപദേഷ്ടാവ്)
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
(സി. സി. പ്രസിഡന്റ്)

# സാമൂഹ്യ സേവനരംഗം (WSSS)

## സന്ദർശനം നടത്തി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന നബാർഡ് കെ എഫ് ഡബ്ലു സോയിൽ പ്രൊജക്ടിന്റെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നബാർഡ് ഹെഡ് ഓഫീസിലെ ചേതന നഗന്ധ, വയനാട് ജില്ലാ നബാർഡ് മാനേജർ ജിഷ വി എന്നിവർ പൊർലോം നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മിറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ കല്ല് കയ്യാലകൾ, മൺകയ്യാലകൾ, കിണർ റീചാർജ്ജിങ്, തേനീച്ച വളർത്തൽ, പച്ചക്കറി കൃഷി, കിഴങ്ങു വിളകളുടെ കൃഷി, പുതയിടിൽ, തൊഴുത്ത് നിർമ്മാണം, പയർ വർഗ്ഗ കൃഷി, തീറ്റപ്പുൽ കൃഷി, അസോള കൃഷി, ഫലവൃക്ഷ തൈകളുടെ വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കി. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, നീർത്തട കമ്മിറ്റി അംഗങ്ങളായ എൻ. എസ് ബെന്നി, വി.ടി അനിൽകുമാർ എന്നിവർ നേതൃത്വം നൽകി.

## കൊയ്ത്ത് ഉത്സവം നടത്തി

കേരളത്തിലെ രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെ ഏകോപനത്തിനായി പ്രവർത്തിച്ചുവരുന്ന കേരള സോഷ്യൽ സർവ്വീസ് ഫോറം കേരളത്തിലെ 32 രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റികളിലും നടപ്പിലാക്കിവരുന്ന നർച്ചർ പദ്ധതിയുടെ ഭാഗമായി കൊയ്ത്തുത്സവം നടത്തി. തൃശ്ശിലേരി പാടശേഖരത്തിൽ നടന്ന കൊയ്ത്തുത്സവം കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടിവ് ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ ഉദ്ഘാടനം ചെ

യ്തു. കേരളത്തിലെ എല്ലാ രൂപതകളിലും വ്യത്യസ്ത തരത്തിലുള്ള പ്രവർത്തനങ്ങളാണ് നർച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സോഷ്യൽ സർവ്വീസ് ഫോറം നടപ്പിലാക്കി വരുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി സഹകരിച്ച് ഒറ്റഞാർ നെൽകൃഷി വ്യാപനം, ജൈവ പച്ചക്കറികൃഷി, വിത്ത് ബാങ്കുകൾ, സ്ട്രിപ്പ് ഫാർമിംഗ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിൽ ഒറ്റഞാർ രീതിയിൽ കൃഷി ചെയ്ത നെൽകൃഷിയുടെ വിളവെടുപ്പാണ് തൃശ്ശിലേരിയിൽ നടന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, കേരള സോഷ്യൽ സർവ്വീസ് ഫോറം പ്രോഗ്രാം ഓഫീസർ സിസ്റ്റർ ജസീന്ത, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ. എന്നിവർ കൊയ്ത്തുത്സവത്തിന് നേതൃത്വം നൽകി. തൃശ്ശിലേരി പാടശേഖരത്തിലെ കർഷകർക്കൊപ്പം കേരള കാർഷിക സർവ്വകലാശാല പഠനക്കാട് ക്യാമ്പസിലെ വിദ്യാർത്ഥികളും കൊയ്ത്തുത്സവത്തിൽ പങ്കാളികളായി.

**ഹ്രസ്വകാലസാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു**

കട്ടിംഗ് & ടെയ്ലറിംഗ് (6 മാസം) കട്ടിംഗ് & ടെയ്ലറിംഗ് (3 മാസം) ചുരിദാർ & സാരിബ്ലൗസ് (3 മാസം) ഹാൻഡ് എംബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ് പെയിന്റിംഗ് (1 മാസം) കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## DDU-GKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്ന് ചേർന്ന് കൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU-GKY കോഴ്സിന്റെ ഈ അധ്യയന വർഷത്തെ ക്ലാസുകൾ കാട്ടിക്കുളം, ബോയ്സ്ടൗൺ, മാനന്തവാടി എന്നീ സെന്ററുകളിൽ 175 ഓളം കുട്ടികൾ പഠനപരിശീലനം നടത്തിവരുന്നു. കോവിഡിന്റെ പ്രസരണം മൂലം ബോയ്സ് ടൗൺ സെന്റർ താത്ക്കാലികമായി കുറച്ചു ദിവസം അടച്ചിടേണ്ടി വന്നു. എങ്കിലും ആരോഗ്യ വകുപ്പിന്റെയും കുടുംബശ്രീയുടെയും

നല്ലവരായ രക്ഷിതാക്കളുടെയും എല്ലാം കൂട്ടായ സഹകരണവും പ്രോത്സാഹനവും കൊണ്ട് പൂർവ്വാധികം ശക്തിയോടെ സെന്റർ വീണ്ടും തുറന്നു പ്രവർത്തനം ആരംഭിച്ചു.

ഫിറ്റർ ഫാബ്രിക്കേഷൻ 35 പേരോടുകൂടി പുതിയ ബാച്ച് ആരംഭിക്കുകയും പുതിയ വിദ്യാർത്ഥികൾക്ക് സ്വാഗതവും പഠന സാമഗ്രികളും ബഹുമാനപ്പെട്ട പോൾ അച്ചന്റെയും ജിനോജച്ച ന്റെയും നേതൃത്വത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും വിതരണം ചെയ്തു.

കേരളപ്പിറവി ദിനാഘോഷം എല്ലാ സെന്ററുകളിലും അതി വിപുലമായി ആചരിക്കുകയും വിദ്യാർത്ഥികളുടെ വിവിധങ്ങളായ കലാപരിപാടികൾ കൊണ്ട് മനോഹരമാക്കുകയും ചെയ്തു. ദിവസേ നയുള്ള യോഗ പരിശീലനവും മറ്റും വിദ്യാർത്ഥികളുടെ ആരോഗ്യ പരമായ കാര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നടത്തിപ്പോരുന്നു. വിദ്യാർ ത്ഥികളുടെ കലാ കായിക അഭിരുചികൾ വർദ്ധിപ്പിക്കുവാനും അതുപോലെ സമൂഹത്തിന് മുൻപിൽ അവരുടെ കഴിവുകളെ ഉയർത്തികാട്ടുവാനായി എല്ലാ വെള്ളിയാഴ്ച്ചകളിലും സാഹിത്യ സമാജം, ഔട്ട്ഡോർ ഗെയിമുകൾ എന്നിങ്ങനെ നടത്തിപ്പോരുന്നു. എല്ലാ ദിവസവും മുടങ്ങാതെയുള്ള അസംബ്ലിയും, വൈകുന്നേരങ്ങ ളിലുള്ള ആത്മപരിശോധനയും പരിശീലനത്തിന്റെ മികവ് കൂട്ടുന്ന തോടൊപ്പം വിദ്യാർത്ഥികൾക്ക് കൂടുതൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച്ച വെക്കാനും ഇതുമൂലം സാധിക്കുന്നു. ഏകദേശം 45 ഓളം വിദ്യാർ ത്ഥികൾക്ക് കോവിഡ് വാക്സിൻ നൽകുവാൻ സാഹചര്യം ഒരുക്കി കൊടുക്കുവാൻ സാധിച്ചു എന്നതും പ്രശംസനീയമായ കാര്യങ്ങ ളിൽ ഒന്നാണ്. തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരു ന്നവർക്ക് ഭക്ഷണം, താമസം കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകിവരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വവികസന ക്ലാസുകൾ എന്നിവയും നൽകിപ്പോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധനസാമഗ്രി കളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSCയുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ ഒന്ന് മുതൽ ആറു മാസം വരെ ജോലി ചെയ്യുന്ന സ്ഥലങ്ങൾക്ക്

അനുസൃതമായി 3000, 2000, 1000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. എല്ലാ കോഴ്സുകൾക്കും എസ്. എസ് എൽ. സി. യാണ് അടിസ്ഥാന യോഗ്യത. എല്ലാ കോഴ്സുകളിലേക്കുമുള്ള അഡ്മിഷനുകൾ ആരംഭിച്ചുകഴിഞ്ഞു.

**കോഴ്സുകളും അനുബന്ധ വിവരങ്ങളും**

1. ഫുഡ് പ്രൊസസിംഗ് & പ്രിസർവേഷൻ (Non-Residential)
2. ഡൊമസ്റ്റിക് ഇലക്ട്രീഷ്യൻ & പൈപ്പ് ഫിറ്റർ (Residential)
3. ഫിറ്റർ ഫാബ്രിക്കേഷൻ (Residential)
4. ബ്യൂട്ടീഷൻ (Residential)

കൂടുതൽ വിവരങ്ങൾക്ക് 7560892324 എന്ന നമ്പറിലോ WSSS ന്റെ ഓഫീസ് നമ്പറായ 04935 240314 എന്ന നമ്പറിലോ ബന്ധപ്പെടുക.

## Save A Family

സേവ് എ ഫാമിലി കുടുംബോദ്ധാരണ പദ്ധതിയിൽ ആ മാസം കുടുംബങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കി സേവ് എ ഫാമിലി ഓഫീസിലേക്ക് സമർപ്പിച്ചു. പുൽപ്പള്ളി റീജിയണിൽപ്പെട്ട കുടുംബങ്ങൾക്കായി പട്ടാണികൂപ്പ് ഉണ്ണിമിശിഹാ പള്ളിയിലും പുൽപ്പള്ളി കൃപാലയ സ്പെഷ്യൽ സ്കൂളിൽ വച്ചും മീറ്റിംഗുകൾ നടത്തി. പദ്ധതിയിൽ വന്നിട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ച് ബോധവത്ക്കരണം നടത്തി. ക്ലാസുകൾക്ക് കോ-ഓർഡിനേറ്റർ സി. അനിലിറ്റ് എഫ്.സി.സിയും ആനിമേറ്റർ ശ്രീമതി സുജാ മാത്യുവും നേതൃത്വം നൽകി. നമ്മുടെ കുടുംബങ്ങൾക്കായി സഹായം നൽകുന്നവർക്ക് ക്രിസ്തുമസ് പുതുവത്സര സന്ദേശങ്ങൾ അയയ്ക്കുന്നതിനുള്ള ഒരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

ചെറുകാട്ടൂർ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ മാനന്തവാടി നിയോജക മണ്ഡലം MLA ശ്രീ.ഒ. ആർ കേളുവിനെ ആദരിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ മൊമന്റോ നൽകി. കൂടാതെ SSLC, PLUS TWO പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ SWS അംഗങ്ങളുടെ മക്കളെയും M.A പൊളിറ്റി

ക്സിൽ 3-ാം റാങ്ക് നേടിയ അഞ്ജലി ജോണിയേയും ആദരിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ ബിന്ദു പ്രകാശ്, പനമരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡ് സിനോ പാറക്കാലായിൽ, റവ. ഫാ. നിഷ്വിൻ, SWS ഫീൽഡ് കോർഡിനേറ്റർ ആലീസ് സിസിൽ, കുര്യാക്കോസ് മുള്ളൻമട, ആന്റണി വെള്ളാക്കുഴി, മേരി മഠത്തിപ്പറമ്പിൽ എന്നിവർ സംസാരിച്ചു. പുൽപ്പള്ളി കൊളറാട്ടുക്കുന്നിലെ ഐശ്വര്യ സംഘ ത്തിലെ 10 അംഗങ്ങൾക്ക് സോപ്പുത്പ്പന്നങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം നൽകി. പരിശീലനത്തിന് ഫീൽഡ് കോഡിനേറ്റർ സുജ മാത്യു നേതൃത്വം നൽകി. ആറാട്ടുതറ SWS ൽ 'അമ്മ അറി യാൻ' എന്ന പേരിൽ ഒരു സെമിനാർ സംഘടിപ്പിക്കുകയും സി. ഡീന ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ റവ. ഫാ. ഷാജു മുളവേലിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു.

**ദുരന്ത ലഘൂകരണ പദ്ധതി (നവജീവൻ)**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി തവിഞ്ഞാൽ, കുഞ്ഞോം എന്നീ സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന വിഷയത്തിൽ SWS കോഡിനേറ്റർ ജോജോ, ഫീൽഡ് കോഡിനേറ്റർ ഷീന ആന്റണി, എന്നിവർ ക്ലാസ്സെടുത്തു. നവജീവൻ പദ്ധതിയുടെ ഭാഗമായി ആലപ്പുഴ രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്ന പരിശീലനത്തിൽ കോർഡിനേ റ്റർ ശ്രീ. ജോജോ, ടാസ്ക് ഫോഴ്സ് വോളിയർ ശ്രീമതി ഷീന ആന്റ ണി എന്നിവർ പങ്കെടുത്തു. 04 ദിവസങ്ങളിലായി നടന്ന പരിശീല നത്തിൽ Early Warning, ക്യാമ്പ് മാനേജ്മെന്റ്, ഫയർ ആൻഡ് റെസ്ക്യൂ ഓപ്പറേഷൻസ്, ഫസ്റ്റ് എയ്ഡ് എന്നിവയിൽ പ്രായോഗിക പരി ശീലനം ലഭിച്ചു.

**ആശാകിരണം**

ആശാകിരണം പദ്ധതിയുടെ ഭാഗമായി SWS യൂണിറ്റുകൾ വഴി വസ്ത്രങ്ങൾ ശേഖരിക്കുകയും ആവശ്യക്കാർക്ക് എടുക്കാ വുന്ന രീതിയിൽ ക്രമീകരിക്കുകയും ചെയ്തു. കണിയാമ്പറ്റ, ചെറു കാട്ടൂർ, പയ്യംപള്ളി എന്നീ SWS അംഗങ്ങളുടെ നേതൃത്വത്തി

ലാണ് പാവപ്പെട്ടവർക്ക് വേണ്ടിയുള്ള വസ്ത്രങ്ങൾ ശേഖരിച്ചത്. എടയൂർക്കുന്ന് SWS ന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗങ്ങൾ ക്കായി സ്തനാർബുദത്തെ കുറിച്ചുള്ള ക്ലാസിൽ 40 അംഗങ്ങൾ പങ്കെടുത്തു. ക്ലാസ്സിന് ഫീൽഡ് കോഡിനേറ്റർ ശ്രീമതി ആലീസ് സിസിൽ നേതൃത്വം നൽകി.

**ജീവസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്ത പ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ സാമ്പത്തിക വർഷം 1000 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകിവരുന്നു. കഴിഞ്ഞ മാസത്തിൽ 2,99,492 രൂപ ഇൻഷൂറൻസ് ആനുകൂല്യമായി ലഭിച്ചു.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീ കരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ് മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മായി മുന്നോട്ടു പോകുന്നു.

**ക്ഷേമനിധി**

തയ്യൽ തൊഴിലാളി ക്ഷേമനിധി, കെട്ടിട നിർമ്മാണ ക്ഷേമനിധി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി എന്നീ ക്ഷേമപദ്ധതി കളുടെ പുതുക്കൽ നടപടി തുടരുന്നു. ക്ഷേമനിധിയിൽ അംഗത്വം എടുത്ത 03 പേർക്ക് വിവാഹ ധനസഹായത്തിനും ഒരംഗത്തിന് പ്രസവാനുകൂല്യത്തിനും അപേക്ഷ സമർപ്പിച്ചു.

**സ്വാവലംബൻ**

കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ സ്വാവലംബനിൽ ചേർന്ന വർക്ക് ഈ മാസം 05 പേർക്ക് അറുപതു വയസ്സ് പൂർത്തിയായതിനെ തുടർന്ന് പദ്ധതി ക്ലയിം തുക ലഭിക്കുകയുണ്ടായി. 123 പേർക്ക് ഇതിനോടകം തുക ലഭിച്ചു. സ്വാവലംബനിൽ ചേർന്നവരുടെ 2021-22 ലെ പുതുക്കൽ നടപടി തുടരുന്നു. ജനുവരി 15 നുള്ളിൽ പുതുക്കൽ നടപടികൾ പൂർത്തിയാക്കണമെന്ന് അറിയിക്കുന്നു.

**ഇശ്രം പോർട്ടൽ (e-shram portal)**

രാജ്യത്തെ മുഴുവൻ അസംഘടിത തൊഴിലാളികൾക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകുന്നതിനായി സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര സർക്കാർ ആരംഭിച്ച പോർട്ടലാണ് ഇശ്രം പോർട്ടൽ. ഡിസംബർ 31ന് മുൻപായി ഇ.എസ്.ഐ, ഇ.പി.എഫ്. ഇല്ലാത്ത എല്ലാവരും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫാ. പോൾ കൂട്ടാല**

ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി രാജ്യത്ത് സജീവമായികൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജൈവഉത്പന്നങ്ങളുടെ കയറ്റുമതി സാധ്യതയെ ഉപയോഗപ്പെടുത്തികൊണ്ട് വയനാട്ടിലെയും നീലഗിരിയിലെയും കർഷകരെ ഉൾപ്പെടുത്തി ബയോവിൻ അഗ്രോ റിസർച്ചിന്റെ നേതൃത്വത്തിലുള്ള ജൈവകൃഷി സാക്ഷ്യപത്രലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറികൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18451 കർഷകരാണ് 1110 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ നടക്കുകയും മീറ്റിംങ്ങുകളിൽ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**കൃഷിയിട സന്ദർശനം**

മികവുറ്റ രീതിയിൽ ജൈവകൃഷി ചെയ്യുന്ന തോട്ടങ്ങൾ കണ്ടെത്തുകയും അവ മോഡൽ ഫാമുകളാക്കി മാറ്റുന്നതിന്റെയും ഭാഗമായി ഫീൽഡ് കോർഡിനേറ്റർമാർ കൃഷിയിടങ്ങൾ സന്ദർഷിക്കുകയും കർഷകരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അറിയുകയും, ഗ്രൂപ്പ് മീറ്റിംങ്ങുകളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത, സംഭരണ രീതി, ഉത്പ്പന്നങ്ങൾ ശേഖരിക്കുന്നത് എവിടെയൊ

ക്കെയാണ് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുകയും ചെയ്തു.

**ഇന്റേണൽ ഇൻസ്പെക്ഷൻ ആരംഭിച്ചു.**

ജൈവകൃഷി സാക്ഷ്യപത്ര പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും ജൈവ മാനദണ്ഡങ്ങൾക്കനുസൃതമായ പ്രവർത്തികളാണോ നടക്കുന്നത് എന്ന് വിലയിരുത്തുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ഇന്റേണൽ ഇൻസ്പെക്ടർമാർ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സാന്നിധ്യത്തിൽ മുഴുവൻ പഞ്ചായത്തുകളിലും ഇന്റേണൽ ഇൻസ്പെക്ഷൻ ആരംഭിച്ചു. പരിശീലനം ലഭിച്ച ഇന്റേണൽ ഇൻസ്പെക്ടർമാരാണ് കൃഷിയിടങ്ങളിൽ പരിശോധന നടത്തി വരുന്നത്.

**ഓർഗാനിക് ഓഡിറ്റ് (കൃഷിയിട പരിശോധന)**

ജൈവകൃഷി സാക്ഷ്യപത്രം പുതുക്കുന്നതിന്റെ ഭാഗമായി ICS കളിൽ സർട്ടിഫിക്കേഷൻ ഏജൻസിയുടെ ഓർഗാനിക് സർട്ടിഫിക്കേഷൻ ഓഡിറ്റ് നടന്നു വരുന്നു. സർട്ടിഫിക്കേഷൻ ഏജൻസിയായ ലാക്കോണിൽ നിന്നും ഓഡിറ്റർമാരായ ശ്രീ. എൽദോസ് കെ. എസ്. അജയ് ഘോഷ് എന്നിവർ ഓഡിറ്റുകൾക്ക് നേതൃത്വം നൽകി. ഫീൽഡ് തല കൃഷിയിട/ ഡോക്യുമെന്റ് ക്രമീകരണങ്ങൾക്ക് ശ്രീ വിനീഷ് മാത്യു, ശ്രീ ജോസ് പോൾ, ശ്രീമതി രമ്യ എന്നിവർ നേതൃത്വം നൽകി വരുന്നു. ഇതുവരെ 39 ICS കളുടെ ഓഡിറ്റ് പൂർത്തീകരിച്ചു. അവശേഷിക്കുന്ന 09 ICS കളുടെ ഓഡിറ്റ് ഫീൽഡ് തലത്തിൽ നടന്നു വരുന്നു.

**നീറ്റുകക്ക വിതരണം നടത്തി**

ഫെയർട്രേഡ് പ്രീമിയം പ്രോജക്റ്റിന്റെ ഭാഗമായി വൊഫ, കഫേ എന്നീ സംഘടനകളിൽപ്പെട്ട കർഷകർക്കായി സൗജന്യ നിരക്കിൽ നീറ്റുകക്ക വിതരണം ചെയ്തു. വൊഫയിൽ ഉൾപ്പെടുന്ന പുൽപ്പള്ളി, മുള്ളൻകൊല്ലി, പൂതാടി, മാനന്തവാടി, പനമരം, പഞ്ചായത്തുകളിൽ നവംബർ മാസം നീറ്റുകക്ക വിതരണം ചെയ്തു. കഫയിൽ ഉൾപ്പെടുന്ന 8000ത്തോളം കർഷകർക്കുള്ള നീറ്റുകക്ക വിതരണം നവംബർ മാസത്തോടെ പൂർത്തീകരിച്ചു.

**VFC ഗ്രാന്റിനായി അപേക്ഷ ക്ഷണിച്ചു**

വൊഫ, കഫേ എന്നീ സംഘടനകളിൽ ഉൾപ്പെടുന്ന കർഷക ഗ്രൂപ്പുകളിൽ നിന്നും VFC ഗ്രാന്റിനായി അപേക്ഷ ക്ഷണിച്ചു.

ഗ്രൂപ്പുകളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനും ശാക്തീകരണത്തിനുമായാണ് ഗ്രാന്റ് നൽകുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പുകൾക്ക് 5000 രൂപ വീതമാണ് ലഭ്യമാവുക.

**ടാർപോളിൽ ഷീറ്റ് വിതരണം ചെയ്തു**

ഗുണമേന്മയുള്ള ടാർപോളിൽ ഷീറ്റുകൾ ആവശ്യപ്പെട്ട കർഷകർക്കായി മിതമായ നിരക്കിൽ മുഴുവൻ പഞ്ചായത്തുകളിലും വിതരണം ചെയ്തു.

**അധിക വില വിതരണം ചെയ്തു**

ഉത്പന്നത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടെ സംഘടന നടപ്പിലാക്കി വരുന്ന അധിക വില വിതരണം ആരംഭിച്ചു. നൽകിയ ഉത്പന്നത്തിനാനുപാധികമായാണ് അധിക വില ലഭ്യമാവുക. തവിഞ്ഞാൽ, അമ്പലവയൽ, നെന്മേനി, പുൽപ്പള്ളി, മുള്ളൻകൊല്ലി, മുട്ടിൽ, കോട്ടത്തറ, തരിയോട്, മൂപ്പൈനാട്, കൽപ്പറ്റ എന്നിവിടങ്ങളിലെ അധിക വില വിതരണം പൂർത്തീകരിച്ചു.

**NA-PP പരിശീലന പരിപാടി**

നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നവംബർ മാസം 11, 12 തീയതികളിൽ കൽപ്പറ്റയിൽ വച്ച് നടന്ന ട്രെയിനിംങ് പ്രോഗ്രാമിൽ കഫേയെ പ്രതിനിധീകരിച്ച് ചെയർമാൻ ഫാ. ബിനു പൈനുങ്കൽ, വൈസ് ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിൽ, കോർഡിനേറ്റർ ശ്രീ. ബിബിൻ ജോയ് എന്നിവരും വൊഫയെ പ്രതിനിധീകരിച്ച് സെക്രട്ടറി ശ്രീ. ജോയി പരിയാരത്ത്, കോർഡിനേറ്റർ ശ്രീ. വിനീഷ് മാത്യു എന്നിവരും പങ്കെടുത്തു.

**ഡോക്യുമെന്ററി ചിത്രീകരണം**

നടപ്പിലാക്കി വരുന്ന ഫെയർട്രേഡ് പ്രീമിയം പ്രോജക്ടുകളിൽ കർഷകർക്കിടയിൽ വരുത്തിയ മാറ്റങ്ങൾ ജനശ്രദ്ധയാകർഷിക്കുന്നവയാകയാൽ ഫെയർട്രേഡ് ഇന്റർനാഷണലിന്റേയും NA-PPന്റെയും നേതൃത്വത്തിൽ സംഘടനാ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കുന്ന ഡോക്യുമെന്ററിയുടെ ചിത്രീകരണം നവംബർ മാസം പൂർത്തീകരിച്ചു.

**സംഭരണം**

പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും നവംബർ മാസം 3249 കിലോ കുരുമുളക് 585 രൂപ നിരക്കിലും 16073 കിലോ

ഞാലിപ്പൂവൻ വാഴക്കുല 30 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങളിൽ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രൊസസ്സിംഗ് സെന്റർ നവംബർ മാസത്തിലും കാപ്പി, കുരുമുളക്, കൈതച്ചക്ക, വാഴപ്പഴം, ഇഞ്ചി തുടങ്ങിയവ സംസ്ക രിക്കുകയും ഇതിനായി 846 തൊഴിൽ ദിനങ്ങൾ പ്രയോജനപ്പെടു ത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസ രണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തുവരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**മാധ്യമ ശില്പശാല**

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് വയനാട് പ്രസ് ക്ലബിന്റെ സഹകരണത്തോടെ വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നതിനെതിരേ ജാഗ്രതയുള്ളവരാകുന്നതിന് മാധ്യമപ്രവർത്തകർക്കായി ഡിസംബർ 2 ന് കല്പറ്റ വൈൻഡ് വാലി ഓഡിറ്റോറിയത്തിൽ നടത്തിയ മാധ്യമ ശില്പശാലയിൽ ജോസഫ് പള്ളത്ത് ഏച്ചോം, റെനീഷ് ജോർജ് എന്നിവർ പങ്കെടുത്തു.

**കമ്മ്യൂണിറ്റി റേഡിയോ സമ്മേളനം**

കമ്മ്യൂണിറ്റി റേഡിയോകളുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും വിവിധ മേഖലകളിൽ അവാർഡ് നേടിയ റേഡിയോ സ്റ്റേഷനുകളെ അനുമോദിക്കുന്നതിനുമായി മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ആന്റ് ബ്രോഡ് കാസ്റ്റിംഗിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 4 ന് നടത്തിയ വെബിനാറിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു.

**വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയ അംഗങ്ങളുമായി കൂടികാഴ്ച.**

നവംബർ 23 ന് ഡൽഹിയിൽ വെച്ച് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിലെ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, കമ്മ്യൂണിറ്റി റേഡിയോ സെൽ (മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ്) ടെലികോം ഡിപ്പാർട്മെന്റിലെ വയർലെസ്സ് പ്ലാനിംഗ് & കോർഡിനേഷൻ വിംഗ് അസി. വയർലെസ് അഡ്വൈസർ രമേഷ് ചന്ദ്ര മാലിക് എന്നിവരുമായി സ്റ്റേഷൻ ഡയറക്ർ ഫാ. ബിജോ കറുകപ്പിള്ളി കൂടികാഴ്ച നടത്തി. കമ്മ്യൂണിറ്റി റേഡിയോയുടെ ലൈസൻസ്, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച നടത്തി.

**ഫ്രോഡ് അവയർനെസ്സ് വെബിനാർ**

ഡിസംബർ 7 ന് യൂണിസെഫിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഫ്രോഡ് അവയർനെസ്സ് വെബിനാറിൽ റേഡിയോ മാറ്റൊലി

അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസ് കാവുങ്കൽ, സ്റ്റാഫംഗങ്ങളായ സിന്ധു ജസ്റ്റിൻ, വിജി സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

**ഡയറക്ടേഴ്സ് മീറ്റിംഗ്**

ഡിസംബർ 2 ന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വെച്ച് നടന്ന മാനന്തവാടി രൂപതയിലെ സന്നദ്ധ സംഘടനകളുടെ ഡയറക്ടർമാരുടെ യോഗത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**പഠനസന്ദർശനം**

കർണാടക സെൻട്രൽ യൂണിവേഴ്സിറ്റിയിലെ ജേർണലിസം വിദ്യാർത്ഥികൾ അനുശ്രീ ഇ, അപർണ ചന്ദ്രൻ എന്നിവർ നവംബർ 22 ന് കമ്മ്യൂണിറ്റി റേഡിയോയെകുറിച്ച് പ്രൊജക്ട് ചെയ്യുന്നതിനായി വന്നു.

പിലാത്തറ സെന്റ് ജോസഫ്സ് കോളേജ് വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി നവംബർ 26 ന് മാറ്റൊലി സന്ദർശിച്ചു.

**തത്സമയ ഫോൺ ഇൻ പരിപാടി**

കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകളേക്കുറിച്ച് ശ്രോതാക്കൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി നവംബർ 25 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ പി. സാജിത അസി. കോർഡിനേറ്റർ വാസു പ്രദീപ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു.

**പ്രോഗ്രാമുകൾ**

ശ്രുതിലയതാളം എന്ന പ്രോഗ്രാം പ്രക്ഷേപണം ആരംഭിച്ചു. അമിത സന്തോഷ് ആണ് പ്രോഗ്രാം ചെയ്യുന്നത്.

**അന്നവിചാരം മുന്നവിചാരം**

അന്നവിചാരം മുന്നവിചാരം എന്ന പേരിൽ പ്രത്യേക ആയുർവേദ പ്രോഗ്രാം പ്രക്ഷേപണം ചെയ്തു.

**സന്മനസുള്ളവർക്കു സമാധാനം**

സന്മനസുള്ളവർക്കു സമാധാനം എന്ന പ്രത്യേക ക്രിസ്തുമസ് ചിന്തകൾ പ്രക്ഷേപണം ആരംഭിച്ചു. മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ആദ്യദിന സന്ദേശം നൽകി.

**കരുതൽ - കോളനി സന്ദർശനം**

യൂണീസെഫിന്റെ സാമ്പത്തികസഹായത്തോടെ നടപ്പിലാക്കുന്ന വാക്സിനേഷൻ ബോധവത്കരണ പരിപാടിയായ 'കരുതൽ'

പ്രൊജക്ടിന്റെ ഭാഗമായി വള്ളിയൂർക്കാവ് കാവണ, കോളിയാട്ട് കോളനികൾ ഡിസംബർ 4 ന് സന്ദർശിക്കുകയും ബോധവൽക്കരണ ക്ലാസ് നടത്തുകയും ചെയ്തു. ഡിസംബർ 10 ന് ദ്വാരക പുലിക്കാട് അയനിമൂല, വെങ്കിലാട്ട്, കോളിയേരി എന്നീ കോളനികളിലും സന്ദർശനം നടത്തുകയും ബോധവൽക്കരണ ക്ലാസ് നൽകുകയും ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക്നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**ഭക്ഷ്യ കിറ്റ് വിതരണം**

കോവിഡ് മാഹാമാരിയുടെ അനന്തര ഫലങ്ങൾ സമൂഹത്തെ ഗ്രസിച്ചുക്കൊണ്ടിരിക്കുന്ന ദിനങ്ങളിലൂടെ ആണല്ലോ നാം കടന്ന് പോയിക്കൊണ്ടിരിക്കുന്നത്. വളരെ പ്രത്യേകമായി സാധാരണ ജനങ്ങൾ അനുദിനജീവിതച്ചിലവുകൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നു. ഈ സാഹചര്യത്തിൽ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ Church In Need, Asia, Wayanad Social Service Society എന്നിവരുമായി ചേർന്ന് കോവിഡ് പ്രതിസന്ധിയുടെ അനന്തര ഫലങ്ങളാൽ സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന 100 കുടുംബങ്ങൾക്ക് 1000 രൂപ മൂല്യമുള്ള അവശ്യ സാധനങ്ങൾ അടങ്ങിയ ഭക്ഷ്യകിറ്റ്വിതരണം ചെയ്തു. കൈയ്യൂന്നി, വിമലഗിരി, മൺവയൽ, ബോസ്പാറ, അരുൾനിലയം, ധർമഗിരി, ആറാട്ടുപാറ എന്നീ പ്രദേശങ്ങളിലാണ് കിറ്റ് വിതരണം നടത്തിയത്. ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ അസിസ്റ്റൻറ്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മേഖല കോർഡിനേറ്റർ ലിന്റോ പാട്ടശ്ശേരിയിൽ എന്നിവർ വിവിധ ഇടങ്ങളിലെ റിലീഫ് കിറ്റ് വിതരണത്തിന് നേതൃത്വം നൽകി.

**സ്വയം തൊഴിൽ തുടങ്ങുവാനുള്ള ധനസഹായ വിതരണം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള അംഗങ്ങൾക്ക് സ്വയം തൊഴിൽ തുടങ്ങുന്നതിനായി മേഖലയിൽ നിന്നും ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ചു. ഒരു യൂണിറ്റിന്

50,000 രൂപ വീതമാണ് നൽകുന്നത്. വിമലഗിരി, അരുൾനിലയം, ആറാട്ടുപാറ എന്നീ യൂണിറ്റുകളിൽ ധനസഹായ വിതരണം പൂർത്തി യായി.

**മേഖലാ ഇവാലുവേഷൻ മീറ്റിംഗ്**

ഈ മാസത്തിലെ ഇവാലുവേഷൻ മീറ്റിങ് 11/12/2021, ശനി യാഴ്ച്ച NDS ഓഫീസിൽവെച്ച് നടത്തപ്പെട്ടു. മേഖലാ കോഡിനേ റ്റർ ശ്രീ. ലിൻറ്റോ ജോൺ മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റി, ഉത്ഘാടനം ചെയ്യുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. യൂണിറ്റ് ഇവാലു വേഷൻ മീറ്റിങ് എല്ലാ മാസവും കൃത്യമായി നടത്തണമെന്നും യൂണിറ്റിലെ എല്ലാ ഗ്രൂപ്പുകളിലും നിന്ന് ചുരുങ്ങിയത് 2 പേരെങ്കിലും പങ്കെടുക്കുന്നുവെന്ന് യൂണിറ്റ് ഭാരവാഹികൾ ഉറപ്പ് വരുത്തുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചു. സ്വയം തൊഴിൽ തുടങ്ങുന്നതിന് മേഖലയിൽ നിന്നും ഓരോ യൂണിറ്റിനും നൽകുന്ന സാമ്പത്തിക സഹായത്തെ കുറിച്ചു അവരെ അറിയിച്ചു. വ്യക്തികൾക്കോ ഗ്രൂപ്പു കൾക്കോ ആണ് യൂണിറ്റിന്റെ ഉത്തരവാദിത്വത്തിൽ സാമ്പത്തിക സഹായം നൽകുക. അർഹരായ ഗുണഭോക്താക്കളെ യൂണിറ്റ് എക്സിക്യുട്ടീവ് തിരഞ്ഞെടുക്കണം എന്ന് നിർദ്ദേശിച്ചു. ഈ മാസത്തെ ടാർജറ്റ് ആയി എല്ലാ യൂണിറ്റുകളും, യൂണിറ്റുകളുടെ കീഴിലുള്ള എല്ലാ സ്വാശ്രയ ഗ്രൂപ്പുകളും ചുരുങ്ങിയത് ഒരു പാവ പ്പെട്ട കുടുംബത്തിനെങ്കിലും ക്രിസ്മസിനോടനുബന്ധിച്ചു ഭക്ഷ്യ കിറ്റ് കൊടുക്കണമെന്ന് നിർദ്ദേശിച്ചു.

**ജൈവ പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി NDS**

അടുക്കളപച്ചക്കറി തോട്ട നിർമ്മാണ മത്സരം നടത്തുന്നു. ഇതിനായി പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ എത്ര വേണം എന്ന് യൂണിറ്റുകൾ ഉടനെ അറിയിക്കണമെന്ന് നിർദ്ദേശിച്ചു. യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അതാത് യൂണിറ്റ് ഭാരവാഹികൾ അവതരിപ്പിക്കുകയും മീറ്റിംഗിൽ അതിനെ വിലയി രുത്തി സംസാരിക്കുകയും, യൂണിറ്റുകൾ ചെയ്ത മികച്ച പ്രവർ ത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

**NDS മേഖലാ തല ക്രിസ്തുമസ് ആഘോഷം**

NDS ന്റെ മേഖലാ തലത്തിലുള്ള ക്രിസ്തുമസ് ആഘോഷം 11.12.2021 ന് NDS ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. ആഘോഷങ്ങൾക്ക് NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ നേതൃത്വം നല്കി. അച്ചൻ ക്രിസ്തുമസ് കേക്ക് മുറിക്കുകയും, ക്രിസ്തുമസ് സന്തോഷം പങ്കുവയ്ക്കുകയും ചെയ്തു. എല്ലാ യൂണിറ്റുകളും, യൂണിറ്റുകളുടെ കീഴിലുള്ള എല്ലാ സ്വാശ്രയ ഗ്രൂപ്പുകളും ചുരുങ്ങിയത് ഒരു പാവപ്പെട്ട കുടുംബത്തിനെങ്കിലും ക്രിസ്മസിനോടനുബന്ധിച്ചു ഭക്ഷ്യ കിറ്റ് കൊടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. NDS അസിസ്റ്റൻറ്റ് ഡയറക്ടർ ബഹു. ഫാ. അനൂപ് കൊല്ലംകുന്നേൽ ക്രിസ്മസ് സന്ദേശം നൽകി.

**സ്വയം തൊഴിൽ പരിശീലനം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ യൂണിറ്റുകളിൽ വിവിധ സ്വയം തൊഴിൽ പരിശീലനങ്ങൾ നൽകുന്നു. സോപ്പ് ഡിറ്റെർജെൻറ്റ് നിർമ്മാണം, പേപ്പർ ബാഗ്, തുണി സഞ്ചി നിർമ്മാണം,കുട നിർമ്മാണം എന്നിവയ്ക്കാണ് പരിശീലനം നൽകുന്നത്. ഇതിന്റെ ഭാഗമായി ധർമഗിരി യൂണിറ്റിൽ പേപ്പർ ബാഗ്, തുണി സഞ്ചി എന്നിവ നിർമ്മിക്കുന്നത്തിനായുള്ള മൂന്ന് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. ധർമഗിരി യൂണിറ്റ് ഡയറക്ടർ ഫാ. റോബിൻ പടിഞ്ഞാറയിൽ ഉത്ഘാടനം ചെയ്തു. ശ്രീ. ആന്റണി ദേവാല ട്രെയിനിങ്ങിനു നേതൃത്വം നൽകി. സ്വയം തൊഴിൽ വഴി സാമൂഹിക സാമ്പത്തിക മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിനെക്കുറിച്ചും, ഇപ്രകാരം നിർമിക്കുന്ന വസ്തുക്കളുടെ വിപണന സാധ്യതകളെക്കുറിച്ചും NDS ട്രെയിനർ ശ്രീ. ജൂഡ് മാർട്ടിൻ ക്ലാസെടുത്തു. ധർമഗിരി യൂണിറ്റിലെ വിവിധ ഗ്രൂപ്പുകളിൽ നിന്നായി മുപ്പതോളം പേർ ട്രെയിനിങ്ങിൽ പങ്കെടുത്തു.

**യൂണിറ്റ് സന്ദർശനം**

NDS ന്റെ നേതൃത്വത്തിൽ യൂണിറ്റുകളിൽ നടന്നുകൊണ്ടിരിക്കുന്നു. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, റെക്കോർഡുകൾ പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനുമായാണ് വിസിറ്റ് നടത്തുന്നത്. അതോടൊപ്പം

എല്ലാ യൂണിറ്റ്, SHG ഭാരവാഹികളെയും കാണുകയും പ്രവർത്തന ങ്ങൾ വിലയിരുത്തുകയും പുതിയ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അഭിപ്രായങ്ങൾ നൽകുകയും, പുതിയ സാധ്യതകളെ അവർക്ക് പരി ചയപ്പെടുത്തുകയും ചെയ്യുന്നു. പ്രത്യേകമായി ക്രെഡിറ്റ് യൂണിയൻ സംവിധാനം കൂടുതൽ സജീവമാക്കാനും പരമാവധി ആളുകളെ ഇതിന്റെ ഗുണഭോക്താക്കളാക്കാനും നിർദ്ദേശം നൽകുന്നു. NDS അസ്സിസ്റ്റൻറ്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മേഖല കോർഡിനേറ്റർ ലിൻറ്റോ പാട്ടശ്ശേരിയിൽ എന്നിവരാണ് യൂണിറ്റ് സന്ദർശനങ്ങൾക്ക് നേതൃത്വത്തെ നൽകുന്നത്. നവംബർ മാസത്തിൽ ബോസ്പാറ, വിമലഗിരി, മൺവയൽ യൂണിറ്റുകളിലാണ് സന്ദർശനം നടത്തിയത്.

എല്ലാവർക്കും നന്മ നിറഞ്ഞ ഒരു ക്രിസ്മസ് കാലവും ദൈവാനു ഗ്രഹസമ്പന്നമായ പുതുവത്സരവും ഹൃദയപൂർവ്വം നേരുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**November – December 2021**

**1. IQAC**

Organized an Induction and Orientation programme for the 1st year PG Students on 15th November 2021. Dr. Maria Martin Joseph delivered the Principal's address and Rev. Fr. George Myladoor delivered the Manager's address.

Organized an Induction and Orientation programme for first year degree students from 17 to 19 November 2021. Orientation regarding co-curricular and extra-curricular activities was given to the students.

IQAC in collaboration with Mananthavady Municipality organized a seminar and colloquium to commemorate the 217th anniversary of the martyrdom of Pazhassi Raja. The programme was inaugurated by Prof. Raghava Varier (Eminent historian and former HOD, Dept. of History Calicut University).

Bishop Mar. Emmanuel Pothanamuzhy Memorial Endowment Lecture was delivered by Dr. P. J. Vincent (Eminent historian and Controller of Examinations, Kannur University) on 24 November 2021.

Organized a district level training programme for the college administrative staff on 14 December 2021. The topic was "New Pension Scheme – PRISM" and Sri. A. V. Krishnan (Accounts Officer, DDE, Kozhikode) and Mr Robin were the resource person.

**2. Examinations**

Second semester PG Examination commenced on 24th November 2021.

**3. NSS**

Conducted an orientation programme on the topic Personality

Development on 20th November 2021. Adv. Joseph T. J. (Advocate, Taluk Legal Service Committee, Mananthavady) was the resource person.

Conducted a debate competition for the volunteers on the topic " Sthreedanam venamo vendayo" on 20th November 2021.

Conducted an orientation programme on the topic ragging and cyber crime on 4th December 2021. Adv. Sajimon Mathew (Advocate, Taluk Legal Service Committee, Mananthavady) was the resource person.

**4. ASAP**

Conducted an orientation and training programme for the first year degree students on 17th, 18th and 30th November 2021. Mr. Anto Jose (Programme Manager, ASAP Wayanad), was the resource person.

**5. Department of Social Science**

The Department in association with IQAC celebrated constitution day on 26th November 2021. The students of Department presented paper on Indian Constitution. A quiz competition on the topic "Indian Constitution" was also conducted.

**6. Department of Zoology**

The department in association with IQAC celebrated "National Pollution Day" on 2nd December 2021. Poster making competition, best out of waste and photography competitions were held as part of the national pollution control day celebration.

**7. Department of Computer Science**

The Department in association with IQAC organized World Computer Literacy Day Programme on 2nd December 2021. Coding Spirit competition and computer quiz was conducted.

PG Department of Computer Science in association with IQAC organized a student enrichment programme on 7th December 2021. Mr. Binoy Joseph, Assistant professor Dept. of Mathematics, was the resource person and the topic was "Quantitative Aptitude and Reasoning for competitive exams".

**8. Dr. Sijo A. K:** Listed as a Scientist (11th rank in Kannur University) in World University and Scientist rankings 2021 released by AD Scientific Index ranking for Scientists.Top reviewer status Applied Physics A (Springer Nature Publications).

**9. Dr. Eldho K. J.:** Completed 4 week Faculty Induction Programme (FIP) from 19th October to 18th November 2021conducted by Teaching Learning Centre, Ramanujan College, University of Delhi, in collaboration with Shaheed Sukhdev College of Business Studies under the aegis of Ministry of Education Pandit Madan Mohan Malaviya National Mission on Teachers and Teaching.

Attended Board of Studies Meeting: Computer Science at Christ College Irinjalakuda on 23rd October 2021.

**10. Dr. Ramya Krishnan M., Mrs Rajitha Xavior and Mr. Regi Francis:** Participated in the National Webinar on "Using Mendeley for Systematic Review" on 27th November 2021 organized by IQAC of St. Mary's College, Sulthan Bathery.

**11. Mr. Regi Francis :** Participated in the Two Days Online Workshop on *"EMPOWERING RURAL CONSUMERS"* during 19-20 Nov 2021 organized by PG & Research Department of Commerce, Periyar E.V.R. College, Tiruchirappalli.

**12. Mr. Toby Joseph:** Delivered a lecture on academic Writing and Literary research at Don Bosco College, Angadikadavu on 9th December 2021.

**Maria Martin Joseph**

Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യഭ്യാസ ഏജൻസിയുടെ ആഭിമുഖ്യത്തിൽ വിദ്യർത്ഥികൾക്കായി ഒരുക്കിയ C- Smiles പ്ലാറ്റ്ഫോമിൽ ക്രിസ്തുമസ് കാലം അവിസ്മരണീയമാക്കാൻ എൽ. പി. വിഭാഗത്തിന് പുൽക്കൂട് നിർമാണം, യു. പി വിഭാഗത്തിന് കരോൾ ഗാനമത്സരം, ഹൈസ്കൂൾ വിഭാഗത്തിന് ഡാൻസിങ് സാന്താക്ലോസ്, ഹയർസെക്കണ്ടറി വിഭാഗത്തിന് നക്ഷത്ര നിർമാണം എന്നിങ്ങനെ വ്യത്യസ്തങ്ങളായ മത്സരങ്ങൾ ഒരുക്കിയിരിക്കുന്നു. മത്സരങ്ങളിലെ വിജയികൾക്ക് ആകർഷകമായ ക്യാഷ് പ്രൈസാണ് സമ്മാനമായി നൽകുക.

വിവിധ ഹയർസെക്കണ്ടറി വിദ്യാലയങ്ങളിലെ അധ്യാപകരുടെ സ്ഥലം മാറ്റവും പ്രസതുത അധ്യാപകരുടെ ഒഴിവിലേക്കുള്ള അധ്യാപകനിയമനങ്ങളും ഡിസംബർ 13,14 തിയതികളിലായി നടന്നു.

**വിദ്യാലയ വാർത്തകൾ**

**1 സെന്റ് കാതറിൻസ് ഹൈസ്കൂൾ പയ്യംപള്ളി**

വിദ്യാരംഗം കലാസാഹിത്യവേദി മലപ്പുറം ജില്ലാസമിതി സംസ്ഥാന തലത്തിൽ അധ്യാപകർക്കായി നടത്തിയ സുഹ്റ പടിപ്പുര സ്മാരക കവിതാരചന മത്സരത്തിൽ വിദ്യാലയത്തിലെ മലയാളം അധ്യാപിക ശ്രീമതി സ്റ്റെല്ല മാത്യു ഒന്നാം സ്ഥാനം നേടി. വയനാട് ജില്ലാ ശാസ്ത്രരംഗം മത്സരത്തിൽ ശാസ്ത്രഗ്രന്ഥാസ്വാദനം ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ആരോഗ്യമുള്ള പുതുതതലമുറയെ സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ഒന്ന് മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ, ബാസ്കറ്റ് ബോൾ എന്നീ ഗെയിമുകളിലും അത്‌ലറ്റിക്സിലും കായിക അധ്യാപകയുടെ നേതൃത്വത്തിൽ ചിട്ടയായ പരിശീലനം നൽകി വരുന്നു. വിദ്യാർത്ഥികൾക്കാവശ്യമായ പുതിയ ടോയ്‌ലറ്റ് ബ്ലോക്ക് നിർമിച്ചു.

**2 സെന്റ് തോമസ് യു.പി. സ്കൂൾ തവിഞ്ഞാൽ**

ദീർഘമായ ഇടവേളയക്ക്ശേഷം വിദ്യാലയത്തിലേയ്ക്ക് കട ന്നെത്തുന്ന വിദ്യാർത്ഥികൾക്കായി വിദ്യാലയത്തിന്റെ ചുമരുകൾ വർണാഭമാക്കി ശ്രദ്ധേയമായി. ഒരുവട്ടം കൂടി എന്ന പേരിൽ തവി ഞ്ഞാൽ സെന്റ് തോമസ് യു. പി സ്കൂളിൽ 1986 മുതൽ 1993 വരെ പഠിച്ച പൂർവ്വ വിദ്യാർത്ഥികളുടെ സംഗമത്തിന്റെ ഭാഗമായാണ് വിദ്യാർഥികളുടെ കൂട്ടായ്മ സ്കൂൾ ഭിത്തി ചിത്രങ്ങൾ വരച്ച് മനോ ഹരമാക്കിയത്.

**3 സെന്റ് തോമസ് എച്ച്. എസ്. എസ്. നടവയൽ**

നവീകരിച്ച പാചകപ്പുര, വിവിധയിടങ്ങളിലേക്കായി നിർമിച്ച ഇന്റർലോക്ക് ചെയ്ത പാതകൾ, അധ്യാപകർ പെയിന്റ് ചെയ്ത് ആകർഷകമാക്കിയ വിദ്യാലയത്തിലെ ക്ലാസ്സ് മുറികൾ എന്നിവ ഉദ്ഘാ ടനം ചെയ്തു. വിദ്യാലയത്തിൽ നടന്ന സാദരം പരിപാടിയിൽ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകളെ ആദരിക്കു കയും വിദ്യാലയ മികവിലേക്കുള്ള വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അമൃതോത്സവം ദേശഭക്തി ഗാനമത്സര ത്തിൽ ജില്ലയിൽ ഒന്നാം സ്ഥാനവും വൈത്തിരി ഉപജില്ല ശാസ്ത്ര രംഗത്തിന്റെ വിവിധ മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടി ഉപജില്ലയിൽ മികച്ച നേട്ടം കൈവരിക്കുകയും ചെയ്തു.

**4 സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

നവംബർ 14-ന് ശിശുദിനത്തോടനുബന്ധിച്ചു പ്രീ പ്രൈമറി യിലെയും ഒന്നാം ക്ലാസ്സിലെയും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കുട്ടിക്കൂട്ടവും ദീപുമാഷും എന്ന ഓൺലൈൻ പ്രോഗ്രാം നടത്തി. നവംബർ 29-ന് വിദ്യാലയത്തിലെ നവീകരിച്ച ശാസ്ത്ര ലാബിന്റെയും ലൈബ്രറിയുടെയും ഉദ്ഘാടനം നടത്തപ്പെട്ടു. വിദ്യാർത്ഥി കൾക്കായി SSK ആവിഷ്കരിച്ചു നടപ്പിലാക്കിയ അതിജീവനം - കൗമാര വിദ്യാഭ്യാസത്തിനായി പരിപാടിക്ക് വിദ്യാലയത്തിൽ തുട ക്കമായി.

**5 എ. എൽ. പി. സ്കൂൾ കണിയാരം**

കണിയാരം എ. എൽ. പി. സ്കൂളിൽ ഇംഗ്ലീഷ്, മലയാളം, എക്കോ & ശാസ്ത്രം, അറബി (അലിഫ്), ഗണിതം, ഹെൽത്ത് എന്നീ ക്ലബ്ബുകൾ ഉദ്ഘാടനം ചെയതു.

**6 നിർമല എ. എൽ. പി. സ്കൂൾ ആലാറ്റിൽ**

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥിക

ളുടെ 'വീടുകളിലൊരു പച്ചക്കറിത്തോട്ടം' പദ്ധതിക്ക് തുടക്കമായി. ശിശുദിനാചരണത്തിന്റെ ഭാഗമായി റോസാപ്പൂ മാഗസിൻ പ്രകാശനം ചെയ്തു. ആംഗലേയ ഭാഷ ഞങ്ങൾക്കും അനായാസം എന്ന ആപ്തവാക്യവുമായി ഇംഗ്ലീഷ് ക്ലബ്ബിനു തുടക്കമായി. വിദ്യാലയ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനായി ഹർഷം പത്രം ആരംഭിച്ചു.

**7 അസംപ്ഷൻ എ.യു.പി. സ്കൂൾ, ബത്തേരി**

ശാസ്ത്രരംഗം ഉപജില്ലാ തലത്തിലും ബി. ആർ. സി. തലത്തിലും നടന്ന മത്സരങ്ങളിൽ വിദ്യാർത്ഥികൾ മികച്ച വിജയം കൈവരിച്ചു. വിദ്യാർത്ഥികളെ പി.എസ്. സി. പോലുള്ള മത്സരപരീക്ഷകൾക്ക് ഒരുക്കുന്നതിന്റെ ഭാഗമായി എല്ലാ ആഴ്ചയിലും പൊതുവിജ്ഞാന ക്വിസ് നടത്തിവരുന്നു.

**8 സെന്റ് ജോർജ്ജ് എ. എൽ.പി. സ്കൂൾ കൊളവയൽ**

വിവിധങ്ങളായ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിന്റെ മുഖച്ഛായ മാറ്റുന്ന രീതിയിലുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നു. ഭാരത് സൗകട്ട് ആൻഡ് ഗൈഡ്സ് വയനാട് ജില്ലാതല മത്സരങ്ങളിലും ജില്ലാ ശിശുദിന ക്വിസ് മത്സരത്തിലും വിദ്യാർത്ഥികൾ ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കി. പ്രഭാത അസംബ്ലിക്ക് ശേഷം വിദ്യാർത്ഥികൾക്ക് യോഗപരിശീലനം നൽകിവരുന്നു.

**9 സെന്റ് തോമസ് എ.യു.പി. സ്കൂൾ മുള്ളൻകൊല്ലി**

നവംബർ ഒന്നിന് നടന്ന പ്രവേശനോത്സവദിന പരിപാടികളുടെ ചിത്രങ്ങളിൽ വിദ്യാലയത്തിലെ കുരുന്നുകളുടെ ചിത്രം വയനാട് ജില്ലയിൽ ഒന്നാം സ്ഥാനം നേടി. കേരളപ്പിറവി ദിനാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികളെ അണിനിരത്തി സ്കുൾ ഗ്രൗണ്ടിൽ കേരളസംസ്ഥാനത്തിന്റെ ഭൂപടത്തിന്റെ രൂപരേഖ നിർമിച്ചു. ഭാരത് അമൃത് മഹോത്സവത്തോടനുബന്ധിച്ചു ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. മാലിന്യനിർമാർജ്ജനവുമായി ബന്ധപ്പെട്ട് വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു.

**10 സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

വിദ്യാർത്ഥികളുടെ വീടുകളിൽ പച്ചക്കറി കൃഷിയൊരുക്കുക എന്ന ലക്ഷ്യത്തോടെ 'ഹരിതം' 2021 പരിപാടിക്ക് തുടക്കം കുറിച്ചു. പദ്ധതിയുടെ ഭാഗമായി 1000 പച്ചക്കറിത്തൈകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയതു. കുട്ടികളിൽ വായനശീലം വളർത്തുവാനായി

വായനവസന്തം, 'ക്ലാസ്സിലൊരു ദിനപത്രം' എന്നീ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനായി സ്പോക്കൺ ഇംഗ്ലീഷ് കോച്ചിങ് ക്ലാസുകൾ ആരംഭിച്ചു.

**11 ഫാദർ. ജി.കെ.എം. ഹൈസ്കൂൾ കണിയാരം**

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളുടെയും ഭവന സന്ദർശനം നടത്തി. എട്ട്, പത്ത് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് നവംബർ 12ന് നാഷണൽ അച്ചീവ്മെന്റ് സർവേ നടന്നു. കമ്മ്യൂണിറ്റി ന്യൂട്രീഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ പ്രമേഹരോഗവുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസ് നടത്തി. പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള ലാപ്ടോപ് വിതരണം നടത്തുകയും വിദ്യാർത്ഥികൾക്ക് ഐ.ടി ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു.

**12 എ.യു. പി. സ്കൂൾ ദ്വാരക**

വിദ്യാലയത്തിലെ പുതിയതായി നിർമ്മിച്ച സ്റ്റാഫ്റൂം, പടിപ്പുര, എന്നിവയുടെയും നവീകരിച്ച വിഭാഗങ്ങളുടെയും ഉദ്ഘാടനം നവംബർ 25 ന് നടത്തപ്പെട്ടു. മാനന്തവാടി ഉപജില്ലാ ജില്ലാതല ശാസ്ത്രരംഗം മത്സരങ്ങളിലും അറബിക് അധ്യാപക കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടത്തിയ അറബിക് ടാലന്റ് ടെസ്റ്റിലും വിദ്യാർത്ഥികൾ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു.

**13 സെന്റ് മേരീസ് യു. പി സ്കൂൾ തരിയോട്**

വൈത്തിരി ഉപജില്ലയുടെ ആഭിമുഖ്യത്തിൽ നടന്ന ശാസ്ത്രരംഗം പരിപാടികളിൽ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കി.

**14 സെന്റ് പോൾസ് പി. സകൂൾ പുതിയിടംകുന്ന്**

ശിശുദിനാചാരണത്തിന്റെ ഭാഗമായി വിദ്യാലയത്തിലെത്തുന്ന ഇരു ബാച്ചുകൾക്കും വ്യത്യസ്ത തീയതികളിൽ മത്സരങ്ങൾ നടത്തി. വിദ്യാർത്ഥികൾക്ക് യോഗ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് പച്ചക്കറി കൃഷി ആരംഭിച്ചു.

**15 സെന്റ് ജോസഫ്സ് ഹയർ സെക്കറി സ്കൂൾ കല്ലോടി**

12/11/2021 ന് മാനന്തവാടി രൂപത അധ്യക്ഷൻ മാർ ജോസ് പൊരുന്നേടം വിദ്യാലയത്തിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. ശാസ്ത്രരംഗം ഉപജില്ലാ ജില്ലാതല മത്സരങ്ങളിൽ വിദ്യാർത്ഥികൾ ഉന്നത വിജയം കൈവരിച്ചു. സായുധ സേനാ പതാക ദിനത്തിന് വിദ്യാലയത്തിലെ പൂർവ്വ

വിദ്യാത്ഥികളായ സേനാംഗങ്ങളെ ആദരിച്ചു. കോവിഡ് കാലത്ത് വിദ്യാർത്ഥികൾ തയ്യാറാക്കിയ സൃഷ്ടികളുടെയും ATL ക്ലബ്ബ് അംഗ ങ്ങൾ നിർമ്മിച്ച നൂതന സാങ്കേതിക ഉപകരണങ്ങളുടെയും പ്രദർശനം നടന്നു.

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യഭ്യാസ ഏജൻസിയുടെ കീഴിലുള്ള എല്ല വിദ്യാലയങ്ങളിലും നവീനമായ പദ്ധതികൾ ആവി ഷ്കരിക്കുകയും വിദ്യാർത്ഥികൾ ജില്ലാതലത്തിലും സംസ്ഥാനത ലത്തിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നു. വിദ്യാലയത്തിന്റെ യശഃസ്സിനും ഉയർച്ചയ്ക്കുമായി നിസ്വാർ ത്ഥസേവനം നയിക്കുന്ന അധ്യാപകർക്കും മികവുറ്റ നേട്ടങ്ങളുമായി എന്നും മുൻപന്തിയിൽ നിൽക്കുന്ന വിദ്യാർത്ഥികൾക്കും സമാഗത മാകുന്ന പുതുവർഷത്തിന്റെ ആശംസകൾ നേരുന്നു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



***2022 January***

*1 Saturday........................**Morning:** Kallody: Ordination*
*Bro. Jomin Nakkuzhikkatt*

*3 Monday..........................**Morning:** Kayyunny: Ordination:*
*Bro. Ajeesh Parathukudy SDB*

*4 Tuesday........................ **Mornning:** Theneri: Ordination:*
*Bro. Dipu Thaitharayil C.Ss.R.*
***Afternoon:** Makkiyad:*
*Blessing of C.Ss.R. Residence*

*5 Wednesday....................**Morning:** Chundakkara: Ordination:*
*Bro. Abhishek Oravanamthadathil MCBS*
*& Bro. Lijo Pathickal SJ*

*6 Thu – 15 Sat..................Kakkanad: Syro-Malabar Bishops' Synod*

*16 Sunday........................ Back from Synod*

*17 Monday.......................Out of Station*

*18 Tuesday....................... Kottiyoor: Holy Qurbana &*
*Blessing of Cemetery Chapel*

*21 Friday..........................Out of Station*

*23 Sunday.........................Karackamala:*
*Blessing of renovated Madbaha*

*24 Monday.......................Bishop's House:*
*Holy Qurbana with new priests*

*25 Tuesday......................Kallody: Blessing of School Office*

*28 Friday........................Out of Station*

*30 Sunday........................Shanthigiri: Holy Qurbana*